(9) തിരിച്ചറിയൽ കാർഡിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുവേണ്ടി വകുപ്പ് അദ്ധ്യക്ഷൻമാരും, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ഒരു രജിസ്റ്റർ സൂക്ഷിക്കണം. കാർഡ് ആഭ്യന്തര വകുപ്പിൽ നിന്നും അനുവദിച്ച തീയതി, നമ്പർ, സറണ്ടർ ചെയ്ത് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം, സ്ഥാനമൊഴിഞ്ഞ അധ്യക്ഷൻ സറണ്ടർ ചെയ്ത തീയതി, കാർഡ് നഷ്ടപ്പെട്ട് പോലീസ് സ്റ്റേഷനിൽ വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരം, സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്ത തീയതി മുതലായവ പ്രസ്തുത രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരുന്ന മാർഗനിർദ്ദേശങ്ങൾക്ക് പകരമുള്ളതാണ് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ.

II. ***തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പ്രകാരം സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കൽ:***

(1) തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഓരോ അംഗവും അദ്ദേഹത്തിന്റേയും അദ്ദേഹത്തിന്റെ കുടുംബത്തിലെ മറ്റംഗങ്ങളുടേയും സ്വത്തുക്കളും ബാധ്യതകളും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി താൻ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് മാസത്തിനകം സർക്കാർ നിശ്ചയിച്ചിട്ടുള്ള അധികാര സ്ഥാനത്തിനു മുമ്പിൽ സമർപ്പിക്കണമെന്ന് കേരള പഞ്ചായത്ത് രാജ് നിയമവും [വകുപ്പ് 159] കേരള മുനിസിപ്പാലിറ്റി നിയമവും [വകുപ്പ് 143 എ] അനുശാസിക്കുന്നു. ഇപ്രകാരം സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതിനുശേഷം ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ കയ്യൊഴിയുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്താൽ മൂന്ന് മാസത്തിനകം വീണ്ടും അത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അധികാര സ്ഥാനത്തിനു മുമ്പിൽ സമർപ്പിക്കണമെന്നും നിയമം അനുശാസിക്കുന്നുണ്ട്. മേൽപറഞ്ഞ പ്രകാരം നിശ്ചിത തീയതിക്കകം സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് സമർപ്പിച്ചിട്ടില്ലാത്ത പക്ഷം തദ്ദേശഭരണ സ്ഥാപനത്തിലെ അംഗമായി തുടരുന്നതിന് അയോഗ്യത കൽപ്പിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(2) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ നിയമം അനുശാസിക്കും വിധം നിശ്ചിത തീയതിക്കകം സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് താഴെപ്പറയുന്ന അധികാര സ്ഥാനത്തിന് (competent authoriry) സമർപ്പിക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്ത് അംഗങ്ങൾ – പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
- ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ – അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ
- ജില്ലാ പഞ്ചായത്ത് അംഗങ്ങൾ – പഞ്ചായത്ത് ഡയറക്ടർ
- മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കൗൺസിലർമാർ – നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ

(3) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗങ്ങൾ സൂചന 2 പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫോറങ്ങളിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കൗൺസിലർമാർ സൂചന 3 പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫോറങ്ങളിലുമാണ് സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടത്. പ്രസ്തുത ഫോറങ്ങൾ ഈ

സർക്കുലറിന്റെ അനുബന്ധങ്ങളായി ചേർത്തിട്ടുണ്ട്. ത്രിതല പഞ്ചായത്ത് അംഗങ്ങൾ അനുബന്ധം 1-ലെ 3 ഫോറങ്ങളും നഗരസഭാ കൗൺസിലർമാർ അനുബന്ധം 2-ലെ 3 ഫോറങ്ങളും ഉപയോഗിക്കേണ്ടതാണ്.

III. *കേരള ലോകായുക്ത നിയമപ്രകാരം സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കൽ*

(1) 1999-ലെ കേരള ലോകായുക്ത നിയമത്തിന്റെ പരിധിയിൽ വരുന്ന പൊതുപ്രവർത്തകർ ഓരോ രണ്ട് വർഷത്തിലൊരിക്കലും ജൂൺ 30-ന് മുൻപ് നിശ്ചിത ഫോറത്തിൽ യോകായുക്ത മുമ്പാകെ സ്വത്ത് വിവരം സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കണമെന്ന് നിയമം അനുശാസിക്കുന്നു. ലോകായുക്ത രജിസ്ട്രാർ മുമ്പാകെയാണ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടത്.

(2) തദ്ദേശഭരണസ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ 2011 ജൂൺ 30-ന് മുമ്പും തുടർന്ന് ഓരോ രണ്ട് വർഷത്തിലൊരിക്കലും കാലാവധി അവസാനിക്കുന്നതുവരെ നിശ്ചിത ഫോറങ്ങളിൽ സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലോകായുക്ത രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ട താണ്.

(3) നിശ്ചിത ഫോറങ്ങളുടെ മാതൃക ഈ സർക്കുലറിന്റെ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട് (Form A,B,C).

IV. *സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കൽ*

(1) തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളും തങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച തീയതി വരെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടത്തിയ എല്ലാ ചെലവുകളുടെയും കണക്കുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെ, തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച തീയതി മുതൽ 30 ദിവസത്തിനകം സമർപ്പിക്കണമെന്ന് കേരള പഞ്ചായത്ത് രാജ് നിയമവും [വകുപ്പ് 85, 86] കേരള മുനിസിപ്പാലിറ്റി നിയമവും [വകുപ്പ് 141, 142] അനുശാസിക്കുന്നു.

(2) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം ചെലവുകണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നവരെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 33-ാം വകുപ്പു പ്രകാരവും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 89-ാം വകുപ്പു പ്രകാരവും 5 വർഷക്കാലത്തേക്ക് അയോഗ്യരാക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ നടപടി സ്വീകരിക്കുന്നതാണ്.

(3) തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ 1995-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലും (ചട്ടം 56) 1995-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലും (ചട്ടം 56) വ്യക്തമാക്കിയിട്ടുണ്ട്.

(4) ചെലവുകണക്കുകൾ സമർപ്പിക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുകയും കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഫോർമാറ്റുകൾ ഉപയോഗിക്കുകയും വേണം.

(5) തെരഞ്ഞെടുപ്പ് ചെലവുകണക്കുകൾ സ്വീകരിക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

- ഗ്രാമപഞ്ചായത്ത് – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
- ബ്ലോക്ക് പഞ്ചായത്ത് – ജില്ലാ പഞ്ചായത്ത് സെക്രട്ടറി
- ജില്ലാ പഞ്ചായത്ത്
മുനിസിപ്പൽ കൗൺസിൽ
മുനിസിപ്പൽ കോർപ്പറേഷൻ } – ജില്ലാ കളക്ടർ

(6) തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മേൽപ്പറഞ്ഞ കാര്യങ്ങൾ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും മത്സരിച്ച സ്ഥാനാർത്ഥികളുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
14 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
17 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
18 ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
19 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
20 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
21 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
22 സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ
23 ഓഫീസ് കോപ്പി/കരുതൽ ഫയൽ
24 ആഭ്യന്തര വകുപ്പ്

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി/ഐ.എ സെക്ഷനുകൾക്ക്

അനുബന്ധം-1

പഞ്ചായത്തംഗം സമർപ്പിക്കേണ്ട സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ഭാഗം I- സ്ഥാവര വസ്തുക്കൾ

ക്രമ നം.	പഞ്ചായത്തംഗത്തിന്റെ/ കുടുംബാംഗത്തിന്റെ പേര്	പഞ്ചായത്തം ഗവുമായുള്ള ബന്ധം	തൊഴിൽ	കൈവശമുള്ള/ ആർജ്ജിച്ച സ്ഥാവര വസ്തുവിന്റെ വിവരണം						ഭൂമിയിൽ കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ടോ എന്ന്	കെട്ടിടം ഉണ്ടെങ്കിൽ തറ വിസ്തീർണ്ണം	സ്ഥാവര വസ്തു ആർജ്ജിച്ച തീയതി	അഭിപ്രായ കുറിപ്പ്
				സർവ്വേ നമ്പർ	വിസ്തീർണ്ണം	താലൂക്ക്	വില്ലേജ്	ഭൂമിയുടെ സംഭാവന	അവകാശത്തിന്റെ സ്വഭാവം				
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)

പഞ്ചായത്തംഗം സമർപ്പിക്കേണ്ട സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ഭാഗം II- ജംഗമ വസ്തുക്കൾ (10,000 രൂപയിൽ കൂടുതൽ മൂല്യമുള്ളവ)

ക്രമ നം.	പഞ്ചായത്തംഗത്തിന്റെ/ കുടുംബാംഗത്തിന്റെ പേര്	പഞ്ചായത്തംഗവുമായുള്ള ബന്ധം	കൈവശമുള്ള/ ആർജ്ജിച്ച ജംഗമ വസ്തുവിന്റെ വിവരണം			ജംഗമ വസ്തു ആർജ്ജിച്ച തീയതി	അഭിപ്രായക്കുറിപ്പ്
			ജംഗമ സ്വത്തുക്കൾ	എണ്ണം	മതിപ്പ് വില		
(1)	(2)	(3)	(4)	(5)	(6)	(7)	(8)

പഞ്ചായത്തംഗം സമർപ്പിക്കേണ്ട സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ഭാഗം III - ബാദ്ധ്യതകൾ

ക്രമ നം.	പഞ്ചായത്തംഗത്തിന്റെ/ കുടുംബാംഗത്തിന്റെ പേര്	ബാദ്ധ്യതയുടെ സ്വഭാവം	ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ/ ജംഗമ വസ്തുവിന്റെ വിവരണം	ആർക്ക് ബാദ്ധതപ്പെടുത്തി എന്ന്	ബാദ്ധ്യതയുണ്ടായ തീയതി	അഭിപ്രായക്കുറിപ്പ്
(1)	(2)	(3)	(4)	(5)	(6)	(7)

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലുംപെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിക്കുന്നു.

പഞ്ചായത്തിന്റെ പേരും വാർഡിന്റെ പേരും :

പഞ്ചായത്തംഗത്തിന്റെ പേരും ഒപ്പും:

സ്ഥലം:
തീയതി:

മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ കൗൺസിലർ സമർപ്പിക്കേണ്ട സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ഭാഗം II- ജംഗമ വസ്തുക്കൾ (10,000 രൂപയിൽ കൂടുതൽ മൂല്യമുള്ളവ)

ക്രമ നം.	കൗൺസിലറുടെ/ കുടുംബാംഗത്തിന്റെ പേര്	കൗൺസിലറുമായുള്ള ബന്ധം	കൈവശമുള്ള/ ആർജ്ജിച്ച ജംഗമ വസ്തുവിന്റെ വിവരണം			ജംഗമ വസ്തു ആർജ്ജിച്ച തീയതി	അഭിപ്രായക്കുറിപ്പ്
			ജംഗമ സ്വത്തുക്കൾ	എണ്ണം	മതിപ്പ് വില		
(1)	(2)	(3)	(4)	(5)	(6)	(7)	(8)

മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ കൗൺസിലർ സമർപ്പിക്കേണ്ട സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ഭാഗം II- ജംഗമ വസ്തുക്കൾ (10,000 രൂപയിൽ കൂടുതൽ മൂല്യമുള്ളവ)

ക്രമ നം.	കൗൺസിലറുടെ/ കുടുംബാംഗത്തിന്റെ പേര്	കൗൺസിലറുമായുള്ള ബന്ധം	കൈവശമുള്ള/ ആർജ്ജിച്ച ജംഗമ വസ്തുവിന്റെ വിവരണം			ജംഗമ വസ്തു ആർജ്ജിച്ച തീയതി	അഭിപ്രായക്കുറിപ്പ്
			ജംഗമ സ്വത്തുക്കൾ	എണ്ണം	മതിപ്പ് വില		
(1)	(2)	(3)	(4)	(5)	(6)	(7)	(8)

മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ കൗൺസിലർ സമർപ്പിക്കേണ്ട സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ഭാഗം III- ബാദ്ധ്യതകൾ

ക്രമ നം.	കൗൺസിലറുടെ/ കുടുംബാംഗത്തിന്റെ പേര്	ബാദ്ധ്യതയുടെ സ്വഭാവം	ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ/ ജംഗമ വസ്തുവിന്റെ വിവരണം	ആർക്ക് ബാദ്ധതപ്പെടുത്തി എന്ന്	ബാദ്ധ്യതയുണ്ടായ തീയതി	അഭിപ്രായക്കുറിപ്പ്
(1)	(2)	(3)	(4)	(5)	(6)	(7)

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലുംപെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിക്കുന്നു.

കൗൺസിലറുടെ പേരും ഒപ്പും :

വാർഡിന്റെ പേരും മുനിസിപ്പാലിറ്റിയുടെ പേരും :

സ്ഥലം:
തീയതി:

അനുബന്ധം–3

1999–ലെ കേരള ലോകായുക്ത നിയമത്തിന്റെ പരിധിയിൽ വരുന്ന പൊതു പ്രവർത്തകർ ലോകായുക്ത മുമ്പാകെ സമർപ്പിക്കേണ്ട സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

FORM A
(See Rule 2)

Statement of assets and liabilities filed by .... (name and designation of the public servant) for the period ..... to .....

1 Name :

2 Permanent address with Telephone No.if any :

3 Name of the members of the family and his relationship :

4 Present monthly Income :

5 Liabilities:

(a) Nature, extent and other particulars of liability and the date when it was incurred :

(b) Nature and address of the person to whom the public servant is liable :

I, ... do solemnly declare that the information furnished above is true and that nothing has been omitted there from.

Signature of the public man

FORM B
(See Rule 2)

Statement of movable properties of Public man and Members of his family

Details		Owned or acquired by whom	Date of Acquisition	Source of acquisition by purchase or inheritance, gift, mortgage or any other source
(1)		(2)	(3)	(4)
(a)	Jewellery and Bullion			
(b)	Vehicle			
(c)	Video Cassette Players			
(d)	Refrigerators			
(e)	Air Conditioners			
(f)	Television Sets			
(g)	Video Cassette Recorder			
(h)	Antiques			
(i)	Silverware			
(j)	Business Concerns			
(k)	Livestock			
(l)	Other Household goods including furniture costing more than Rs.5,000 each			

(1)		(2)	(3)	(4)
Cash and other Liquid Assets				
(a)	cash			
(b)	Bank Deposits			
(c)	Bank Accounts			
(d)	Post Office Accounts			
(e)	National Savings Certificates and other Certificates obtained through the Post Office			
(f)	Units of Unit Trust of India			
(g)	Government Securities and other securities			
(h)	Shares, Debentures or Deposits in companies			
(i)	Money advanced to others as loan or otherwise			
(j)	Insurance Policies and Provident Fund			
(k)	Other investments not being investment in immovable property			

Note: The above details should indicate the date, cost and source of acquisition, the particulars of the assets sufficient to identify them and the person with whom or place where they are kept

FORM C

(See Rule 2)

Statement of immovable properties of Public man and Members of his family

Name of the District, Taluk and Village in which property is situated	Name and details of property		Present value	Acquired by whom	How acquired whether by purchase, lease mortgage inheritance, gift or otherwise with date of acquisition and name with details of person/ persons from whom acquired	Annual Income from property	Remarks
	Housing and other buildings	Lands Nature and extent					
(1)	(2)	(3)	(4)	(5)	(6)	(7)	(8)

Signature:

Full Name and Address

Note:- (1) Family includes the spouse and such parents, unmarried sisters and children of the public man as are dependent on him/her.

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 72186/ഇഎം2/10/തസ്വഭവ തിരുവനന്തപുരം, തീയതി: 02/12/2010.

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വനിതാ ജനപ്രതിനിധികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൗകര്യപ്രദമായ വിശ്രമ സൗകര്യം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ പ്രാതിനിധ്യം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ, വനിതാ ജനപ്രതിനിധികൾക്ക് സൗകര്യപ്രദവും പ്രത്യേകവുമായ വിശ്രമ സൗകര്യം പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമല്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിനാൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വനിതാ ജനപ്രതിനിധികൾക്കായി പ്രത്യേകവും സൗകര്യപ്രദവുമായ വിശ്രമ സൗകര്യം, പരാതികൾക്കിടയില്ലാത്തവിധം ഏർപ്പെടുത്തുവാൻ എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(ആവശ്യമായ പ്രചാരണത്തിനായി)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷാ ടവർ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 12336/ഇഎം2/11/തസ്വഭവ തിരുവനന്തപുരം,തീയതി: 01/03/2011.

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിലെ 'ആശ'വർക്കർമാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളായി തുടരുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2010 -ലെ പൊതുതിരഞ്ഞെടുപ്പിൽ വിജയിച്ച 'ആശ' (ASHA- Accredited Social Health Activists) വർക്കർമാരെ ഓണറേറിയം കൈപ്പറ്റുന്ന ജീവനക്കാരായി പരിഗണിക്കുന്നതായും തദ്ദേശഭരണ സമിതികളിൽ അംഗങ്ങളായി തുടരുന്നതിന് തടസ്സങ്ങൾ ഉയർത്തുന്നതായും ഉള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അംഗങ്ങളായി തുടരുന്നതിനും, സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അല്ലെങ്കിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ നിയന്ത്രിക്കുന്ന ഒരു കോർപ്പറേഷനിലെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അൻപത്തി ഒന്ന് ശതമാനത്തിൽ കുറയാതെ ഓഹരി ഉള്ള ഏതെങ്കിലും കമ്പനിയിലേയോ സംസ്ഥാനത്തെ ഏതെങ്കിലും നിയമാധിഷ്ഠിത ബോർഡിലേയോ ഏതെങ്കിലും സർവകലാശാലയിലേയോ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ഉള്ള അയോഗ്യത കേരള പഞ്ചായത്ത് രാജ് ആക്ടിലെ 30-ാം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 86-ാം വകുപ്പിലും പ്രതിപാദിക്കുന്നു. ഈ വകുപ്പുകളുടെ ആവശ്യത്തിലേക്കായി പാർട്ട്ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണ് എന്ന വിശദീകരണം ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് ആക്ടിലെ 30-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 86-ാം വകുപ്പും ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമഭേദഗതികളുടെ വെളിച്ചത്തിൽ ഓണറേറിയം കൈപ്പറ്റുന്നവർ എന്ന നിലയിൽ അംഗൻവാടി ജീവനക്കാരും സാക്ഷരതാ മിഷൻ പ്രേരക്മാരും മറ്റും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അംഗങ്ങളായി തുടരുന്നതിനും അയോഗ്യരാണ് എന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനു കീഴിൽ സന്നദ്ധ പ്രവർത്തനം (Honorary work) നടത്തുന്ന 'ആശ' (Accredited Social Health Activists) വർക്കർമാർ സർക്കാരിൽ നിന്ന് ഓണറേറിയമോ വേതനമോ കൈപ്പറ്റുന്നില്ല. മാത്രമല്ല അവർ പാർട്ട്ടൈം ജീവനക്കാരുമല്ല. ദേശീയ ഗ്രാമീണ ആരോഗ്യ മിഷനു വേണ്ടിയുള്ള സന്നദ്ധ പ്രവർത്തനത്തിനുള്ള ഇൻസന്റീവ് മാത്രമാണ് 'ആശ' (ASHA) വർക്കർമാർ കൈപ്പറ്റുന്നത്.

2

'ആശ' വർക്കർമാരെ കേരള പഞ്ചായത്ത് രാജ് ആക്ട് 30-ാം വകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്ട് 86-ാം വകുപ്പ് പ്രകാരമുള്ള ജീവനക്കാരായി കണക്കാക്കാൻ കഴിയില്ല എന്നതിനാൽ അവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോ അംഗങ്ങളായി തുടരുന്നതിനോ നിയമപരമായി അയോഗ്യത ഇല്ല എന്ന് സ്പഷ്ടീകരണം നൽകുന്നു.

എസ്.എം. വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ. തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി)
ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ള്യൂ) വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 688033

നമ്പർ : 7477/ഇ/2010/സം.തി.ക തീയ്യതി 16.11.2010

തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് - മാർക്ഷ നിർദ്ദേശങ്ങൾ

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാൻഡിംഗ് കമ്മിറ്റികളിലേക്കുള്ള എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും ഒരു സ്ഥാനം സ്ത്രീക്കായി സംവരണം ചെയ്തിട്ടുണ്ട്. സ്ത്രീ സംവരണ സ്ഥാനത്തേക്കാണ് ആദ്യം തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

എന്നാൽ ഏതെങ്കിലും കമ്മിറ്റിയിലെ സംവരണ സ്ഥാനത്തേക്ക് സ്ഥാനാർത്ഥികളില്ലാത്ത സാഹചര്യത്തിൽ അടുത്ത സ്റ്റാൻഡിംഗ് കമ്മിറ്റികളിലേക്കുള്ള സ്ത്രീ സംവരണ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് നടത്താവുന്നതും അപ്രകാരം എല്ലാ കമ്മിറ്റികളിലേയും സംവരണ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായശേഷം സ്ഥാനാർത്ഥികൾ ഇല്ലാതിരുന്ന സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ സ്ത്രീസംവരണ സ്ഥാനത്തേക്കുള്ള അംഗത്തെ ഭൂരിപക്ഷ തീരുമാനപ്രകാരം തിരഞ്ഞെടുക്കേണ്ടതാണ്. ഇപ്രകാരമുള്ള തിരഞ്ഞെടുപ്പിൽ തുല്യവോട്ടുകൾ ലഭിക്കുന്ന സംഗതിയിൽ നറുക്കെടുപ്പിലൂടെ അംഗത്തെ നിശ്ചയിക്കാവുന്നതാണ്. ഭൂരിപക്ഷപ്രകാരം സ്ത്രീസംവരണ സ്ഥാനത്തേക്ക് യാതൊരു ആളെയും നാമനിർദ്ദേശം ചെയ്യാത്ത പക്ഷം പ്രസിഡന്റ്/വൈസ് പ്രസിഡന്റ്, ചെയർമാൻ/വൈസ് ചെയർമാൻ, മേയർ/ഡെപ്യൂട്ടി മേയർ, സംവരണ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തിട്ടുള്ള സ്ത്രീ അംഗങ്ങൾ എന്നിവരെ ഒഴിവാക്കി ബാക്കിയുള്ള സ്ത്രീ അംഗങ്ങളിൽ നിന്നും ഒരാളെ വരണാധികാരി നറുക്കെടുപ്പിലൂടെ ഒഴിവുള്ള സ്ഥാനത്തേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

അംഗങ്ങൾക്ക് എല്ലാ കമ്മിറ്റികളിലേക്കും നാമനിർദ്ദേശപത്രിക സമർപ്പിക്കാവുന്നതാണെങ്കിലും അംഗമായി തിരഞ്ഞെടുത്തതിനുശേഷം മറ്റ് കമ്മിറ്റികളിലേക്ക് തിരഞ്ഞെടുക്കുന്നതിന് അയാൾക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. സ്റ്റാൻഡിംഗ് കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ നാമനിർദ്ദേക പത്രിക യോഗം ആരംഭിക്കുന്നതിന് മുമ്പ് വരെ വരണാധികാരി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
പി.കമാൽക്കുട്ടി
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ ആസൂത്രണ കമ്മിറ്റി - അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടേയും സംഖ്യ നിശ്ചയിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

സ.ഉ.(സാധാ) നം. 3842/10/തസ്വഭവ തിരുവനന്തപുരം, തീയതി, 07/12/2010.

പരാമർശം:- 1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 13-10-2010 -ലെ 6598/ബി/2007/സംതിക നമ്പർ കത്ത്.
2) നഗരകാര്യ ഡയറക്ടറുടെ 29-11-2010 -ലെ ഡി.സി.4/17287/10 നമ്പർ കത്ത്.
3) പഞ്ചായത്ത് ഡയറക്ടറുടെ 02-12-2010 -ലെ ജെ3/33747/2010 നമ്പർ കത്ത്.

ഉത്തരവ്

1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 53-ാം വകുപ്പ് പ്രകാരം ഓരോ ജില്ലയിലും രൂപീകരിക്കേണ്ട ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട, ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടേയും എണ്ണം, 1995 -ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങളിലെ, ചട്ടം 3 -ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് താഴെപ്പറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

ക്രമ നം.	ജില്ല	ജില്ലാ ആസൂത്രണ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം			
		കൗൺസിലർമാർ/ അംഗങ്ങൾ			ആകെ
		മുനിസിപ്പൽ കോർപ്പറേഷൻ	മുനിസിപ്പൽ കൗൺസിൽ	ജില്ലാ പഞ്ചായത്ത്	
1	തിരുവനന്തപുരം	3	1	8	12
2	കൊല്ലം	1	1	10	12
3	പത്തനംതിട്ട	-	1	11	12
4	ആലപ്പുഴ	-	1	11	12
5	കോട്ടയം	-	1	11	12
6	ഇടുക്കി	-	1	11	12
7	എറണാകുളം	2	2	8	12
8	തൃശ്ശൂർ	1	2	9	12
9	പാലക്കാട്	-	1	11	12
10	മലപ്പുറം	-	1	11	12
11	കോഴിക്കോട്	2	1	9	12
12	വയനാട്	-	1	11	12
13	കണ്ണൂർ	-	2	10	12
14	കാസർഗോഡ്	-	2	10	12
	ആകെ	9	18	141	168

2) ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ, അമ്പത് ശതമാനം സ്ത്രീകളും, രണ്ട് അംഗങ്ങൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവരും, അതിൽ ഒരാൾ സ്ത്രീയും ആയിരിക്കേണ്ടതാണ്.

3) മേൽ വിവരിച്ചിട്ടുള്ള പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപരും.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

വിജ്ഞാപനം

ജി.ഒ. (പി) നമ്പർ 10/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, 2011 ജനുവരി 13.

എസ്.ആർ.ഒ. നമ്പർ ...../2011.- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 53-ാം വകുപ്പും 565-ാം വകുപ്പും കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചതിന് ശേഷം, 1995 നവംബർ 30-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 279/95/തഭവ നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1995 നവംബർ 30-ാം . തീയതിയിലെ 1198-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടി താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2011-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.- 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിൽ,-

(1) ചട്ടം 3-ൽ (3)-ാം ഉപചട്ടത്തിന് ശേഷം താഴെപ്പറയുന്ന ഉപചട്ടങ്ങൾ ചേർക്കേണ്ടതാണ്, അതായത്:-

"(3എ) ഓരോ ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കും തിരഞ്ഞെടുക്കപ്പെടേണ്ട ആകെ അംഗങ്ങളുടെ അമ്പത് ശതമാനം സ്ത്രീകളായിരിക്കണമെന്ന ആക്റ്റിലെ നിബന്ധനയ്ക്ക് വിധേയമായി, ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ അമ്പത് ശതമാനവും മുനിസിപ്പൽ കൗൺസിലർമാരുടെ അമ്പത് ശതമാനവും ജില്ലാ പഞ്ചായത്തംഗങ്ങളുടെ

അമ്പത് ശതമാനവും സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും, ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്തംഗങ്ങളുടെ രണ്ട് സ്ഥാനങ്ങൾ പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ടവർക്കായി സംവരണം ചെയ്യേണ്ടതും അതിൽ ഒരു സ്ഥാനം, സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ട അമ്പത് ശതമാനം സ്ഥാനങ്ങളിൽ ഉൾപ്പെടുത്തി പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും, അതനുസരിച്ച് ഓരോ വിഭാഗത്തിനും സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കേണ്ടതുമാണ്:

എന്നാൽ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും കാര്യത്തിൽ, ശതമാനക്കണക്കിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുമ്പോൾ ഭിന്നസംഖ്യ വരുന്ന സംഗതിയിൽ അത് തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയായി നിജപ്പെടുത്തേതാണ്:

എന്നുമാത്രമല്ല, ഈ ഉപചട്ടം പ്രാബല്യത്തിൽ വന്ന ശേഷം ആദ്യമായി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്നോ മുനിസിപ്പൽ കൗൺസിലർമാരിൽ നിന്നോ ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം ഒന്ന് എന്ന് നിശ്ചയിക്കപ്പെടുകയും അത് ഈ ഉപചട്ട പ്രകാരം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടുകയും ചെയ്ത സംഗതിയിൽ, തുടർന്ന് അപ്രകാരമുള്ള സ്ത്രീ സംവരണം, പിന്നീട് വരുന്ന ഒന്നിടവിട്ട പൊതു തിരഞ്ഞെടുപ്പുകൾക്ക് ശേഷം നടത്തുന്ന ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പുകളിലേക്ക് മാത്രം ബാധകമായിരിക്കുന്നതാണ്;

(3ബി) ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് ജില്ലാ പഞ്ചായത്തംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ, (3എ) ഉപചട്ട പ്രകാരം പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ട ഒരു സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായി പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട ഒരു സ്ത്രീ-ജില്ലാ പഞ്ചായത്തംഗം ഇല്ലാത്ത സംഗതിയിൽ, അവർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേക്ക് താഴെപ്പറയുന്ന പ്രകാരം പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട ഒരാളെ തിരഞ്ഞെടുക്കേണ്ടതാണ്; അതായത്:-

(എ) പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട ഒരു സ്ത്രീ-മുനിസിപ്പൽ കൗൺസിലറെ; അഥവാ

(ബി) ഖണ്ഡം (എ) പ്രകാരം തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായ സ്ത്രീ-മുനിസിപ്പൽ കൗൺസിലർ ഇല്ലാത്ത പക്ഷം, പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട രണ്ടാമതൊരു ജില്ലാ പഞ്ചായത്തംഗത്തെ; അഥവാ

(സി) ഖണ്ഡം (ബി) പ്രകാരം തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹനായ ജില്ലാ പഞ്ചായത്തംഗം ഇല്ലാത്ത പക്ഷം, പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട ഒരു മുനിസിപ്പൽ കൗൺസിലറെ:

എന്നാൽ, (ബി) ഖണ്ഡപ്രകാരമോ (സി) ഖണ്ഡ പ്രകാരമോ ഒരു ജില്ലാ പഞ്ചായത്തംഗമോ ഒരു മുനിസിപ്പൽ കൗൺസിലറോ തിരഞ്ഞെടുക്കപ്പെടുകയും ആ വ്യക്തി ഒരു സ്ത്രീയല്ലാതായിരിക്കുകയും ചെയ്യുന്ന സംഗതിയിൽ, സ്ത്രീ സംവരണത്തിലെ കുറവ് നികത്തുന്നതിലേക്കായി, ഒരു സ്ത്രീ-ജില്ലാ പഞ്ചായത്തംഗത്തെ അധികമായി തിരഞ്ഞെടുക്കേണ്ടതാണ്;

(3സി) ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗങ്ങൾ താഴെപ്പറയുന്ന മുൻഗണനാ ക്രമത്തിൽ വ്യത്യസ്ത ദിവസങ്ങളിലോ ഒരേ ദിവസം വ്യത്യസ്ത സമയങ്ങളിലോ നടത്തേതാണ്, അതായത്:-

(i) ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം;

(ii) മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം;

(iii) മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം;

(iv) ഉപചട്ടം (3ബി) -യിൽ (ബി) ഖണ്ഡ പ്രകാരം ആവശ്യമായി വരികയാണെങ്കിൽ, വീണ്ടും ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം;

(v) ഉപചട്ടം (3ബി) -ൽ (സി) ഖണ്ഡ പ്രകാരം ആവശ്യമായി വരികയാണെങ്കിൽ, വീണ്ടും മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം.

(vi) ഉപചട്ടം (3ബി)-യുടെ കീഴിലുള്ള ക്ലിപ്ത നിബന്ധന പ്രകാരം ആവശ്യമായി വരികയാണെങ്കിൽ, വീണ്ടും ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം."

(2) ചട്ടം 7-ൽ (4)-ാം ഉപചട്ടത്തിന് ശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:-

"(5) ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് വിളിച്ചു കൂട്ടുന്ന യോഗത്തിൽ, സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേക്ക് ആദ്യം തിരഞ്ഞെടുപ്പ് നടത്തേണ്ടതും, തുടർന്ന് സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്:

എന്നാൽ ജില്ലാ പഞ്ചായത്തംഗങ്ങളിൽ നിന്ന് സംവരണ സ്ഥാനങ്ങളിലേക്ക് ആദ്യം തിരഞ്ഞെടുപ്പ് നടത്തുന്നത് താഴെപ്പറയുന്ന ക്രമത്തിലായിരിക്കേതാണ്, അതായത്:-

(i) പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ട സ്ത്രീകൾക്കായി സ്ഥാനം സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാനത്തേക്ക്;

(ii) പട്ടിക ജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ടവർക്കായി സംവരണം ചെയ്യപ്പെട്ട മറ്റ് സ്ഥാനത്തേക്ക്;

(iii) സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട മറ്റ് സ്ഥാനങ്ങളിലേക്ക്."

(3) ചട്ടം 8-ൽ (1)-ാം ഉപചട്ടത്തിന് കീഴിലുള്ള ക്ലിപ്ത നിബന്ധനക്ക് പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേതാണ്, അതായത്:-

"എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട അംഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിക്ക് മറ്റൊരംഗത്തിന്റെ നാമ നിർദ്ദേശമോ പിന്താങ്ങലോ ആവശ്യമില്ലാത്തതാകുന്നു".

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്.എം. വിജയാനന്ദ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 53-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡ പ്രകാരം, ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ തിരഞ്ഞെടുക്കപ്പെട്ട 12 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം, ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്തംഗങ്ങളുടെയും കോർപ്പറേഷൻ കൗൺസിലർമാരുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും സംഖ്യ സർക്കാർ നിശ്ചയിക്കേണ്ടതുമാണ്. 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ 50 ശതമാനം സ്ത്രീകളും, രണ്ടംഗങ്ങൾ പട്ടിക ജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടവരും അതിൽ ഒരാൾ സ്ത്രീയും ആയിരിക്കേതാണ്. അതനുസരിച്ച്, ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് സ്ത്രീകൾക്കും, പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ടവർക്കും, അവരിലെ സ്ത്രീകൾക്കും സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള സംവരണ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്ന വിധവും 1995-ലെ ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടത്തിന്റെ 3-ാം ചട്ടത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. കൂടാതെ, സംവരണ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ആദ്യം നടത്തുവാനും തുടർന്ന് സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുവാനും പ്രസ്തുത ചട്ടത്തിന്റെ 7-ാം ചട്ടത്തിൽ

വ്യവസ്ഥ ചെയ്യേണ്ടതും ആവശ്യമാണ്. 8-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയെ മറ്റൊരു കൗൺസിലർ/ ജില്ലാ പഞ്ചായത്തംഗം നാമ നിർദ്ദേശം ചെയ്യേണ്ടതും മറ്റൊരാൾ പിന്താങ്ങേണ്ടതും (1)-ാം ഉപചട്ടത്തിന് കീഴിലുള്ള ക്ലിപ്ത നിബന്ധന പ്രകാരം ഒരാൾ ഒന്നിലധികം സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുവാനോ പിന്താങ്ങുവാനോ പാടില്ലാത്തതുമാകുന്നു. മേൽപ്പറഞ്ഞ ക്ലിപ്ത നിബന്ധന ചില പഞ്ചായത്തുകളുടെ കാര്യത്തിലെങ്കിലും ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് ജില്ലാ പഞ്ചായത്തംഗങ്ങളിൽ നിന്ന് അംഗങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രയാസം സൃഷ്ടിക്കുമെന്നും അതിനാൽ ക്ലിപ്ത നിബന്ധന വിട്ടുകളയുന്നത് ഉചിതമായിരിക്കുമെന്നും കാണുന്നു. അപ്രകാരം, ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അംഗങ്ങൾക്ക് സംവരണം ചെയ്ത സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മറ്റൊരംഗത്തിന്റെ നാമനിർദ്ദേശവും പിന്താങ്ങലും നിഷ്ക്കർഷിക്കേണ്ടതില്ല എന്ന ഒരു ക്ലിപ്ത നിബന്ധന ഉൾപ്പെടുത്തുന്നതും ഉചിതമായിരിക്കുമെന്ന് കാണുന്നു. ഈ ആവശ്യങ്ങൾക്കായി ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

No.70301/DB2/08/LSGD

Local Self Government(DB) Department
Thiruvananthapuram. dtd.7/11/2008

Circular

Sub:- Local Self Government Department: Implementation of Total Physical Fitness Programme (TPFP)-Formation of Panchayat Technical Council -reg.

Ref:- 1. G.O (MS) No. 10/08/GEdn dtd. 07/01/08
2. Letter no. KSSC/B6/6445/08 dtd. 28/10/08 of Secretary, Kerala State Sports Council

Government of Kerala have launched a project called "Total Physical Fitness Programme" (TPFP) with the objective of transforming Kerala in to a state having cent percentage physically fit population, in a phased manner. This project is being implemented with the co-operation of Local Self Government Institutions .

The first stage of the project , ie the fitness test is proposed to commence on 14th November 2008 in around 12000 schools, all over the state.

The constitution of Panchayat level technical council with following structure is going on. and this process is to be completed before the fitness test.

Panchayat Technical Council - Structure

Chairman	:	President, Grama Panchayat
Vice Chairman	:	Chairman of Welfare standing Committee, Grama Panchayat
Convenor	:	Secretary, Grama Panchayat

Jt.Convenor	:	Qualified Physical Education Teacher/Lecturer nominated by the Chairman to co ordinate programme in Panchayat.
Members	:	Ward Members of Schools locality Medical Officer, PHC
	:	Village Officer
	:	Sub Inspector of Police
	:	Principals/Headmasters of the Schools under the Panchayat
	:	Physical Education Teachers of the schools under the Panchayat
	:	Officials of Panchayat level PTA
	:	2 nominated members representing registered clubs.

In the circumstances all LSGI's concerned are requested to complete the formation of Panchayat level technical committee before 14th November 2008 and to lend all co operations and assistance for the successful conduct of TPFP.

S.M.Vijayanand
Principal Secretary

Forwarded by/Order

Section Officer

Director of Panchayats, Thiruvananthapuram
All Deputy Director of Pacnchyats
All Secretaries / President of Grama Panchayat
Executive Chairman & Director, Information Kerala Mission
(For uploading in the Govt.& LSGD's website)
State Resource Group : For furnishing copies to all concerned
Secretary, Kerala State Sports Council, Thiruvananthapuram
General Education Department
Stock file/Office Copy

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ്ണ സുരക്ഷാ മിഷൻ പ്രോജക്ട് - കൺസൾട്ടൻസി സേവനം ലഭ്യമാക്കുന്നതിന് വിദഗ്ദ്ധസമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്

സ.ഉ.(സാധ)നം. 236/2009/തസ്വഭവ. തീയതി, തിരുവനന്തപുരം, 29-1-2009

==========

പരാമർശം:- 29-12-08-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.85-ാം നമ്പർ തീരുമാനം.

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന സമ്പൂർണ്ണ സുരക്ഷാമിഷൻ പ്രോജക്ടിന്റെ ഭാഗമായി ഫിക്സ്ഡ് ചൂള, കമ്മ്യൂണിറ്റി ചൂള, സോളാർ വാട്ടർ ഹീറ്റർ, സോളാർ ഡ്രയർ, സോളാർ ലൈറ്റുകൾ മുതലായ ഉപകരണങ്ങൾ വാങ്ങുവാൻ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന് കൺസൾട്ടൻസി സേവനം ലഭ്യമാക്കുന്നതിന് താഴെപ്പറയുംപ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഡോ.ബി.ചന്ദ്രചൂഡൻ നായർ, ചീഫ്, ഇൻഡസ്ട്രീസ് ആന്റ് ഇൻഫ്രാസ്ട്രക്ചർ വിഭാഗം, സംസ്ഥാന ആസൂത്രണബോർഡ്. - ചെയർപേഴ്സൺ
2. ശ്രീ.ആർ.ഹരികുമാർ, പ്രോജക്ട് ഡയറക്ടർ, അനെർട്ട്, കേശവദാസപുരം, തിരുവനന്തപുരം - കൺവീനർ
3. ശ്രീ.എ.എം.നാരായണൻ, എനർജി എഫിഷ്യൻസി ഡിവിഷൻ, എനർജി മാനേജ്മെന്റ് സെന്റർ, തിരുവനന്തപുരം - മെമ്പർ
4. ഡോ.റ്റി.എം.ഹരിദാസൻ, എമിറ്റസ് പ്രൊഫസർ ആന്റ് ഡയറക്ടർ, സ്കൂൾ ഓഫ് എനർജി സ്റ്റഡീസ്, കുമാരഗുരു കോളേജ് ഓഫ് എൻജിനീയറിംഗ്, കോയമ്പത്തൂർ, തമിഴ്നാട്. - മെമ്പർ
5. ഡോ.ഗോമതി മുരളീധരൻ, വിമെൻസ് കോളേജ് റോഡ്, തിരുവനന്തപുരം - മെമ്പർ
6. ഡോ.ആർ.ശശികുമാർ, അസിസ്റ്റന്റ് പ്രൊഫസർ (മെക്കാനിക്കൽ എൻജിനീയറിംഗ്) രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി. - മെമ്പർ
7. ശ്രീ.എം.പരമേശ്വരൻ, അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഡക്ഷൻ ആന്റ് ഇൻസ്ട്രുമെന്റേഷൻ,

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃശ്ശൂർ. - മെമ്പർ

8. ശ്രീ.എസ്.ദിവാകരൻപിള്ള, സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ് - മെമ്പർ
9. ശ്രീ.എം.കെ.അജിത്ത്, അണ്ടർ സെക്രട്ടറി, സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. - മെമ്പർ

ഗവർണറുടെ ഉത്തരവിൻപ്രകാരം,
എം.ഉണ്ണികൃഷ്ണൻ,
അഡീഷണൽ സെക്രട്ടറി.

ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങൾക്ക്.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ്, തിരുവനന്തപുരം
എക്സിക്യുട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യുട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
എക്സിക്യുട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, ലൂക്ക്സ് ലെയിൻ, പുളിമൂട്, തിരുവനന്തപുരം.
എക്സി.ഡയറക്ടർ, സമ്പൂർണ്ണ ഊർജ്ജസുരക്ഷാ മിഷൻ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് വഴി)
ഇൻഫർമേഷൻ കേരള മിഷൻ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.
പകർപ്പ്: തദ്ദേശ സ്വയമഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ഊർജ്ജവകുപ്പ്.
തദ്ദേശ സ്വയംഭരണ (ഡിഎ1) വകുപ്പ് (23-1-09-ലെ കുറിപ്പ് നം.4902/ഡിഎ1/09/തസ്വഭവ പ്രകാരം)
സ്റ്റോർ പർച്ചേസ് വകുപ്പ്.

ഉത്തരവിൻപ്രകാരം അയക്കുന്നത്.

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

Abstract

Local Self Government Department- Suchitwa Mission – Reconstitution of the District Sanitation Samithies - Orders issued.

LOCAL SELF GOVERNMENT (IA) DEPARTMENT

G.O.(Rt) No.2104/10/LSGD. Dated, Thiruvananthapuram, 25/6/2010.

Read:- 1. GO(Rt)No.419/2002/LSGD, dated: 31/1/2002.
2. Letter No.SM(B)/1533/10, dated: 10/5/2010 from the Executive Director, Suchitwa Mission, Thiruvananthapuram.

ORDER

The District Committee (District Sanitation Samithi) was constituted vide Government order read above for the implementation of sanitation campaign. The Executive Director, Suchitwa Mission, Thiruvananthapuram in his letter read above has reported that the Executive Committee of the Suchitwa Mission in its 6th meeting has resolved to forward a proposal for reconstituting the District Sanitation Samithi (DSS) as part of District Planning Committee incorporating the following non official / officials .

a. A Municipal Chairperson nominated by the chamber of Municipal Chairpersons.
b. Deputy Director of Education.
c. Mayors of Thiruvananthapuram, Kollam, Kochi, Thrissur and Kozhikode District as Co-Chairperson of the DSS in the respective 5 districts.

In the circumstances Government are pleased to reconstitute the District Sanitation Samithies with the following non officials / officials.

a.	President, District Panchayat	: Chairperson.
b.	Workshipful Mayor of Thiruvananthapuram, Kollam, Kochi, Thrissur, Kozhikode as Co-chairperson in the respective 5 district	: Co-Chairperson.
c.	District Collector	: Executive Director.
d.	A Municipal Chairperson nominated by the chamber of municipal chairperson	: Member.
e.	Vice President, Jilla Panchayat	: Member.
f.	Secretary, Jilla Panchayat	: Member.
g.	Chairperson, Welfare standing Committee, Jilla Panchayat	: Member.
h.	Project Director, PAU	: Member.
i.	Two representative each from Block / Grama Panchayat Association	: Members.
j.	District Planning Officer	: Member.
k.	District Medical Officer (H)	: Member.
l.	Deputy Director of Panchayat	: Member.
m.	Deputy Director of Education	: Member.
n.	Assistant Development Commission (GL)	: Member.
o.	District Officer, SC Development Department	: Member.
p.	District Officer, Social Welfare Department	: Member.
q.	District Co-ordinators, TSC.	: Member & Convenor.

By order of the Governor
P.SHYAMALA
JOINT SECRETARY

To

The Executive Director, Suchitwa Mission, Thiruvananthapuram.
All Members (through the Executive Director, Suchitwa Mission, Thiruvananthapuram.)
The Principal Accountant General (Audit), Kerala,Thiruvananthapuram.
The Accountant General (A&E) Kerala, Thiruvananthapuram.
The Director, Local Fund Audit, Thiruvananthapuram.
The Director Information Kerala Mission, Pangappara, Sreekaryam, Thiruvananthapuram (for publishing in the LSG Website)
SF/OC.

Forwarded/By order

Section Officer

Copy to : PS to Hon'ble Minister (LSG).
PA to Secretary LSG.

GOVERNMENT OF KERALA

Abstract

TRAVELLING ALLOWANCE—REVISION OF T.A. CEILING OF STATE GOVERNMENT EMPLOYEES AND RESTORATION OF INCIDENTAL FOR AIR JOURNEYS—SANCTIONED—ORDERS ISSUED

FINANCE (EXPENDITURE-B) DEPARTMENT

G. O. (P) No. 296/07/Fin. Dated, Thiruvananthapuram, 10th July, 2007.

Read :—1. G. O. (P) No. 4/2004/Fin. dated 3-1-2004.

2. G. O. (P) No. 145/2006/Fin. dated 25-3-2006.

3. G. O. (P) No. 284/2006/Fin. dated 7-7-2006.

ORDER

The existing T. A. ceiling fixed as per the Government Order read as first paper have been in force with effect from 1-1-2004. Government, as per Government Order 2nd cited have issued orders revising the D. A./Incidental Rates/Mileage Allowance etc. based on the recommendations of the 8th Pay Revision Commission. But the Monthly/Quarterly T. A. ceilings were not revised therein.

2. Government have examined the matter in detail and are pleased to revise the Monthly/Quarterly ceilings of T. A. for Official journeys as follows:

GCPT. 4/2817/2007/DTP.

T. A. CEILING

	Officer Grade I				*Officer Grade II(a)*				*Officer Grade II(b)*			
	With actual pay of Rs. 14,900 and above				*With actual pay of Rs. 12,400 and above but below Rs. 14,900*				*With actual pay of Rs. 8,000 and above but below Rs.12,400*			
	Monthly ceiling		*Quarterly ceiling*		*Monthly ceiling*		*Quarterly ceiling*		*Monthly ceiling*		*Quarterly ceiling*	
	Existing	*Revised*	*Existing*	*Revised*	*Existing*	*Revised*	*Existing*	*Revised*	*Existing*	*Revised*	*Existing*	*Revised*
	(Rs.)	*(Rs.)*	*(Rs.)*	*(Rs.)*	*(Rs.)*	*(Rs.)*	*(Rs.)*	*(Rs.)*	*(Rs.)*	*(Rs.)*	*(Rs.)*	*(Rs.)*
(1)	(2	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)
1. State Level Officers	2250	2500	6750	7500	1575	1750	4725	5250	1200	1300	3600	3900
2. Regional Officers with jurisdiction over more than 2 Revenue Districts	1615	1800	4845	5400	1350	1500	4050	4500	1095	1200	3285	3600
3. Regional Officers with jurisdiction over 2 Revenue Districts	1425	1550	4275	4650	1125	1250	3375	3750	840	950	2520	2850
4. District Collectors/District Supdts./Commissioners of Police	1615	1800	4845	5400	..	..	..	..	..	..	..	..
5. Officers with jurisdiction over the Revenue District	1200	1300	3600	3900	945	1050	2835	3150	690	750	2070	2250
6. Officers with jurisdiction over a part of the District (Sub Revenue District) jurisdiction	1050	1150	3150	3450	825	900	2475	2700	630	700	1890	2100

3. The T. A. claim of Grade III and Grade IV officers shall not exceed the limit admissible to Grade II (b) Officers concerned depending upon area of jurisdiction.

4. The existing orders specify that journeys outside an officer's jurisdiction, undertaken under the orders of the competent authority, will not be reckoned for the purposes of ceiling. During inspections by Finance Inspection Wings etc. it has been found that this provision is extensively being misused. In order to check this, the following conditions are also imposed in the case of journeys performed outside an officer's jurisdiction undertaken under the orders of the competent authority:

(i) For officers with jurisdiction over part of a District (Sub Revenue District), official tours outside their jurisdiction within the Revenue District will be subjected to a further ceiling as applicable to an officer of corresponding grade with jurisdiction over one Revenue District, for the journeys undertaken by him within the District, including journeys within the Sub Revenue District.

(ii) The T. A. ceiling as applicable to State level officers of the concerned grade will also apply to all officers with Regional, District or Sub District level jurisdiction for the journeys undertaken by them outside their jurisdiction within the State, including journeys within the jurisdiction.

5. Journeys outside the State performed by all officers with the approval of the competent authority will not be reckoned for T. A. ceiling.

6. The monthly ceiling may be exceeded by a maximum of 20%, but the increase should be adjusted within the limit of the respective quarter itself. The quarterly ceiling shall not be exceeded on any account.

7. In the case of officers allotted with Government vehicles, either for himself or as the Head of the Department, all his claims including TA, DA at places of halt, incidental expenses, rail journeys etc. within his jurisdiction shall not exceed 50% of the monthly/quarterly TA ceiling as applicable to the officer of his grade in this order. But this reduction will not be applicable to drivers of Departmental vehicles vide Government Order as 3rd paper.

4

INCIDENTAL FOR AIR JOURNEYS

8. Government are also pleased to restore the incidental expenses for air journeys, which was discontinued as per Government Order read 2nd paper at the rate of 1 DA (admissible for outside the State) i.e. at the following rates:—

Status of Officers	*Rate per journey (Rs.)*
Grade I	220
Grade II (a)	170
Grade II (b)	140
Grade III	110
Grade IV	110

9. The incidental expenses for each air journey will be admissible on condition that the air fare plus the incidental expenses shall not exceed the economy class full fare through national airlines. Thus, if a person travels on economy class full fare, he will not be entitled to the incidental expenses.

10. In order to check irregular drawing of T. A. claims all drawing and disbursing officers and self-drawing officers shall certify in the T. A. bill that the claimant has not exceeded the monthly/quarterly ceilings.

11. Necessary amendments to KSRs will be issued separately.

12. These orders will take effect from 1-4-2007.

By order of the Governor,

K. Jose Cyriac,

Principal Secretary (Finance).

To

The Principal Accountant General (Audit), Kerala, Thiruvananthapuram (with C. L.).
The Accountant General (A&E), Kerala, Thiruvananthapuram (with C.L.).
All Heads of Departments and Offices.
All Departments and Sections of the Secretariat.

കേരള സർക്കാർ

നമ്പർ: 74217/എഎ3/08/തസ്വഭവ തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ്
തിരുവനന്തപുരം,തീയതി: 3.7.2009

സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ്-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ചുമതലാ കൈമാറ്റം- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.4.2009-ലെ ഡിബി3-2635/2005/സിഇ/തസ്വഭവ നമ്പർ കത്ത്.

ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന വിവിധ പ്രവർത്തികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചുമതല കൈമാറുമ്പോൾ ഫയലുകളും മറ്റ് രേഖകളും കൈമാറുന്നതിൽ വീഴ്ച വരുത്തുന്നതായും അതുവഴി അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ രേഖകൾ ലഭിക്കാതെ വരുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ സ്ഥലം മാറിപ്പോകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെപ്പറയുന്ന പൊതുവായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. എല്ലാ ഓഫീസുകളിലും incumbency register സൂക്ഷിക്കേണ്ടതും അതിൽ ഉദ്യോഗസ്ഥന്റെ ജനനതീയതി, സർവീസിൽ പ്രവേശിച്ച തീയതി, പ്രസ്തുത ഓഫീസിൽ ചുമതലയേറ്റ തീയതി, മുൻ സർവീസ് ,മേൽവിലാസം , ടെലിഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതുമാണ്. ചുമതല കൈമാറുമ്പോൾ ഫയലുകളുടെ /രേഖകളുടെ ലിസ്റ്റ് ചുമതല ഏറ്റെടുക്കുന്ന ഉദ്യോഗസ്ഥന് നൽകേണ്ടതും പകർപ്പ് സ്വന്തമായി സൂക്ഷിക്കേണ്ടതുമാണ്. ഉദ്യോഗസ്ഥർ സ്ഥലം മാറിപ്പോകുന്ന

സമയത്ത് വിടുതൽ ചെയ്യുന്ന ദിവസവും പുതിയ ആൾ ചുമതലയേൽക്കുന്ന ദിവസവും രേഖപ്പെടുത്തേണ്ടതാണ്. നോൺ ഗസറ്റഡ് ഓഫീസർമാർ സ്ഥലം മാറിപ്പോകുമ്പോൾ അവർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ മേലുദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരം രേഖാമൂലം പുതുതായി ചാർജെടുക്കുന്ന ഓഫീസർക്ക് കൈമാറേണ്ടതും അതിന് ശേഷം മാത്രം സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതുമാണ്. ചാർജ് കൈമാറാൻ കൂടുതൽ സമയം ആവശ്യമെങ്കിൽ മേലുദ്യോഗസ്ഥന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

2. നിർവ്വഹണ ഉദ്യോഗസ്ഥൻ ചുമതല കൈമാറുന്ന സമയത്ത് ടിയാൻ നിർവ്വഹണം നടത്തുകയോ മേൽനോട്ടം വഹിക്കുകയോ ചെയ്തുവരുന്ന പ്രവർത്തികളുടെ ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിൽ അത്യാവശ്യമായി ചെയ്ത് തീർക്കേണ്ട ജോലികൾ പ്രത്യേകം രേഖപ്പെടുത്തേണ്ടതുമാണ്. R.T.C. ഒപ്പിടുന്ന സമയത്ത് ക്യാഷ് ബുക്ക്, എം. ബുക്ക് തുടങ്ങിയവ രജിസ്റ്ററുകളും കൈമാറേണ്ടതാണ്. അത് പരിശോധന നടത്തി കൈമാറാൻ കൂടുതൽ സമയം ആവശ്യമെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയുടെ അറിവോടുകൂടി, സർക്കാർ നിയമപരമായി അനുവദിച്ചിട്ടുള്ള കാലാവധി അനുവദിക്കാവുന്നതാണ്. ഈ കാലാവധിക്കുള്ളിൽ ചുമതല കൈമാറിയില്ലെങ്കിൽ അക്കാര്യം മേലുദ്യോഗസ്ഥനെ അറിയിക്കുകയും അവിടെ ലഭ്യമായ രജിസ്റ്ററുകളുടേയും എം. ബുക്കിന്റെയും ചുമതല ഏറ്റെടുത്ത് അത് മേലുദ്യോഗസ്ഥനെ കാണിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും എല്ലാ രജിസ്റ്ററുകളിലും ചാർജ് കൈമാറിയതായി / കൈപ്പറ്റിയതായി രേഖപ്പെടുത്തേണ്ടതുമാണ്.

3. ഏതെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ ചാർജ് കൈപ്പറ്റാൻ വിസമ്മതിക്കുകയാണെങ്കിൽ അക്കാര്യം മേലുദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി അതിനുള്ള പരിഹാരം കാണേണ്ടതാണ്.

4. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, മറ്റ് നോൺ ഗസറ്റഡ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ എന്നിവർ ചുമതല കൈമാറുമ്പോൾ അതത് ഉദ്യോഗസ്ഥർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ, രജിസ്റ്ററുകൾ, മറ്റ് രേഖകൾ, വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവയെ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയശേഷം മാത്രമേ ചുമതല കൈമാറുന്ന ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യാൻ പാടുള്ളൂ.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ,തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ,ഐ.കെ.എം(തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Government of Kerala

Abstract

Local Self Government Department - Transfer and postings of employees - guidelines norms- modified - orders issued

Local Self Government (EPB) Department

G.O(MS) No.169/09/LSGD Dated, Thiruvananthapuram 29.08.2009

Read : 1. G.O.(P) 1/05/P&ARD dated, 04/01/05
2. G.O.(MS) No. 105/07/LSGD dated, 04/04/07
3. G.O.(MS) No. 54/08/LSGD dated, 03/03/08.

ORDER

Government are pleased to cancel para 13(I), 13(I)(a), 13(I)(b) and 13(I)(c) of the Government Order read as second paper above and order that norms for the general transfer of employees in Local Self Government Department who have entered into inter-caste marriage, will be that issued in this regard by Government in Personal and Administrative Reforms Department, from time to time."

The Government Order read as second paper above stands modified to the above extent.

By order of the Governor,

S.M.Vijayanand
Principal Secretary.

To

The Director of Panchayats, Thiruvananthapuram
The Commissioner for Rural Development, Thiruvananthapuram
The Director Urban Affairs, Thiruvananthapuram
The Chief Engineer, Local Self Government, Thiruvananthapuram.
The Advocate General, Ernakulam. (with C/L)
The Director, Information and Public Relations Department.
All sections Officers in Local Self Government Department.
Local Self Government(EU)Department vide U.O Note no. 13403/EU2/08/LSGD dated. 08/09/08]
Stock file/Office copy.

Forwarded /By Order

Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – എഞ്ചിനീയറിംഗ് വിഭാഗം – ഗ്രാമപഞ്ചായത്തുൾ – ക്ലാർക്കിന്റെ സേവനം വിട്ടു നൽകുന്നത് സംബന്ധിച്ച് മാർക്ഷനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് – ഉത്തരാവാകുന്നു.

തദ്ദേശ സ്വയംഭരണ (ഇ.പി.എ) വകുപ്പ്

സ.ഉ (സാധാ)നം: 3225/2009/തസ്വഭവ തിരുവനന്തപുരം, തീയതി : 05.12.2009

പരാമർശം : 1. 18.03.2009 ലെ സ.ഉ (സാ) നമ്പർ 676/09/തസ്വഭവ

2. 25.04.2009 ലെ തദ്ദേക സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ E4/2570/06/CE/LSGD നമ്പർകത്ത്

3. 14.10.2009 ലെ കോർഡിനേഷൻ കമ്മിറ്റിയുടെ 2.6 നമ്പർ തീരുമാനം

ഉത്തരവ്

തദ്ദേക സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ ക്ലാർക്കുമാരുടെ സേവനം ലഭ്യമാക്കണമെന്ന സർക്കാരിന്റ നിരന്തരമായ നിർദ്ദേശമുണ്ടായിട്ടും മിക്ക പഞ്ചായത്തുകളും ക്ലറിക്കൽ ജീവനക്കാരുടെ സേവനം എഞ്ചിനീയറിംഗ് വിഭാഗത്തിന് ലഭ്യമാക്കുന്നില്ലായെന്നാണ് പരാമർശം മൂന്നിലെ കത്ത് മുഖേന തദ്ദേക സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരാമർശം മൂന്നിലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഓരോ ഗ്രാമപഞ്ചായത്തും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് സേവനം നൽകേണ്ട ക്ലാർക്കുമാരെ നിശ്ചയിച്ച് ടി ആളുകൾ പേരുകൾ സഹിതം പഞ്ചായത്ത് ഡയറക്ടർ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഈ രീതിയിൽ ചുമതല നൽകുന്ന ഉദ്യോഗസ്ഥന് സ്ഥലംമാറ്റം ഉണ്ടാകുകയോ ഉദ്യോഗക്കയറ്റം ലഭിക്കുകയോ ചെയ്യുന്ന അവസരത്തിൽ പകരം നിയമിതനാകുന്ന ഉദ്യോഗസ്ഥനായിരിക്കണം തുടർ ചുമതല വഹിക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.സതീഷ് ചന്ദൻ
ഡെപ്യൂട്ടി സെക്രട്ടറി

GOVERNMENT OF KERALA

Abstract

Local Self Government Department – Panchayat Establishment- Conversion of Grama Panchayat as Municipalities / Merger of Grama Panchayats with Municipalities/Corporations-Continuance of Staff of Panchayat Department- orders –issued.

LOCAL SELF GOVERNMENT (EPB) DEPARTMENT

G.O. (MS)No.240/10/LSGD. Dated, Thiruvananthapuram 21.10.2010

Primary Health Centers are basically Grama Panchayat level health institutions intended for providing the basis primitive/preventive health care services including the implementation of the national and state level Public Health programmes along with minimum curative services. Though observations beds are provided in these institutions elaborate in patient care is not expected at this level normally. However, at present there are many Primary Health Centers with functioning Inpatient services, Lab services, Vehicles with driver etc. In these institutions existing pattern will be continued. But considering the fact that the efforts for upgrading the inpatient facilities into full-fledged I.P units in many of these institutions have repeatedly failed, the non functioning (sanctioned) bed strength and additional staff created in some of these institutions may be transferred, if required to other institutions requiring additional staff and bed strength.

(b). Hospital Staff pattern (Minimum staff required)

1. Medical Officers: 2 (Preferably one male and one female – increased from existing 1, the remaining 1 can be provided by NRHM till sanctioned posts are created)
2. Pharmacists – 1
3. Staff nurse – 3 (increased from existing 1, the remaining 2 can be provided on contract basis with NRHM funding till sanctioned posts are created)
4. Nursing Assistant – 1
5. Hospital Attendant – 1
6. Part time sweeper – 1

(C) Public Health Wing

One Junior Public Health Nurse & Junior Health Inspector each for one sub Center i.e for 5000 population (for 3000 population in tribal and hilly areas). One Health Inspector, One Lady Health Inspector (Additional Staff required to be provided by NRHM)

(d) Office

One LD/UD Clerk, One peon

2.2. Primary Health Centres with 24 Hour on call Service (24x7) PHCs

(a) After upgrading the legible Block PHCs into CHCs as per the standardization criteria, the remaining block PHCs with functioning inpatient facilities along with other existing Mini PHCs with functioning IP facilities will be categorized as 24 Hr PHCs as per Indian Public Health Standard. One Hospital in each block will be designated thus as 24x7 PHC and should have bed strength of up to 30, with the following staff strength.

(b) Staff Strength

Medical Officer – 4, Pharmacist – 2, Lab Technicial 2; Staff Nurse – 9

Nursing Assistant – 3, Hospital Attendant - ; Part Time Sweeper – 2

Preferably a vehicle, which can be taken by out sourcing.

© Staff nurse and other category of staff are to be proved as per the existing bed strength and other available facilities. Public Health wing staff and office staff will be as per existing norms. Additional Staff requirements will be provided by NRHM>

(d) The institution will have OPD services, emergency 24x7 services that could be attended by nurses and one Medical Officer, well functioning Hospital Management Committees (HMC), referral services, in –patient services, minor surgeries, management of wound and fracture. MCH care including FP services including facility for MTP, nutritional services, School Helath Programmes, and Monitoring and Supervision of National Health Programmes including ASHA. Full laboratory facilities shall be available and availability of drugs and key diagnostic tests is tobe ensured.

2.3 Community Health Centers (CHC)

(a) Community Health Centers are Block level Health care institutions providing basic and Secondary Health Care services along with the planning, implementation and coordination of the Public Health Programmes at the Block level. There will be one Community Health Centre each in all the Health Blocks in the State. At present some of the CD Blocks are not having a CHC. In such cases one block PHC/Govt. Hospital will be upgraded into CHC and with the support of Government of India these centers along with the existing CHCs shall be upgraded to Indian Public Health Standards (PHS). The CHCs will have bed strength of 30 to 100 with theatre facility. Laboratory, X-ray, ECG and Ultrasound.

(b) Staff required.

Doctors – 5 specialists (Medical Consultants or Junior Medical Consultants or Junior Medical Consultants) in General Medicine, General Surgery, Obstetrics and Gynaeology, Pediatrics and Anesthesiology.

Other non specialists – 2 (general category) based on the toal bed strength will be posted. Para medical staff and other staff are to be posted based on the bed strength and other facilties available.

© Block level Public Health Staff

Health Supervisors – 1; Lady Health Supervisors – 1; Staff Nurse – 12

Junior Public Health Nurse – 2, Lab Technician – 2, Radiographer – 1; Ophthalmic Assistant – 1, Security – 1

Other Public health wing staff and ministerial staff will be as per norms

(d) The institutions shall have proper waste management system, laundry facilities, full emergency services, shall have a minimum of 7 doctors and I Block Coordinator cum PRO. The institution shall provide 24x7 services, shall have separate male and female wards, and shall provide emergency obstetric care including surgical interventions like caesarian section, new born care emergency care of sick children, lapro services, MTP services, essential lab services, blood storage services and transport services. It shall have ECG facilities, X-ray facility and preferably USS facility and shall have fully functional OT with surgical items. Minimum of two vehicles, one for administrative control over the PHCs and SCs are to be provided. One statistical assistant will be posted as the first level of monitoring/MIS Minimum one computer with internet connection will be provided. Computerized pharmacy, training and skill development of LSGI staff, ASHAs, JPHNs, Nurses etc. fully functional HMCs, residential accommodation for the staff etc, are to be ensured.

2.4 Taluk Hospitals

(a) There will be at least one Taluk Hospital each in all the taluks. In a few large Taluks, some of the existing CHC/ Govt. Hospital, will be upgraded as Taluk Hospital. In some places, Taluk hospitals, which were previously designated as CHCs shall again be re designated as Taluk Hospitals. The staff pattern will be as per the existing norms. Taluk Hospitals will have minimum bed strength of 100. All the Taluk Head Quarters Hospitals having more than 100 bed strength will continue to have the existing facilities and staff pattern.

2.5 District Hospital/General hospital

There will be one or more District/General hospitals in each district with minimum bed strength of 250. The staff pattern wil be as per existing norms.

2.6 Women and Children's Hospitals and Specialty Hospitals

The existing Women and Children's hospitals will continue as Women and Children Hospitals. The minimum bed strength of W & C will be 200 and the bed strength of W & Cs with less than 200 bed strength will be increased accordingly. Considering the need fro providing quality Maternal and Child Health, W&C Hospitals will be started in all districts either separately or as part of the District/General Hospitals. The staff strength will be as per existing norms.

2.7 Specialty hospitals of Mental Health, Leprosy and Tuberculosis etc will continue as Specialty Hospitals as at present. The bed strength and staff pattern in these hospitals will be reviewed separately.

3.The list of hospitals in the various categories as above is given as Appendix – 1. The district – wise summary of the classification of standardized institutions is given as Appendix – II

4. Separate orders will be issued for additional post creation in institutions if required. However postings may be done for the time being on contract basis with funding from NRHM depending on the nee.

(BY ORDER OF THE GOVERNOR)

Dr.Vishwas Mehta

Secretary to Government

Government of Kerala

Abstract

Health and Family Welfare Department – Starting of Temporary Homeo Dispensaries – Orders issued

……

HEALTH & FAMILY WELFARE (M) DEPARTMENT

G.O. (Rt) No.3710/08/H & FWD Dated, Thiruvananthapuram, 10.11.2008

……

Read: - 1.Letter No. 1117/P/07/DH dated 23.02.2011 from Director of Homeopathy, Thiruvanathapuram

2. Letter No. 359/NRHM/Admin/08 dated 19.05.08 from State Mission, Director, National Rural Health Mission, Thiruvananthapuram

3. Government Letter No. 2750/J3/08/H&FWD dated 15.10.08 address to the state Mission Diretor, National Rural Health Mission, Thiruvanthapuram

ORDER

Government are pleased t accord sanction to start temporary…….Dispensaries in the 11 panchayats mentioned in the list appended to this under on the following conditions.

1) The service of Homeo Doctors will be provided by National Rural Health Mission
2) The infrastructure facilities required for stating temporary Homeo dispensaries including Land, Building etc will be provided by the concerned Panchayats.
3) Medicals services of Pharmacist/Attender/Part-time sweeper will also be provided by the concerned Panchayats.

(BY ORDER OF THE GOVERNOR)
S.S.JAYACHANDRAN
Joint Secretary to Government

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് – വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം – സംസ്ഥാനത്തെ സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളുടെ നടത്തിപ്പ് – ജില്ലാ പഞ്ചായത്തിന് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (സ്പെഷ്യൽ സെൽ) വകുപ്പ്

സ.ഉ (എം.എസ്)നം: 187/08/പൊവിവ തിരുവനന്തപുരം, തീയതി : 20.11.2008

പരാമർശം : 1. 02.01.2008 ന് ബഹു.തദ്ദേക സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗ തീരുമാനം

ഉത്തരവ്

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം ഇതിനകം തദ്ദേക സ്വയംഭരണ വകുപ്പിന് കൈമാറിയ ഹയർ സെക്കന്ററി സ്ക്കൂളുകളെപ്പോലെ സംസ്ഥാനത്തെ സർക്കാർ വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂളുകളുടെ ഭരണപരമായി നിയന്ത്രണവും മേൽനോട്ടവും നടത്തിപ്പും ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ സ്ക്കൂളുകളും ഏത് ജില്ലാ പഞ്ചായത്തിന് കൈമാരുന്നു എന്ന് വ്യക്തമാക്കിക്കൊണ്ട് വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.സതീഷ് ചന്ദൻ
ഡെപ്യൂട്ടി സെക്രട്ടറി

Government of Kerala

Abstract

Health and Family Welfare Department – Temporary Ayurveda Dispensaries - Modified – Orders issued

……

HEALTH & FAMILY WELFARE (M) DEPARTMENT

G.O. (Rt) No.527/09/H & FWD Dated, Thiruvananthapuram, 26.02.2009

……

Read: - 1.G.O (P) No. 3766/08/H&FWD dated 13.11.2008

ORDER

In the Government Order read above, Sanction was accorded to start temporary Ayurveda Dispensaries in the 48 Panchayats in the state on the following conditions

1. The service of Ayurveda Doctors would be provided by National Rural Health Mission
2. The infrastructure facilities required for starting temporary Ayurveda dispensaries including Land, Building etc would be provided by the concerned Panchayats.
3. Medicines services of Pharmacist/Attender/Part time sweeper would be provided by the concerned Panchayats.

2. It has since been brought the notice of Government that the Local Self Government Institutions find some difficulty in providing necessary staff and other facilities for starting temporary Ayurveda Dispensaries in all Panchayats as ordered above Government are therefore pleased to modify the Government Order read above incorporating the following conditions.

1. The service of Ayurveda Doctors will be provided by the Director of Indian Systems of Medicine, on temporary/contract basis, initially for 6 months using funds provided by the National Rural Health Mission. The period will be extended further after review of the performance and requirements.
2. Dispensaries will start functioning where infrastructure facilities are made available by the Panchayats/Municipalities. Wherever separate buildings are not available, dispensaries may be started if adequate space for consulting room stores, toilet etc is provided existing/rented building ……..
3. Medicines will be provided for the time being by the concerned District Medical Officers using funds to be provided by National Rural Health Mission. The Panchayats/Municipalities will also arrange to provide medicines, if possible from their own funds after getting necessary approvals from the competent authorities.

4. The orders issued in the Government Order read as first paper above stands modified to the above extend

(By order of the Governor)
Dr.Viswas Mehta
Secretary to Government

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്

സ.ഉ.(സാധാരണ) നം. 585/2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 22.02.2010.

പരാമർശം:- സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.01.2010-ലെ 2.65(2) നമ്പർ തീരുമാനം.

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവൃത്തികൾ മാനേജ്മെന്റ് ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പുറമെ ആരോഗ്യ സ്ഥാപനം മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരാതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ ആ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൂടി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകണമെന്ന ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം, പരാമർശത്തിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ആരോഗ്യ സ്ഥാപനത്തിന്റെ മാനേജ്മെന്റ് ചുമതല ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അല്ലെങ്കിൽ പോലും വികസന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. എന്നാൽ, മാനേജ്മെന്റ് ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കൂടിയാലോചിച്ച് മാത്രമേ പ്രവൃത്തികൾ നടപ്പാക്കാൻ പാടുള്ളൂ. നേരിട്ടോ മാനേജ്മെന്റ് ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിഹിതം കൈമാറിയോ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ആർ.രാജീവ്,
അഡിഷണൽ സെക്രട്ടറി.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
} (പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കും നൽകേണ്ടതാണ്).
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പോർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്. (13.01.2010-ലെ കുറിപ്പ് പ്രകാരം).
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

കേരള സർക്കാർ

നം:17565/ഡി.ബി2/10/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
തിരുവനന്തപുരം,തീയതി:19/3/2010

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - സ്കൂളുകളിൽ അഗ്നി ശമനോപകരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. ബഹു.സുപ്രീകോടതിയുടെ 13/4/09-ലെ WP(c) 483/04 നമ്പർ കേസിലെ വിധിന്യായം
2. പൊതു വിദ്യാഭ്യാസ സെക്രട്ടറി വിളിച്ചു കൂട്ടിയ 19/1/10-ലെ യോഗ നടപടികുറിപ്പ്
3. 2/3/10-ലെ 2.13-ാം നമ്പർ കോർഡിനേഷൻ കമ്മിറ്റി തീരുമാനം

എല്ലാ സ്കൂളുകളിലും അഗ്നിശമനോപകരണങ്ങൾ സ്ഥാപിക്കണമെന്നുള്ള ബഹു.സുപ്രീകോടതിയുടെ 13/4/09-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിലെ ശുപാർശകൾ പരിഗണിച്ച് വിദ്യാഭ്യാസ വകുപ്പ് കൈമാറിയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ളതുമായ സ്കൂളുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

(i) നിലവിൽ ജലസംഭരണികൾ ഇല്ലാത്ത എല്ലാ സ്കൂളുകളിലും അവ സ്ഥാപിക്കേണ്ടതാണ്

(ii) പഴയതും നശിച്ചതുമായ വയറിംഗുകൾ മാറ്റി പകരം പുതുതായി വയറിംഗ് നടത്തേണ്ടതാണ്.

(iii) സ്കൂളുകളിൽ പ്രഥമ ശുശ്രൂഷ കിറ്റുകൾ സജ്ജമാക്കേണ്ടതാണ്.

(iv) ക്ലാസ് മുറികൾക്ക് അധിക വാതിലുകൾ ആവശ്യമുള്ളപക്ഷം അവ സ്ഥാപിക്കണം

(v) അഗ്നിബാധ, പ്രകൃതിദുരന്തങ്ങൾ എന്നിവയുണ്ടാകുന്ന സാഹചര്യത്തിൽ കെട്ടിടങ്ങൾ ഇൻഷ്വർ ചെയ്യേണ്ടതാണ്.

(vi) ഉച്ചയാഹാരത്തിനുള്ള അടുക്കള സ്കൂൾ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുകയാണെങ്കിൽ അവ മാറ്റി സ്ഥാപിക്കേണ്ടതാണ്.

(vii) നഴ്സറി, എൽ.പി വിഭാഗങ്ങൾ ഒറ്റനില കെട്ടിടങ്ങളിലേ പ്രവർത്തിക്കാൻ പാടുള്ളൂ. ആവശ്യമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകേണ്ടതാണ്.

(viii) തീപിടിക്കാത്ത വസ്തുക്കൾ ഉപയോഗിച്ചാണ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കണം.

(ix) ഇനം (i) മുതൽ (v) വരെയുള്ള ചെലവുകൾക്ക് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഗ്രാമപഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിനായി)
എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാർക്കും(നഗരസഭകൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിനായി)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്: ബന്ധപ്പെട്ടവർക്ക് പകർപ്പ് ലഭ്യമാക്കുന്നതിനായി
പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടർ : പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി
സ്റ്റേറ്റ് പെർഫോമസ് ഓഡിറ്റ് ഓഫീസർ,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

കേരള സർക്കാർ

നം:23058/ഡി.ബി2/08/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
തിരുവനന്തപുരം, തീയതി: 6/5/2010

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – സ്ക്കൂൾ കെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വ പരിശോധന ഫീസ് ഈടാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ–സംബന്ധിച്ച്.

സൂചന:- 1. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20/6/07–ലെ ഡിബി3–1478/07/സി.ഇ/തസ്വഭവ നമ്പർ കത്ത്.
2. കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 13/3/08–ലെ ജെ.എസ് 08– 09 നമ്പർ കത്ത്.

സ്ക്കൂൾ കെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വ പരിശോധനകൾക്ക് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ഒരു സൃഷ്ടീകരണം വേണമെന്ന് കോഴിക്കോട് ജില്ലാ പഞ്ചായത്തും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും താഴെ ചേർത്തിരിക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

"തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങളുടെ ഭാഗമായി ഈടാക്കുന്ന ഫീസുകൾ പ്രസ്തുത ഓഫിസുകളിൽ റ്റി.ആർ5 രസീതുവഴി സ്വീകരിച്ച് സർക്കാർ അക്കൗണ്ടിലേക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ "0515-00-800-93" മറ്റിനങ്ങൾ എന്ന കണക്ക് ശീർഷകത്തിലും നഗരസഭകളുടെ കാര്യത്തിൽ "0217-60-800-92" മറ്റിനങ്ങൾ എന്ന കണക്ക് ശീർഷകത്തിലും ചെല്ലാൻ വഴി ട്രഷറിയിൽ അടക്കേണ്ടതാണ്. "

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽസെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം.

സർക്കുലറിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ജില്ലാതല ഓഫീസർമാർക്കും ലഭ്യമാക്കേണ്ടതാണ്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് – ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള മാർഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്

സ.ഉ.(കൈ) നം.123/2009/തസ്വഭവ **തിരുവനന്തപുരം, തീയതി 02.07.2009**

പരാമർശം:- (1) പഞ്ചായത്ത് ഡയറക്ടറുടെ 22.05.2009ലെ ജെ1-30957/08-ാം നമ്പർ കത്ത്.

(2) കില ഡയറക്ടറുടെ 17.12..2008ലെ കില/ടി.പി(ബി)-1431/08നമ്പർ കത്ത്.

ഉത്തരവ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് നിലവിൽ വന്നതോടെ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് ഉയർന്നിട്ടുണ്ട്. അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സുതാര്യവും ജനപക്ഷപരവുമായ വികസന പരിപാടി സാദ്ധ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾ വളരെയേറെ മുന്നോട്ടു പോയിട്ടുമുണ്ട്. നിയമാനുസൃത ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലും അതിനനുസൃതമായ ഭരണ നിർവ്വഹണ പ്രക്രിയ ഫലവത്തായി നടപ്പാക്കുന്നതിലും ഗ്രാമ പഞ്ചായത്തുകൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളുടെ ഭരണ നിർവ്വഹണവും ആഭ്യന്തര നിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കണമെന്ന് കേരള നിയമസഭയുടെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും വിലയിരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസിനകത്ത് ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്നതും അതുമൂലം ജീവനക്കാർക്ക് ഓഫീസ് ജോലികൾ ചെയ്യുന്നതിനുള്ള അസൗകര്യം ഒഴിവാക്കുന്നതിനും വേണ്ടി എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവന സംവിധാനം ഏർപ്പെടുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

പതിനൊന്നാം പദ്ധതിയുടെ മുൻഗണനാ വിഷയങ്ങളിലൊന്നാണ് സദ്ഭരണവും ഉയർന്ന നിലവാരത്തിലുള്ള സേവന പ്രദാനവും. ആദ്യം വരുന്നവർക്ക് ആദ്യം സേവനം എന്ന തത്ത്വം അടിസ്ഥാനമാക്കി കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായ ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം പതിനൊന്നാം പദ്ധതിക്കാലത്തു തന്നെ ഏർപ്പെടുത്തേണ്ടതുണ്ട്. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി കഴിഞ്ഞ പത്തു വർഷ കാലയളവിനുള്ളിൽ കേരളത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിരവധി പരീക്ഷണങ്ങളും പരിശ്രമങ്ങളും നടന്നിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ ചർച്ചകളുടെയും ചിന്തയുടെയും ഫലമായി ഗ്രാമ പഞ്ചായത്തുകളിലെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് എന്ന ആശയം രൂപപ്പെട്ടുവരികയും ചെയ്തിരുന്നു. ഇത്തരത്തിൽ താഴെത്തട്ടിൽ നിന്നും രൂപപ്പെട്ടുവന്ന ആശയങ്ങളെയും പരിശ്രമങ്ങളെയും കില ശാസ്ത്രീയമായി വികസിപ്പിക്കുകയും

പഞ്ചായത്ത് വകുപ്പിന്റേയും ഗ്രാമ പഞ്ചായത്ത് അസോസിയേഷന്റേയും പങ്കാളിത്തത്തോടെ വയനാട് ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഫലപ്രദമായി ഏർപ്പെടുത്തുകയും ചെയ്തു.

വയനാട് ജില്ലയിൽ മാതൃകാപരമായി നടപ്പിലാക്കിയ ഈ സംവിധാനം സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കിലയും പഞ്ചായത്ത് ഡയറക്ടറും പരാമർശം (1) ലെയും പരാമർശം (2) ലെയും കത്തുകൾ മുഖേന ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 189-ാം വകുപ്പ്, ധനകാര്യം, കണക്കുകൾ സൂക്ഷിക്കൽ, ആഫീസ് മാനേജ്മെന്റ് തുടങ്ങിയ സംഗതികളിൽ ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി പഞ്ചായത്തുകൾക്ക് പൊതുമാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനു അധികാരം നൽകുന്നു. പ്രസ്തുത അധികാരം വിനിയോഗിച്ച് സദ്ഭരണ നിർവ്വഹണം ലക്ഷ്യമിടുന്ന പരിവർത്തന ഭരണോദ്യമ (Change Management Initiative) ത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിലേക്കായി അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചവ ഒഴികെയുള്ളവക്ക് എം. ഒ. പി ബാധകമായിരിക്കുന്നതാണ്.

ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പരിവർത്തന ഭരണോദ്യമത്തിന്റെ നോഡൽ ഏജൻസിയായി പഞ്ചായത്ത് വകുപ്പിനെ ചുമതലപ്പെടുത്തുന്നു. ഇതിനാവശ്യമായ നോഡൽ ടീമുകളുടെ രൂപീകരണം, പ്രവർത്തന പരിപാടികൾ, പ്രവർത്തന കലണ്ടർ, ആവശ്യമായ മറ്റു പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചും ഫ്രണ്ട് ഓഫീസ് സംവിധാനം സുസ്ഥിരമാക്കി നിലനിർത്തുന്നതിനുമാവശ്യമായ തുടർ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർ കാലാകാലങ്ങളിൽ നൽകേണ്ടതാണ്. കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമാവശ്യമായ മേൽനോട്ടവും പിന്തുണാസംവിധാനവും പഞ്ചായത്ത് ഡയറക്ടർ ഏർപ്പെടുത്തേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും ഡോക്യുമെന്റേഷനും "കില" നിർവ്വഹിക്കുന്നതാണ്. ഇതിനാവശ്യമായ കൈപ്പുസ്തകങ്ങൾ, കുറിപ്പുകൾ, വിവരശേഖരണ ഫാറങ്ങൾ തുടങ്ങിയവ കില തയ്യാറാക്കി നൽകേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന് പഞ്ചായത്താഫീസിലെ നിലവിലുള്ള ഭൗതികസൗകര്യങ്ങൾ അപര്യാപ്തമാണെങ്കിൽ അത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തനതുഫണ്ടിൽനിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ തുക വകയിരുത്തി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടുകൾ ഡി.പി.സി.യുടെ മുൻകൂർ അനുമതി കൂടാതെ നടപ്പാക്കാവുന്നതും 2009-10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സാധൂകരണം വാങ്ങേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറിമാർ)
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ
10. നഗരകാര്യ ഡയറക്ടർ
11. ഗ്രാമവികസന കമ്മീഷണർ
12. മുഖ്യ നഗരാസൂത്രകൻ
13. ചീഫ് എഞ്ചിനിയർ തദ്ദേശസ്വയംഭരണ വകുപ്പ്
14. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
20. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമികസ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് (ജില്ലാതലം)
21. എല്ലാ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർക്കും.
22. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
23. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
29. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
31. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ് : 1. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം.സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

(02.07.2009-ലെ സ. ഉ.(കൈ) 123/09/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധം)

ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള മാർഗരേഖ

1. ആമുഖം

പൗരസമൂഹത്തിന് സേവനാവകാശം ഉറപ്പുവരുത്തുന്നതിന് ചുമതലകളുടെയും ഉത്തരവാദിത്തങ്ങളുടെയും കാര്യക്ഷമമായ നിർവ്വഹണത്തിന്റെ ആവശ്യകത ആധുനിക സമൂഹത്തിൽ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ജനാധിപത്യഭരണ പ്രക്രിയക്ക് അനുസൃതമായ തത്ത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഇവ നിർവ്വഹിക്കപ്പെടേണ്ടത്. നീതിപൂർവ്വമായ ഭരണപ്രക്രിയയും ജനപക്ഷ ഭരണസമ്പ്രദായവും ജനാധിപത്യ വ്യവസ്ഥയിൽ പൗരന്റെ അവകാശമാണ്. പൗരസമൂഹത്തിന് സേവനം ഒരു അവകാശമാണെന്ന് ഉറപ്പുവരുത്തുന്നത് സദ്ഭരണത്തിന്റെ മുന്നുപാധിയാണ്. ഇതിന് പൊതുജനത്തിന് സമയബന്ധിതസേവനം ലഭ്യമാകുന്നതും അവർക്കു പങ്കുവഹിക്കാൻ കഴിയുന്നതും ബോദ്ധ്യപ്പെടുന്നതുമായ ഭരണ സംവിധാനം ഉണ്ടാകണം. സുതാര്യതയും കാര്യക്ഷമതയും ഫലപ്രാപ്തിയുമുള്ള ഈ സംവിധാനം., ജനസൗഹൃദവും അഴിമതിരഹിതവും പ്രതികരണസ്വഭാവമുള്ളതും നിയമാധിഷ്ഠിതവുമായിരിക്കണം. ജനവിശ്വാസം ആർജ്ജിക്കത്തക്കവിധം പങ്കാളിത്തവും നീതിനിഷ്ഠയും സുസ്ഥിരതയും പ്രദാനം ചെയ്യുന്നതും സ്ഥാപന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതുമായ ഇത്തരം ഭരണസംവിധാനമാണ് സദ്ഭരണം സാദ്ധ്യമാക്കുന്നത്.

ഭരണഘടനാധിഷ്ഠിതമായ ഉത്തരവാദിത്തങ്ങളും അധികാരങ്ങളുമുള്ള പ്രാദേശികസർക്കാരുകളായ ഗ്രാമപഞ്ചായത്തുകളും സദ്ഭരണം യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. ഒരു പൗരന്റെ ജനനം മുതൽ മരണം വരെയുള്ള വിവിധജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട വിപുലവും അനിവാര്യവുമായ ഒട്ടേറെ ചുമതലകൾ പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതുണ്ട്. വികസന മേഖലകളിലെ പ്രവർത്തനങ്ങൾക്കു പുറമേ സാമൂഹ്യക്ഷേമ മേഖലയിലും പൊതുസുരക്ഷ, പൊതുസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിലും നിശ്ചിത ചുമതലകൾ ഗ്രാമ പഞ്ചായത്തുകൾക്കുണ്ട്. കൂടാതെ, പെർമിറ്റുകൾ, സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുന്ന സ്റ്റാറ്റ്യൂട്ടറി ഉത്തരവാദിത്വങ്ങളും ഗ്രാമപഞ്ചായത്തുകൾ നിർവഹിക്കേണ്ടതുണ്ട്. ഇവ പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കുന്നതിന് മേൽപ്പറഞ്ഞ സവിശേഷതകളോടുകൂടിയ ഭരണ നിർവഹണ സംവിധാനം ഗ്രാമപഞ്ചായത്തുകൾ പിന്തുടരേണ്ടതുണ്ട്.

ഇതിന് ഗ്രാമപഞ്ചായത്തുകളെയും പൊതുജനത്തേയും പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന ഇടമായ അതിന്റെ ഓഫീസ് ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്. ഏറ്റവും വേഗത്തിലും കൃത്യതയിലും പ്രവൃത്തി നിർവഹണം നടത്തുന്നതിന് ഗുണകരമാവുന്ന തരത്തിൽ ഗ്രാമപഞ്ചായത്തുകളുടെ ഓഫീസ് ഭരണനിർവഹണം ഉയർന്ന നിലവാരത്തിൽ ചിട്ടപ്പെടുത്തേണ്ടതും നടപടിക്രമങ്ങൾ ഇതിനനുസരിച്ച് രൂപപ്പെടുത്തേണ്ടതുമുണ്ട്. പൊതുജനങ്ങൾക്ക് പൗരാവകാശരേഖയ്ക്കനുസൃതമായി സമയബന്ധിതമായി സേവനം പ്രദാനം ചെയ്യുന്ന ഭരണപ്രക്രിയയാണ് പഞ്ചായത്തുകളിൽ ഉണ്ടാകേണ്ടത്. പൊതുജനങ്ങൾക്ക് സമയബന്ധിതമായ സേവനം നൽകുന്നതിനും ജനങ്ങൾ ഓഫീസിനകത്ത് കൂട്ടംകൂടി നിൽക്കുന്നതു മൂലം ജീവനക്കാർക്ക് ജോലി ചെയ്യാൻ അസൗകര്യം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും വേണ്ടി ഒരു സേവന സംവിധാനം ഓരോ ഗ്രാമപഞ്ചായത്തും ആരംഭിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നിലവിൽ സേവനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും അപേക്ഷകൾ ആര് സ്വീകരിക്കുമെന്നും സേവനങ്ങൾ എപ്പോൾ ലഭിക്കുമെന്നും അറിയാത്തതിനാലും സേവനങ്ങൾ ലഭ്യമാക്കുന്നതിന് മുൻഗണനാക്രമം ഉറപ്പുവരുത്താത്തതിനാലും ധാരാളം പ്രയാസങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹത്തിനടക്കം സാമൂഹ്യനീതി നിഷേധിക്കപ്പെടാൻ ഇത് കാരണമാകുന്നു. ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് കൃത്യമായ ഒരു സംവിധാനമില്ലാത്തതിനാൽ പൊതുജനങ്ങളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും അപേക്ഷകൾ പരതുന്നതിനും വിവിധ ജീവനക്കാർ ഒരേ സമയം ധാരാളം സമയം ചെലവഴിക്കേണ്ടി വരുന്നുണ്ട്. ഇത് ചിട്ടയായി ജോലി ചെയ്യാനാ

കാത്ത സാഹചര്യം ഉണ്ടാക്കുന്നത് കൂടാതെ ആഫീസിലെ ദൈനംദിന പ്രവൃത്തികളിൽ വീഴ്ചക്ക് കാരണമാവുകയും ചെയ്യുന്നുണ്ട്. ഇവ ഒഴിവാക്കി ശാസ്ത്രീയമായ ഓഫീസ് ഭരണനടപടിക്രമം സാധ്യമാക്കുന്നതിനും സമയബന്ധിത സേവനപ്രദാനം ഉറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് ഓഫീസുകളെ ഫ്രണ്ട് ഓഫീസ്, മെയിൻ ഓഫീസ് എന്നിങ്ങനെ ക്രമീകരിക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ചുമതലകൾ ജനസൗഹൃദപരമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് ഇപ്പോൾ ബാധകമാക്കിയിട്ടുള്ള മാന്വൽ ഓഫ് ഓഫീസ് പ്രൊസീജിയർ (MOP) പര്യാപ്തമല്ലെന്നും പൊതുജനങ്ങളുടെ അപേക്ഷകൾ യഥാവിധി കൈകാര്യം ചെയ്യുന്നതിനും, അവ ലഭിച്ച ക്രമത്തിൽ സമയബന്ധിതമായും നീതിപൂർവ്വമായും സേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും പര്യാപ്തമായ ഒരു നടപടിക്രമം ആവശ്യമാണെന്നും സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ആഫീസുകൾ ജനസൗഹൃദപരമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസുകൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. പല ഗ്രാമ പഞ്ചായത്തുകളും ഫ്രണ്ട് ഓഫീസുകളുടെ ഭാഗമായുള്ള കൗണ്ടർ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം ഏകീകൃതസ്വഭാവമുള്ളതോ ശാസ്ത്രീയമോ അല്ലാത്തതിനാൽ പലപ്പോഴും ഉദ്ദേശ ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വരികയും ഫലപ്രദമല്ലാതാവുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ഇത്തരം പരിശ്രമങ്ങളുടെ പോരായ്മകൾ പരിഹരിച്ച് ശാസ്ത്രീയമായി ചിട്ടപ്പെടുത്തി ഏകീകൃതമാക്കേണ്ടതുണ്ട്.

2. ഫ്രണ്ട് ഓഫീസ്

അപേക്ഷകളുടേയും മറ്റു തപാലുകളുടേയും സ്വീകരണം, സേവനം നൽകൽ, അപേക്ഷകളുടെ അപ്പപ്പോഴത്തെ സ്ഥിതിയും വിവിധ വിവരങ്ങളും ലഭ്യമാക്കൽ, തുടങ്ങിയ മുഖാമുഖ പ്രവർത്തനങ്ങൾ പൂർണമായും ഫ്രണ്ട് ഓഫീസിൽ നിർവ്വഹിക്കണം. ആദ്യം വരുന്നവർക്ക് ആദ്യം എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ സേവനം നൽകുന്ന ഏകജാലക സംവിധാനമായി ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കുന്നത് വഴി ഇനി പറയുന്ന നേട്ടങ്ങൾ സാധ്യമാക്കുന്നു.

1) ഏകജാലക സംവിധാനത്തിലൂടെ സേവനങ്ങളും, വിവരങ്ങളും പൗരാവകാശ രേഖയ്ക്കനുസൃതമായി ജനങ്ങൾക്ക് ലഭ്യമാകുന്നു.
2) ജനങ്ങളും ജനപ്രതിനിധികളും ജീവനക്കാരും നേരിടുന്ന പ്രതിസന്ധികളും, പ്രയാസങ്ങളും മറികടന്ന് ഭരണ നിർവ്വഹണ കാര്യക്ഷമത വർദ്ധിക്കുന്നു.
3) ആദ്യം വരുന്നവർക്ക് ആദ്യം എന്ന നിലയിൽ സേവനം സാധ്യമാക്കുന്നു
4) അഴിമതിക്ക് കാരണമാകുന്ന സാഹചര്യങ്ങൾ കുറക്കുന്നു.
5) ഇടനിലക്കാരില്ലാതെ, ശുപാർശകളില്ലാതെ മുൻഗണനാക്രമത്തിൽ സേവനം സാധ്യമാക്കുന്നു.
6) സുഗമമായ ഓഫീസ് അന്തരീക്ഷവും, സ്വസ്ഥമായ ഓഫീസ് സാഹചര്യവും സൃഷ്ടിക്കുന്നു
7) മുഴുവൻ ജീവനക്കാർക്കും പഞ്ചായത്തിലെ മുഴുവൻ നടപടിക്രമങ്ങളെക്കുറിച്ചും അവഗാഹമുണ്ടാകുന്നു.
8) ഓഫീസ് പെർഫോർമൻസ് മാനേജ്മെന്റ് സാധ്യമാക്കുന്നു.
9) ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരങ്ങളിലുമുള്ള തുല്യത , ഓരോ വ്യക്തിയുടേയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്താൻ സഹായിക്കുന്നു.
10) സേവനാവകാശം ഉറപ്പുവരുത്തുന്നു.
11) ഭരണസംവിധാനത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നു.

3. ഫ്രണ്ട് ഓഫീസ് നടപടിക്രമങ്ങൾ

3.1. തപാൽ സ്വീകരണം

1. നേരിട്ടും അല്ലാതെയും ലഭിക്കുന്ന എല്ലാ തപാലുകളും ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കേണ്ടതാണ്. (അപേക്ഷകൾ, പരാതികൾ, രജിസ്ട്രേഡ് കത്തുകൾ, ടെന്ററുകൾ, ക്വട്ടേഷനുകൾ, ഫാക്സ് സന്ദേശം, ടെലഫോൺ സന്ദേശം, മറ്റ് ഓഫീസുകളിൽ നിന്നുള്ള കത്തുകൾ, ഇ-മെയിൽ എന്നിവയെല്ലാം തപാലിന്റെ ഗണത്തിൽ പെടുന്നതാണ്). ഇ-മെയിൽ പ്രിന്റൗട്ട് എടുത്തും ടെലഫോൺ സന്ദേശം രേഖപ്പെടുത്തി ആധികാരികമാക്കിയും തപാലായി രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കേണ്ടതാണ്.

2. ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള തൊഴിൽ കാർഡിനുള്ള അപേക്ഷ, തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷ, എല്ലാ വ്യക്തിഗതാനുകൂല്യങ്ങൾക്കും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുമുള്ള അപേക്ഷകൾ എന്നിവയുടെ സ്വീകരണവും തൊഴിൽ കാർഡ് വിതരണവും നിർബ്ബന്ധമായും ഫ്രണ്ട് ഓഫീസ് മുഖേന ആയിരിക്കേണ്ടതാണ്.

3. ഫ്രണ്ട് ഓഫീസ് ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ) പേരുവച്ചവ ഒഴികെയുള്ള എല്ലാ തപാലുകളും തുറന്ന് തീയതിയോടുകൂടിയ ഓഫീസ് സീൽ പതിച്ച് സ്റ്റാമ്പുകൾ റദ്ദാക്കി ഉടൻ തന്നെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 പേരു വച്ച തപാലുകൾ മേൽവിലാസക്കാരന് നൽകേണ്ടതാണ്. ഇവയിൽ ഔദ്യോഗികസ്വഭാവമുള്ളവ തുടർനടപടിക്കായി ഉടൻതന്നെ ഫ്രണ്ട്ഓഫീസിലേക്ക് നൽകേണ്ടതാണ്.

5. തപാൽപ്പെട്ടി വഴി ലഭിക്കുന്ന തപാലുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം ആദ്യവും പരാതിപ്പെട്ടി വഴി ലഭിക്കുന്നവ അതു തുറക്കുന്ന ദിവസവും രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കേണ്ടതാണ്.

6. അപേക്ഷകൾ, റിപ്പോർട്ടുകൾ തുടങ്ങിയവ അപേക്ഷകരുടെ ഒപ്പും ചേർക്കേണ്ട വിവരങ്ങളും അതാതുസ്ഥലത്ത് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും മുദ്രകൾ പതിച്ചിട്ടുള്ളതുമാണെന്നും, ആവശ്യമായ ഫീസ് ഒടുക്കിയിട്ടുള്ളതും അനുബന്ധരേഖകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി ഓരോ സേവനവും അതിന്റെ നിബന്ധനകളും ക്രോഡീകരിച്ച് തയ്യാറാക്കിയ വിഷയതല പരിശോധന പട്ടികകൾ (Check list) തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇവയും പൗരാവകാശരേഖയും അടിസ്ഥാനമാക്കിയാണ് അപേക്ഷകളുടെ പരിശോധന നടത്തേണ്ടത്. അതത് പഞ്ചായത്തുകളിൽ ബാധകമായ നിയമങ്ങളുടെ കൂടി അടിസ്ഥാനത്തിലാണ് പൗരാവകാശരേഖയും പരിശോധനാ പട്ടികകളും തയ്യാറാക്കേണ്ടത്. ഇവയുടെ ആധികാരികത പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതാണ്. പൊതുവായ പരിശോധനാ പട്ടികകളുടെ മാതൃകകൾ പഞ്ചായത്ത് ഡയറക്ടർ തയ്യാറാക്കി നൽകേണ്ടതാണ്.

7. പരിശോധനാ പട്ടികകളിൽ നിബന്ധനകൾ ക്രമനമ്പരിട്ട് രേഖപ്പെടുത്തേണ്ടതും പാലിച്ചിട്ടുള്ളവ ടിക് മാർക്ക് ചെയ്യേണ്ടതുമാണ്. അപേക്ഷ പൂർണ്ണമല്ലെങ്കിലോ അപേക്ഷയോടൊപ്പം, ആവശ്യമായ അനുബന്ധ രേഖകൾ ഇല്ലെങ്കിലോ അപേക്ഷ അപ്പോൾ തന്നെ ഉപയോഗിച്ച പരിശോധനാ പട്ടിക സഹിതം അപേക്ഷകന് തിരിച്ചു നൽകേണ്ടതും ന്യൂനത പരിഹരിച്ച് തിരികെ വാങ്ങേണ്ടതുമാണ്. തത്സമയം പരിഹരിക്കാനാകാത്ത ന്യൂനതകളോടു കൂടിയ അപേക്ഷകൾ കാലതാമസത്തിനിടയാക്കുമെങ്കിലും സ്വീകരിക്കാവുന്നതാണ്. യാതൊരു സാഹചര്യത്തിലും അപേക്ഷകൾ സ്വീകരിക്കാതിരിക്കാൻ പാടില്ല. ന്യൂനതകളുള്ള അപേക്ഷകൾ സ്വീകരിക്കുന്ന

സാഹചര്യത്തിൽ കൈപ്പറ്റുരസീതിൽ സേവനം നൽകുന്ന തീയതി രേഖപ്പെടുത്തുന്നതിനു പകരം 'പരിശോധനാ പട്ടിക പ്രകാരമുള്ള ന്യൂനതകൾ പരിഹരിക്കേണ്ടതാണ്' എന്ന് രേഖപ്പെടുത്തേണ്ടതും പരിശോധനാപട്ടികയുടെ പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്. അവ സമയബന്ധിതമായി പരിഹരിക്കാൻ രേഖാ മൂലം ആവശ്യപ്പെടേണ്ടതാണ്.

3.2. തപാലുകളുടെ രജിസ്ട്രേഷൻ

1) സ്വീകരിക്കുന്ന തപാലുകളുടെ വിവരങ്ങൾ ഫ്രണ്ട് ഓഫീസിലെ രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. തപാൽ നമ്പർ ഓരോ കലണ്ടർ വർഷത്തിലും പൂതുതായി ആരംഭിക്കേണ്ടതും വർഷാവസാനം വരെ തുടർച്ചയായതുമായിരിക്കണം. രജിസ്റ്ററിന്റെ മാതൃക അനുബന്ധം 1 ആയി ചേർക്കുന്നു. പ്രസ്തുത രജിസ്റ്ററിലെ 1 മുതൽ 8 വരെ കോളങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് തന്നെ പൂരിപ്പിക്കേണ്ടതാണ്.
2) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും വേണം.
3) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ (ഉദാ: കർഷകതൊഴിലാളി പെൻഷൻ അപേക്ഷാ രജിസ്റ്റർ, വാർദ്ധക്യകാല പെൻഷൻ അപേക്ഷാ രജിസ്റ്റർ, വിവരാവകാശനിയമപ്രകാരമുള്ള രജിസ്റ്റർ, ജനന-മരണ സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷാ രജിസ്റ്റർ തുടങ്ങിയവ)ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിലെ 7-ാം കോളത്തിൽ ചേർക്കേണ്ടതാണ്. പ്രത്യേക രജിസ്റ്ററുകളിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കേണ്ടതാണ്.

3.3. കൈപ്പറ്റ് രസീത്

എല്ലാ തപാലുകൾക്കും കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. സേവനം ലഭ്യമാക്കുന്ന തീയതി പൗരാവകാശ രേഖയിൽ അനുശാസിക്കുന്ന തരത്തിൽ നിശ്ചയിച്ച് കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തേണ്ടതാണ്. കൈപ്പറ്റ് രസീത് ഡ്യൂപ്ലിക്കേറ്റിൽ തയ്യാറാക്കി ഒറിജിനൽ അപേക്ഷകന് നൽകേണ്ടതും പകർപ്പ് തപാലിനോടൊപ്പം ചേർക്കേണ്ടതുമാണ്. കൈപ്പറ്റ് രസീതിന്റെ മാതൃക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. സേവനം നൽകുന്ന സമയപരിധി അതതു പഞ്ചായത്തുകൾ തീരുമാനിച്ച് പൗരാവകാശ രേഖയിൽ ചേർക്കേണ്ടതും എന്നാൽ ഇപ്രകാരം നിശ്ചയിക്കുന്ന സമയപരിധി ഏതെങ്കിലും നിയമത്തിലോ ചട്ടങ്ങളിലോ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലോ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്.

3.4. പണമിടപാടുകൾ

പഞ്ചായത്തിലേക്കുള്ള എല്ലാ വരവുകളും ചട്ടപ്രകാരമുള്ള രസീത് നൽകി ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കേണ്ടതാണ്. ഓഫീസിൽ മറ്റ് പണ സ്വീകരണ കേന്ദ്രങ്ങൾ ഉണ്ടാകാൻ പാടില്ല. പണം സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഫ്രണ്ട് ഓഫീസിൽ ഉണ്ടായിരിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന കാഷ്, എല്ലാ ദിവസവും 3.00 മണിക്കു തന്നെ ഓഫീസ് കളക്ഷൻ രജിസ്റ്റർ മുഖാന്തിരം കാഷ് ചെസ്റ്റിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനും തുടർന്ന് രജിസ്റ്റർ, അക്കൗണ്ട് സെക്ഷനും കൈമാറേണ്ടതാണ്. കാഷ് നൽകലും ഫ്രണ്ട് ഓഫീസ് വഴി ആയിരിക്കണം. കാഷ് ബുക്കിന്റെ പ്രതിദിന ക്ലോസിംഗും വരവുരജിസ്റ്റർ, ചെലവു രജിസ്റ്റർ,വിവിധ ഡിമാന്റ് രജിസ്റ്ററുകൾ തുടങ്ങിയവയിലെ രേഖപ്പെടുത്തലുകളും ബന്ധപ്പെട്ട സെക്ഷനുകൾ അതതുദിവസം തന്നെ 3.00 മണിക്കു ശേഷം പൂർത്തിയാക്കേണ്ടതാണ്.

3.5. ഫ്രണ്ട് ഓഫീസ് ഡയറി

ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതും സേവനം നൽകേണ്ടതുമായ അപേക്ഷകളുടെയും പരാതികളുടേയും കാര്യത്തിൽ യഥാസമയം സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താനായി അനുബന്ധം 3 ലെ മാതൃകയിലുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കേണ്ടതാണ്. ഒരു നിശ്ചിത തീയതിയിൽ നൽകേണ്ട സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഡയറിയുടെ ഒന്നോ അതിലധികമോ പേജുകൾ നീക്കിവയ്ക്കേണ്ടതാണ്. ഇപ്രകാരം നീക്കിവെച്ച പേജുകൾ തികയാതെ വരുന്ന പക്ഷം ഡയറിയിലെ തന്നെ മറ്റൊരു പേജ് ഉപയോഗിക്കേണ്ടതാണ്. ഓരോ അപേക്ഷയും സ്വീകരിക്കുന്ന മുറക്ക് 1 മുതൽ 4 വരെ കോളങ്ങളിലും സേവനം ലഭ്യമാക്കുന്ന മുറക്ക് മറ്റു കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. മറുപടി നൽകേണ്ട ഔദ്യോഗിക തപാലുകളുടെ വിവരവും ഫ്രണ്ട് ഓഫീസ് ഡയറിയിൽ ചേർത്ത് മോണിറ്റർ ചെയ്യേണ്ടതാണ്.

3.6 തപാലുകളുടെ വിതരണം

അതാതു ദിവസം സേവനം ലഭ്യമാക്കേണ്ട തപാലുകളും അടിയന്തിര തപാലുകളും പരമാവധി 30 മിനിറ്റിനകവും മറ്റു തപാലുകൾ അന്നേ ദിവസം തന്നെ കഴിയുന്നത്ര വേഗത്തിലും എന്നാൽ വൈകിട്ട് 4.00 മണിക്ക് മുൻപായും സെക്ഷനുകളിലേക്ക് കൈമാറേണ്ടതാണ്.

1) സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പ്രത്യേക നിർദ്ദേശം ആവശ്യമായ തപാലുകൾ നേരിട്ട് സെക്രട്ടറിക്ക്/ പ്രസിഡന്റിന് നൽകേണ്ടതും ആവശ്യമായ നിർദ്ദേശം ലഭ്യമായ ശേഷം സെക്ഷനുകൾക്ക് കൈമാറേണ്ടതുമാണ്.

2) ഫ്രണ്ട് ഓഫീസിൽ നിന്നും വിവിധ സെക്ഷനുകൾക്കും, പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കും തപാൽ വിതരണം ചെയ്യുന്നതിനായി പ്രത്യേകം ഫോൾഡറുകൾ സൂക്ഷിക്കേണ്ടതും തപാലുകൾ ഫോൾഡറിൽ ചേർത്ത് നൽകേണ്ടതുമാണ്.

3) തപാൽ കൈമാറ്റങ്ങൾക്ക് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിലെ 9-ാം കോളത്തിൽ അക്ക്നോളജ്മെന്റ് വാങ്ങേണ്ടതാണ്.

4) അതത് ദിവസം ലഭിച്ച തപാലുകൾ യഥാസമയം വിതരണം ചെയ്ത ശേഷം *"..... തിയതി, ഈ ആഫീസിൽ ലഭിച്ച എല്ലാ തപാലുകളും രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട്"* എന്ന് അന്നന്ന് ചുമതലാ കൈമാറ്റത്തിന് മുൻപ് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5) സെക്ഷനിൽ ലഭിക്കുന്ന നമ്പരിട്ട തപാലുകൾ അതതു ദിവസം തന്നെ തൻപതിവേടുകളിൽ ചേർക്കേണ്ടതും ഇക്കാര്യം സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതുമാണ്.

3.7. സേവനങ്ങൾ നൽകൽ

അപേക്ഷകന് നൽകിയ കൈപ്പറ്റ് രസീതിൽ സേവനം നൽകുമെന്ന് കാണിച്ച തീയതിക്കു മുമ്പായി ബന്ധപ്പെട്ട സെക്ഷനുകൾ ആവശ്യമായ രേഖകൾ തയ്യാറാക്കി ഫ്രണ്ട് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സെക്ഷനുകൾ സേവനം ലഭ്യമാക്കുന്ന മുറക്ക് ഫ്രണ്ട് ഓഫീസ് ഡയറിയിലെ 5 -ാം കോളത്തിൽ ലഭിച്ച തീയതി രേഖപ്പെടുത്തേണ്ടതാണ്. സേവനം സ്വീകരിക്കുന്നതിനായി ഹാജരാകുമ്പോൾ ഫ്രണ്ട് ഓഫീസ് ഡയറിയിലെ 7-ാം കോളത്തിൽ കൈപ്പറ്റുന്നയാളുടെ ഒപ്പ് വാങ്ങി സേവനം നൽകേണ്ടതും കൈപ്പറ്റുരസീത് റദ്ദാക്കേണ്ടതുമാണ്. ഇപ്രകാരം ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ എല്ലാ

തിങ്കളാഴ്ചയും തപാൽ മാർഗ്ഗം അയച്ചുനൽകേണ്ടതാണ്. സേവനം തപാലിലയയ്ക്കുക യാണെങ്കിൽ ഡെസ്പാച്ച് വിവരം ഡയറിയിലെ 8-ാം കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത തീയതിയിൽ സേവനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അതിന്റെ കാരണവും എന്ന് സേവനം നൽകാൻ കഴിയുമെന്ന വിവരവും രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഫ്രണ്ട് ഓഫീസ് ഡയറിയിലെ അഭിപ്രായക്കുറിപ്പ് കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. സേവനം നൽകുന്നതിന് പുതിയ തീയതി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട തീയതിയുടെ പേജിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3.8. വിവരങ്ങൾ നൽകൽ

അന്വേഷണങ്ങൾക്കും സംശയങ്ങൾക്കും ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് കൃത്യ തയോടെയും, വസ്തുനിഷ്ഠമായും മറുപടി നൽകേണ്ടതാണ്. വിവരങ്ങൾ പൂർണമായും കൃത്യമായും നൽകുന്നുവെന്ന് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ ഉറപ്പാക്കേണ്ടതാണ്. അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിലും അവ മെസ്സേജ് ബുക്ക് വഴി നൽകേണ്ടതാണ്. മെസ്സേജ് ബുക്കിന്റെ മാതൃക അനുബന്ധം 4 ആയി നൽകിയിരിക്കുന്നു. ഇത് ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

3.9. ഫോറങ്ങളുടെ വിതരണം

സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യേണ്ടതും വിശദാംശങ്ങൾ അനുബന്ധം 5 ലെ മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

4. ജീവനക്കാരുടെ ചുമതലകൾ

1) ജീവനക്കാർ ജനങ്ങളോട് സൗഹാർദ്ദപരമായ പെരുമാറ്റവും സമീപനവും പുലർത്തേണ്ടതാണ്.

2) ഫ്രണ്ട് ഓഫീസിൽ കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകൾ അതാത് ദിവസം പൂർണ്ണമാക്കി, അസിസ്റ്റന്റും സൂപ്പർ വൈസറും സാക്ഷ്യപ്പെടുത്തേണ്ടതാണ്..

3) എല്ലാ ദിവസവും വൈകുന്നേരം 4 മണിക്കു മുമ്പായി ഫ്രണ്ട് ഓഫീസ് അസി സ്റ്റന്റ്, ഫ്രണ്ട് ഓഫീസ് ഡയറി പരിശോധിച്ച് അടുത്ത പ്രവൃത്തിദിവസം നൽകേണ്ട എല്ലാ സേവനങ്ങളും ഫ്രണ്ട് ഓഫീസിൽ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഏതെങ്കിലും സെക്ഷനിൽ നിന്ന് സേവനം ലഭ്യമാക്കിയിട്ടില്ലെങ്കിൽ സൂപ്പർവൈസറുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.

4) ഫ്രണ്ട് ഓഫീസ് ചുമതലയുള്ള ഉദ്യോഗസ്ഥർ തങ്ങളുടെ മറ്റ് ചുമതലകൾ ഓഫീസ് ഉത്തരവ് പ്രകാരം അതതു പോലെ നിർവ്വഹിക്കേണ്ടതാണ്.

4.1 ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്

ഫ്രണ്ട് ഓഫീസിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി പഞ്ചായത്തിലെ ക്ലറി ക്കൽ ജീവനക്കാരെ **പ്രതിദിന ചംക്രമണം (daily rotation)** അടിസ്ഥാനത്തിൽ നിയോഗിക്കേണ്ടതാണ്. പ്രവർത്തന ചുമതല ഓരോ ദിവസവും വൈകുന്നേരം കൈമാറേ

ണ്ടതും, ചുമതലാ കൈമാറ്റം ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.(മാതൃക അനുബന്ധം 6 ആയി ചേർത്തിരിക്കുന്നു.) ഇപ്രകാരം ചുമതലകൈമാറ്റം നടത്തുമ്പോൾ രസീത് ബുക്ക്, രജിസ്റ്ററുകൾ, മറ്റു രേഖകൾ എന്നിവയും ഫ്രണ്ട് ഓഫീസിൽ ലഭിച്ചതും വിതരണം ചെയ്യാത്തതുമായ സേവനങ്ങളും തപാലുകളും കൈമാറി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4.2 ഫ്രണ്ട് ഓഫീസ് അറ്റന്റർ

ഫ്രണ്ട് ഓഫീസ് ചുമതലക്കാരെ സഹായിക്കുന്നതിന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയോഗിക്കേണ്ടതാണ്.

4.3 ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ

1) ഓഫീസ് ഭരണസംവിധാനത്തിന്റെ സൂപ്പർവൈസറായ ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്കിന്റെ (JS/HC) നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കേണ്ടത്. ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിനിടയിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായാൽ യഥാസമയം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടത് സൂപ്പർവൈസറുടെ ചുമതലയായിരിക്കുന്നതാണ്.
2) ഫ്രണ്ട് ഓഫീസിന്റെയും മെയിൻ ഓഫീസിന്റെയും പ്രവർത്തനം നേരിട്ട് നിയന്ത്രിക്കവുന്ന തരത്തിലായിരിക്കണം സൂപ്പർവൈസറുടെ ഇരിപ്പിടം ക്രമീകരിക്കേണ്ടത്.
3) ലഭിക്കുന്ന എല്ലാ തപാലുകളും രജിസ്റ്റർ ചെയ്യുന്നുണ്ടെന്നും കൈപ്പറ്റ് രസീത് നൽകുന്നുണ്ടെന്നും തരംതിരിവുകൾ കൃത്യമാണെന്നും രജിസ്റ്റർ ചെയ്ത തപാലുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നുണ്ടെന്നും സേവനങ്ങൾ യഥാവിധി നൽകുന്നുണ്ടെന്നും സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതാണ്
4) വിതരണം ചെയ്യാൻ കഴിയാത്ത തപാലുകളുടെയും പ്രസിഡന്റ്/സെക്രട്ടറി എന്നിവർക്ക് നിർദ്ദേശങ്ങൾക്കായി നൽകുന്ന തപാലുകളുടെയും ചുമതല സൂപ്പർവൈസർക്കായിരിക്കും.
5) നൽകേണ്ട സേവനങ്ങൾ ബന്ധപ്പെട്ട സെക്ഷനുകൾ യഥാസമയം ഫ്രണ്ട് ഓഫീസിൽ ലഭ്യമാക്കുന്നുവെന്നും അയച്ചു നൽകേണ്ടവ ഡെസ്പാച്ച് ചെയ്ത വിവരം ഫ്രണ്ട് ഓഫീസിൽ ലഭ്യമാക്കിയെന്നും സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതാണ്.
6) ഫ്രണ്ട് ഓഫീസ് ഡയറി അടക്കമുള്ള രജിസ്റ്ററുകൾ പ്രതിദിനം പരിശോധിച്ച് ജീവനക്കാരുടെ ശാസ്ത്രീയമായ ജോലി വിഭജനവും പെർഫോർമൻസ് മാനേജ്മെന്റും സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതാണ്.
7)

5. ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം

ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം രാവിലെ 10.00 മണി മുതൽ വൈകുന്നേരം 3.00 മണിവരെ ആയിരിക്കേണ്ടതാണ്.

6 സേവനങ്ങളും നിബന്ധനകളും സംബന്ധിച്ച അറിയിപ്പുകൾ

ഓഫീസിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ, അവയ്ക്കുള്ള നിബന്ധനകൾ, യോഗങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ തുടങ്ങിയ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി പഞ്ചായത്തിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

1) നോട്ടീസ് ബോർഡ്

2) സേവനവിവര ബോർഡുകൾ (മാതൃക അനുബന്ധം 7 ആയി നൽകിയിരിക്കുന്നു.)

3) വിവരാവകാശ നിയമം, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ നിയമങ്ങൾ തുടങ്ങിയവ പ്രകാരം ചുമതലപ്പെട്ട നിയമസ്ഥാപനങ്ങൾ/അധികാരികൾ/ഉത്തരവാദപ്പെട്ടവർ എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുന്ന ബോർഡുകൾ

4) അഴിമതി നിർമ്മാർജ്ജനം, പരാതി പരിഹാരം, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ബോർഡുകൾ

താഴെപ്പറയുന്നവ കൂടി ഏർപ്പെടുത്താവുന്നതാണ്.

1) ഹാജർ ബോർഡ് (മാതൃക അനുബന്ധം 8 ആയി നൽകിയിരിക്കുന്നു.)

2) ഗ്രാമസഭാ ബോർഡ് (മാതൃക അനുബന്ധം 9 ആയി നൽകിയിരിക്കുന്നു.)

3) യോഗങ്ങൾ സംബന്ധിച്ച ബോർഡ് (മാതൃക അനുബന്ധം 10 ആയി നൽകിയിരിക്കുന്നു.)

4) സർവീസ് സ്റ്റാറ്റസ് ബോർഡ് (ഓരോ ഇനം സേവനത്തിനുമുള്ള ഏത് തീയതി വരെയുള്ള അപേക്ഷകൾ തീർപ്പാക്കി എന്ന രേഖപ്പെടുത്തുന്നതിനായി അനുബന്ധം 11 ൽ നൽകിയിരിക്കുന്ന മാതൃകയിൽ സർവീസ് സ്റ്റാറ്റസ് ബോർഡ് പ്രദർശിപ്പിക്കേണ്ടതും അത് എല്ലാ ദിവസവും വൈകുന്നേരം 4.30 ന് പുതുക്കേണ്ടതുമാണ്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ, ലൈസൻസ് അപേക്ഷകൾ, പെൻഷൻ അപേക്ഷകൾ എന്നീ ഇനങ്ങൾ നിർബ്ബന്ധമായും ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

7 ടോക്കൺ സമ്പ്രദായം

ആദ്യം വരുന്നവർക്ക് ആദ്യം സേവനം നൽകുക എന്ന മാനദണ്ഡം പാലിക്കുന്നതിനായി ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. ഇതിലേക്കായി ഡിസ്പ്ലേ ബോർഡുകളും സ്ഥാപിക്കാവുന്നതാണ്.

8. ഫ്രണ്ട് ഓഫീസ് ഭൗതികസൗകര്യങ്ങൾ

8. 1. പൊതുജനങ്ങൾക്കുള്ള ഭൗതികസൗകര്യങ്ങൾ

സേവനാവകാശികൾക്ക് മാന്യതയും ആദരവും നൽകുന്നതിന് താഴെപ്പറയുന്ന ഭൗതിക സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ഏർപ്പെടുത്തേണ്ടതാണ്.

എ. നിർബ്ബന്ധമായും ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ

1) ഫ്രണ്ട് ഓഫീസ് കൗണ്ടർ

2) ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയത്തിനു ശേഷവും അവധി ദിവസങ്ങളിലും അപേക്ഷകളും മറ്റും നിക്ഷേപിക്കുന്നതിനുള്ള തപാൽപെട്ടി

3) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ റാമ്പ് സംവിധാനം

4) സൗകര്യപ്രദമായ ഇരിപ്പിടങ്ങളും എഴുത്തുമേശയും

5) അപേക്ഷാ ഫോറങ്ങൾ

6) പേന, പശ, നൂൽ, സ്റ്റാപ്ലർ, പേപ്പർ പഞ്ച്, മൊട്ടുസൂചി മുതലായ സ്റ്റേഷനറി സാധനങ്ങൾ

7) കുടിവെള്ളം

8) മൂത്രപ്പുരയും കക്കൂസ് സൗകര്യവും

9) പരാതികൾ നിക്ഷേപിക്കുന്നതിന്, അത് തുറക്കുന്ന ദിവസം, തുറക്കാൻ ഉത്തരവാദപ്പെട്ട ആൾക്കാർ, തുടർനടപടിക്രമം എന്നിവ രേഖപ്പെടുത്തിയ പരാതിപ്പെട്ടി

ബി. ഏർപ്പെടുത്താവുന്ന മറ്റു സൗകര്യങ്ങൾ

1) വാഷ്ബേസിൻ

2) പ്രഥമ ശുശ്രൂഷക്കാവശ്യമായ കിറ്റ്

3) പണം ഉപയോഗിച്ച് ഉപയോഗിക്കാവുന്ന പൊതുവായ ഫോൺ സൗകര്യം

4) പത്രമാസികകൾ, ലഘുലേഖകൾ തുടങ്ങിയവ

5) പഞ്ചായത്തിന്റെ വിവിധ പദ്ധതികളും സേവനങ്ങളും സംബന്ധിച്ച വിവരങ്ങൾ, അറിയിപ്പുകൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനുള്ള ടെലിവിഷൻ

8.2. ഫ്രണ്ട് ഓഫീസ് ചുമതലക്കാർക്കുള്ള ഭൗതിക സൗകര്യങ്ങൾ

ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി ചുമതലക്കാരായ ജീവനക്കാർക്ക് ചുവടെ ചേർക്കുന്ന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

1) ഇരിപ്പിടം, മേശ, ഷെൽഫ്, കാബിൻ, പണം സൂക്ഷിക്കുന്നതിനുള്ള സംവിധാനം, ആവശ്യമായ സ്റ്റേഷനറി

2) രജിസ്ട്രേഷൻ -വിതരണ രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി തുടങ്ങിയവയും വിവിധ അപേക്ഷാ ഫോറങ്ങളും ആവശ്യമായ മുദ്രകളും

3) കൈപ്പറ്റ് രസീത്

4) പരിഷ്കരിച്ചതും, പൂർണ്ണവുമായ പൗരാവകാശ രേഖ

5) പഞ്ചായത്തുമായി ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ

6) ഇന്റർകോം

7) ഇന്റർനെറ്റ് സൗകര്യമുള്ളതും ആഫീസിലെ കമ്പ്യൂട്ടർശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുള്ളതും ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിനുപയുക്തമായ സോഫ്റ്റ്വെയർ വിന്യസിച്ചിട്ടുള്ളതുമായ കമ്പ്യൂട്ടർ

8) ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ വിലാസം, ടെല ഫോൺ നമ്പറുകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ഇൻഫർമേഷൻ ഡയറക്ടറി

9) ഓഫീസ് ഉത്തരവും ജോലിവിഭജന രേഖയും

10) ഓരോ വാർഡിലേയും ജനപ്രതിനിധികൾ, ചുമതലയുള്ള ഉദ്യോഗസ്ഥർ, പ്രമോട്ടർമാർ, കുടുംബശ്രീ ഭാരവാഹികൾ, മറ്റ് കമ്മറ്റി ഭാരവാഹികൾ, പ്രേരക്മാർ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ വിവരങ്ങൾ

11) വിഷയതല പരിശോധനാ പട്ടിക (ചെക്ക് ലിസ്റ്റു)കൾ

12) രസീത് ബുക്ക്

9. മോണിറ്ററിംഗ് സംവിധാനം

1) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നു റപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണ്. ഈ സമിതിയിൽ എല്ലാ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളും അംഗങ്ങളായിരിക്കേണ്ടതാണ്. സ്റ്റിയറിംഗ് കമ്മിറ്റിയിൽ വനിതാ അംഗമോ പട്ടികജാതി/പട്ടികവർഗ്ഗ അംഗമോ ഇല്ലെങ്കിൽ പഞ്ചായത്ത് കമ്മിറ്റിയിലെ ഏറ്റവും പ്രായം കൂടിയ വനിതാ അംഗത്തെയും SC/ST അംഗത്തെയും സമിതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2) മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതും ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ ശുപാർശകൾ പഞ്ചായത്ത് സമിതിക്ക് നൽകേണ്ടതുമാണ്. ഓഫീസ് പ്രവർത്തനം സംബന്ധിച്ച പെർഫോർമൻസ് റിപ്പോർട്ട് വൈസ് പ്രസിഡണ്ടും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി സമിതിക്ക് സമർപ്പിക്കേണ്ടതാണ്. പൗരാവകാശരേഖ കാലാനുസൃതമായി പരിഷ്കരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ മോണിറ്ററിംഗ് സമിതി രൂപപ്പെടുത്തേണ്ടതാണ്. യോഗതീരുമാനങ്ങൾ രേഖപ്പെടുത്തി പഞ്ചായത്തിന് സമർപ്പിക്കേണ്ടത് കൺവീനറുടെ ചുമതലയായിരിക്കും. മോണിറ്ററിംഗ് സമിതിയുടെ ശുപാർശകൾ പഞ്ചായത്ത് യോഗത്തിൽ ചർച്ച ചെയ്യേണ്ടതാണ്.

10. സ്റ്റാഫ് മീറ്റിംഗ്

1) സെക്രട്ടറി വിളിച്ചു ചേർക്കുന്ന ജീവനക്കാരുടെ പ്രതിമാസ യോഗത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനവും വിലയിരുത്തേണ്ടതാണ്.

2) ഫ്രണ്ട് ഓഫീസ് പ്രവർത്തനം സബന്ധിച്ച പരാതികൾ, പരിഹാര നിർദ്ദേശങ്ങൾ, മോണിറ്റിംഗ് സമിതി നിർദ്ദേശങ്ങൾ എന്നിവ സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്യേണ്ടതാണ്. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സ്റ്റാഫ് മീറ്റിങ്ങിൽ രൂപപ്പെടുത്തേണ്ടതും, പഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്.

11. പൊതുജന വിലയിരുത്തൽ സംവിധാനം

ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലിയരുത്തുന്നതിനും നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും വിലയിരുത്തൽ സംവിധാനം പഞ്ചായത്തുകൾ ഏർപ്പെടുത്തേണ്ടതും ലഭിക്കുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മോണിറ്ററിംഗ് സമിതിയിൽ ചർച്ച ചെയ്ത് യുക്തമായ ശുപാർശകൾ പഞ്ചായത്തിന് നൽകേണ്ടതാണ്.

12. പ്രചാരണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും, സംവിധാനത്തിന്റെ ലക്ഷ്യങ്ങളും നേട്ടങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനുമായി പഞ്ചായത്തുകൾ വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

13. പ്രത്യേക ദിനങ്ങൾ ഏർപ്പെടുത്തൽ

അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ സാങ്കേതിക പരിശോധന കൂടുതൽ ആവശ്യമായി വരുന്നതോ, കൂടുതൽ എണ്ണം വരുന്നതോ ആയ തരം അപേക്ഷകൾ സ്വീകരിക്കുന്നതിനായി ആഴ്ചയിൽ ചില നിശ്ചിത ദിവസങ്ങളിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്. എന്നാൽ മറ്റു ദിവസങ്ങളിലും അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്.

14. വാർഷിക പൗരയോഗങ്ങൾ

ഗ്രാമ പഞ്ചായത്തുകളുടെ സേവനപ്രദാനം സംബന്ധിച്ച് ജനകേന്ദ്രീകൃത വിലയിരുത്തൽ നടത്തുന്നതിന് വാർഷിക പൗരയോഗങ്ങൾ പഞ്ചായത്ത് സംഘടിപ്പിക്കേണ്ടതാണ്. എല്ലാ വർഷവും ജനുവരി മാസത്തിൽ സേവനാവകാശി സമൂഹത്തിലെ വിവിധതലങ്ങളിൽപ്പെട്ടവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട് 75 മുതൽ 100 വരെ പേരെ പങ്കെടുപ്പിച്ചുകൊണ്ടായിരിക്കണം യോഗം സംഘടിപ്പിക്കേണ്ടത്. പൊതുജനങ്ങൾക്കു നൽകുന്ന സേവനങ്ങൾ, അവയുടെ കാര്യക്ഷമതാപ്രശ്നങ്ങൾ തുടങ്ങിയവ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തേണ്ടതുമാണ്. തൊട്ടുമുൻവർഷത്തെ സേവനപ്രദാനം സംബന്ധിച്ച പഞ്ചായത്തിന്റെ അവസ്ഥാവിശകലനവും കണക്കുകളും ഉൾപ്പെട്ട റിപ്പോർട്ട് യോഗത്തിനു മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്.

അനുബന്ധം 1

രജിസ്ട്രേഷൻ – വിതരണ രജിസ്റ്റർ

തീയതി	തപാൽ/ കറന്റ് നമ്പർ	ആരിൽ നിന്നും ലഭിച്ചു (മേൽവിലാസവും ഫോൺ നമ്പരും സഹിതം)	റഫറൻസ് നമ്പറും തിയതിയും	അപേക്ഷയുടെ/ തപാലിന്റെ സ്വഭാവം/ വിഷയം	സെക്ഷൻ	ഏത് രജിസ്റ്ററിൽ ചേർക്കണം	സേവനം ലഭ്യമാക്കുന്ന തീയതി	കൈപ്പറ്റുന്ന സെക്ഷന്റെ തീയതിയോടു കൂടിയ ഒപ്പ്	അഭിപ്രായക്കുറിപ്പ്
1	2	3	4	5	6	7	8	9	10

അനുബന്ധം 2

കൈപ്പറ്റ് രസീത്

(അസ്സൽ /പകർപ്പ്)

..... ഗ്രാമ പഞ്ചായത്ത്

വിലാസം, ഫോൺ നമ്പർ

കൈപ്പറ്റ് രസീത്

നമ്പർ : ..... / 20.... തീയതി :.....

അപേക്ഷകയുടെ(ന്റെ) പേര് :.....

വിഷയം (ചുരുക്കത്തിൽ) :.....

സേവനം ലഭ്യമാക്കുന്ന തീയതി :.....

സെക്ഷൻ :.....

(ആഫീസ് മുദ്ര) ഫ്രണ്ട് ആഫീസ് അസിസ്റ്റന്റിന്റെ ഒപ്പ്

സേവനം കൈപ്പറ്റുന്നതിനോ തുടർ നടപടികളറിയുന്നതിനോ
സമീപിക്കുമ്പോൾ നിർബന്ധമായും ഈ രസീത് കൊണ്ടുവരേണ്ടതാണ്.

അനുബന്ധം 3

ഫ്രണ്ട് ഓഫീസ് ഡയറി

തീയതി :.....

തപാൽ നമ്പർ	അപേക്ഷകന്റെ പേര്	സേവനത്തിന്റെ സ്വഭാവം	സേവനം ലഭ്യമാക്കേണ്ട സെക്ഷൻ	ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭിച്ച തീയതി	സേവനം നൽകിയ തീയതി	കൈപ്പറ്റുന്ന ആളുടെ പേരും ഒപ്പും	അഭിപ്രായക്കുറിപ്പ്
1	2	3	4	5	6	7	8

അനുബന്ധം 4

മെസേജ് ബുക്ക്

ക്രമ നമ്പർ	തീയതി	മെസേജ്	ആർക്ക്	മറുപടി/അക്നോളജ്മെന്റ് (ചുരുക്കൊപ്പും തീയതിയും സഹിതം)
1	**2**	**3**	**4**	**5**

അനുബന്ധം 5

ഫോറം വിതരണ രജിസ്റ്റർ

ഫോറത്തിന്റെ പേര് :-

തിയതി	പ്രാരംഭ എണ്ണം	അന്നേ ദിവസം സ്റ്റോക്കിലെടുത്ത ഫാറങ്ങളുടെ എണ്ണം	ആകെ എണ്ണം	വിതരണം ചെയ്ത എണ്ണം	ബാക്കി എണ്ണം	ടെണ്ടർ ഫാറങ്ങൾ മുതലായവയുടെ കാര്യത്തിൽ			ആകെ കൈപ്പറ്റിയ തുക	റിമാർക്സ്	ഇനിഷ്യൽ
						ആർക്ക് വിതരണം ചെയ്തു	രസീത് നമ്പറും തിയതിയും	തുക			
1	2	3	4	5	6	7(a)	7 (b)	7 (c)	8	9	10

കുറിപ്പ് :- ഓരോ ഇനം ഫോറത്തിനും വ്യത്യസ്ത പേജുകൾ ഉപയോഗിക്കുക

അനുബന്ധം 6

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ

തീയതി	രജിസ്ട്രേഷൻ വിതരണ രജിസ്റ്റർ ക്ലോസ് ചെയ്തോ	ഫ്രണ്ട് ഓഫീസ് കാഷ് ബാലൻസ്	ഉപയോഗിക്കാത്ത കാഷ് രസീതുകളുടെ നമ്പർ (.....മുതൽ .....വരെ)	ചുമതല കൈമാറിയ സമയം	ചുമതല കൈമാറി നൽകിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും	ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്റെ പേരും ഒപ്പും	സൂപ്പർവൈസറുടെ ഒപ്പ്
1	2	3	4	5	6	7	8

അനുബന്ധം 7

സേവന വിവര ബോർഡ്

ക്രമ നമ്പർ	സേവനങ്ങൾ	നിബന്ധനകൾ	ഫീസ്	സമയപരിധി	പരാതിപരിഹാര സംവിധാനം
1	2	3	4	5	6

അനുബന്ധം 8

ഹാജർ ബോർഡ്

..... ഗ്രാമപഞ്ചായത്ത്

തീയതി :

ക്രമ നമ്പർ	ഔദ്യോഗിക പദവി	പേര്	ഹാജർനില	പുറത്തുപോയിരിക്കുകയാണെങ്കിൽ അതു സംബന്ധിച്ച വിവരവും തിരികെ എത്തുന്ന സമയവും
1	2	3	4	5

അനുബന്ധം 9

ഗ്രാമസഭകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പ	വാർഡ് നമ്പർ	വാർഡിന്റെ പേര്	വാർഡംഗത്തിന്റെ പേര് (കൺവീനർ)	ആകെ വോട്ടർമാരുടെ എണ്ണം	ഗ്രാമസഭാതീയതിയും പങ്കാളിത്തവും					അഭിപ്രായക്കുറിപ്പ്
1	2	3	4	5	6	7	8	9	10	11

അനുബന്ധം 10

യോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	യോഗവിവരം	അവസാനംചേർന്ന തീയതി	അടുത്ത യോഗ തീയതി	അജണ്ടകൾ ചുരുക്കത്തിൽ
1	2	3	4	5

അനുബന്ധം 11

സർവ്വീസ് സ്റ്റാറ്റസ് ബോർഡ്

തീയതി :

ക്രമ നമ്പർ	ഇനം	ഏത് തീയതി വരെയുള്ള അപേക്ഷകൾ തീർപ്പാക്കി	ആവശ്യമായ രേഖകളുടെ അഭാവത്തിൽ നടപടി പൂർത്തിയാക്കാൻ കഴിയാത്ത അപേക്ഷകളുടെ എണ്ണം
1	2	3	4

Government of Kerala

Abstract

Local Self Government Department – Ombudsman for LSGIs – Constitution of Investigation Team for enquiring into the cases filed before the Hon'ble Ombudsman – Modified - Orders issued

……

LOCAL SELF GOVERNMENT (IA) DEPARTMENT

G.O. (Rt) No.2645/09/LSGD Dated, Thiruvananthapuram, 13.10.2009

……

Read: - 1.G.O (P) No. 1862/09/LSGD dated 25.07.2009

2. D.O No. A2/131/02/OBDN, dated 6.8.2009 from the Secretary, Ombudsman for LSGIs, Thiruvananthapuram

3. Letter No. E11/20616/09, dated 19.08.2009 from the Director of Panchayat, Thiruvananthapuram

4. Minutes of the meeting held by the Principal Secretary, LSGD on 18/09/2009

ORDER

As peer Government Order read as Ist paper above sanction was accorded to the Director of Panchayats and the Director of Urban Affairs to deploy tow experienced persons in audit form Panchayat Department and one form the Municipal Common Service for assisting the Hon'ble Ombudsman for LSGIs in enquiring the cases that are the filed before the Hon'ble Ombudsman.

In the letter read as 2nd paper above the Secretary, Ombudsman for LSGIs pointed out that the rank of officers being deployed to the investigation Team haven't been specified in the Government Order read as Ist paper above. He has also requested that the officers deployed shall be of or above the rank of Deputy Director of Panchayats/Joint Director of Panchayats.

The Director of Panchayats in his letter read as 3rd paper above has reported that there are practical difficulties for redeployment of officers in the rank of Deputy Director or Regional Joint Director for the Investigation Team.

Government have examined the matter in derails and are pleased to constitute the Investigation Team for enquiring into the cases filed before the Hon'ble Ombudsman for LSGIs by redeploying tow officers in the rank of Senior Superintendent form Panchayat Department and an official in the rank of Senior Superintendent form the Urban Affairs Department.

The Director of Panchayats/Director of Urban Affairs will make necessary arrangements in this regard at the earliest.

The Government Order read above stands modified to the above extent.

(BY ORDER OF THE GOVERNOR)
P.KRISHNA PILLAI
JOINT SECRETARY

GOVERNMENT OF KERALA
Abstract

Local Self Government Department - VPN Connectivity to local bodies through BSNL - Sanction accorded - Orders issued.

LOCAL SELF GOVERNMENT (IB) DEPARTMENT

G.O.(Rt)No.3239/2009/LSGD. Dated, Thiruvananthapuram 07.12.2009

Read :- Letter No. IKM/ECD/59/09 dated 16.9.09 from the Executive Chairman & Director, Information Kerala Mission

ORDER

In the letter read above the Executive Chairman & Director, Information Kerala Mission has furnished a proposal for providing VPN connectivity through BSNL to the local bodies which are not directly connected to KSWAN. The rates offered by BSNL are as follows:

SL.No	Particulars	Amount
1.	Broadband VPN (Basic Version V.P. No. BB 256 with 256 Kbps bandwidth)- annual	15,000
2.	Modem rental charges - annual	960
	Total	15,960
	Service Tax 10.3% extra	

Government have examined the matter in detail and are pleased to accord sanction to provide VPN connectivity on the rates offered by BSNL, to all the local bodies in the state where KSWAN connectivity is not available. The Information Kerala Mission is appointed as the Nodal Agency for providing connectivity.

Instead of submitting separate requests for connectivity to BSNL by the local bodies, the Information Kerala Mission will take necessary steps to connect the local bodies to broadband VPN to avoid the delay in implementation

The Information Kerala Mission will also sign a detailed Service Level Agreement with BSNL to ensure 100% uptime connectivity during office hours.

By Order of the Governor,
Abbey Paul
Under Secretary to Government

To

The Executive Chairman & Director, Information Kerala Mission
The Director of Urban Affairs
The Director of Panchayaths
The Commissioner for Rural Development
Information Technology Department
(vide U.O.No.5857/B2/09/ITD dated 10.11.2009)
The Accountant General (A&E/ Audit), Kerala, Thiruvananthapuram.
Stock File / Office Copy.

Forwarded/By Order,

Section Officer

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഐ.ബി)വകുപ്പ്

നം. 16993/ഐ.ബി.1/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 09.03.2010

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറൈസേഷൻ - നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- വികേ്, ീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 16.12.2009, 24.12.2009 തീയതികളിലെ യോഗ തീരുമാനങ്ങൾ

പദ്ധതി തയ്യാറാക്കൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, അക്കൗണ്ടിംഗ്, ആസ്തികളുടെ വിവരങ്ങൾ പുതുക്കൽ, തൊഴിലുറപ്പുപദ്ധതി തുടങ്ങിയവയുമായി ബന്ധപ്പെട്ട ജോലികൾ സോഫ്റ്റ്വെയറുകൾ ഉപയോഗിച്ച് നിർവഹിക്കുന്നതിന് കമ്പ്യൂട്ടറിന്റെ ലഭ്യതാകുറവ് കാരണം ചില ഗ്രാമപഞ്ചായത്തുകളിൽ തടസ്സം നേരിടുന്നുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ഗ്രാമപഞ്ചായത്തുകളിൽ 5 കമ്പ്യൂട്ടറുകൾ നിർബന്ധമായും ഉണ്ടായിരിക്കണം. അവയുടെ ഉപയോഗം ഫ്രണ്ട് ഓഫീസ്, എഞ്ചിനീയറിംഗ് സെക്ഷൻ, തൊഴിലുറപ്പു പദ്ധതി, വിവിധയിനം സർട്ടിഫിക്കറ്റുകൾ തയ്യാറാക്കൽ എന്നിവയ്ക്ക് ഓരോന്ന് വീതവും അവശേഷിക്കുന്ന ഒരെണ്ണം പൊതുവായ ആവശ്യത്തിനും എന്ന രീതിയിൽ ക്രമീകരിക്കണം. പ്രത്യേക ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്ന കമ്പ്യൂട്ടറുകൾ ഉപയോഗത്തിലല്ലാത്തപ്പോൾ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്.

(2) നിലവിൽ 5 കമ്പ്യൂട്ടറുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് കുറവുള്ള അത്രയും കമ്പ്യൂട്ടറുകൾ പുതുതായി വാങ്ങി മുൻഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ളത് പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ക്രമീകരിക്കേണ്ടതാണ്. അഞ്ചിൽ കൂടുതൽ കമ്പ്യൂട്ടറുകൾ ഉള്ള ഗ്രാമപഞ്ചായത്തുകൾക്ക് അവ തുടർന്നും ഉപയോഗിക്കാമെങ്കിലും പുതുതായി കമ്പ്യൂട്ടറുകൾ വാങ്ങാൻ പാടില്ല.

(3) ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പു പദ്ധതിക്കായി മാറ്റി വെയ്ക്കുന്ന കമ്പ്യൂട്ടർ ഒഴികെയുള്ള കമ്പ്യൂട്ടറുകളെ സെർവറുമായി ലോക്കൽ ഏരിയ നെറ്റ്വർക്കിൽ (LAN) ബന്ധിപ്പിക്കേണ്ടതാണ്.

(4) ഒരു ലോ എൻഡ് നെറ്റ്വർക്ക് ലേസർ പ്രിന്റർ, ഒരു 136 കോളം ഡോട്ട്മാട്രിക്സ് പ്രിന്റർ, ഒരു 80 കോളം ഡോട്ട്മാട്രിക്സ് പ്രിന്റർ എന്നിങ്ങനെ മൂന്ന് തരം പ്രിന്ററുകൾ ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടാകണം. ഈ രീതിയിൽ പ്രിന്ററുകൾ ലഭ്യമല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് കുറവുള്ളവ പുതുതായി വാങ്ങാവുന്നതാണ്. ലഭ്യമായ എല്ലാ കമ്പ്യൂട്ടറുകളെയും LAN-ൽ ബന്ധിപ്പിച്ചു കൊണ്ടായിരിക്കണം ലേസർ പ്രിന്റർ സ്ഥാപിക്കേണ്ടത്.

(5) മുകളിൽ സൂചിപ്പിച്ചത് പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് അനുസൃതമായി ആവശ്യാനുസരണം യു.പി.എസ്സും വാങ്ങേണ്ടതാണ്.

(6) കമ്പ്യൂട്ടർ വാങ്ങുന്നതിനോടൊപ്പം നെറ്റ്വർക്ക് കേബിളിംഗ്, യു.പി.എസ്സ് വയറിംഗ് എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

(7) ഉപകരണങ്ങൾക്കെല്ലാം വാറന്റി തീരുന്ന മുറയ്ക്ക് വാർഷിക മെയിന്റനൻസ് കരാറിൽ (AMC) ഏർപ്പെടണം. സെർവർ കമ്പ്യൂട്ടറിനും യു.പി.എസ്സിനും അതാത് നിർമ്മാതാവിൽ നിന്ന് നേരിട്ടും മറ്റുപകരണങ്ങൾക്ക് നല്ല നിലവാരമുള്ള ഒരു പ്രാദേശിക സേവന ദാതാവിൽ നിന്നും സേവന നിലകൾ (service levels) വ്യക്തമാക്കിക്കൊണ്ട് മെയിന്റനൻസ് കരാറിൽ ഏർപ്പെടേണ്ടതാണ്.

(8) ഇൻഫർമേഷൻ കേരള മിഷൻ നിഷ്കർഷിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരം, ഡി.ജി.എസ്.ആന്റ്.ഡി. റേറ്റ് കോൺട്രാക്ട് പ്രകാരമൊ സ്റ്റോർ പർച്ചേഴ്സ് നിബന്ധനകൾ പ്രകാരമൊ ഉപകരണങ്ങൾ വാങ്ങാവുന്നതാണ്.

(9) ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ട വിഹിതം 2009-10 വാർഷിക പദ്ധതി ഭേദഗതി ചെയ്തോ 2010-11 വാർഷിക പദ്ധതിയിലോ കണ്ടെത്തണം.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
3 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
4 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
6 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
7 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
8 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
10 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാകളക്ടർമാർ) മാർക്കും
11 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
13 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
14 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
15 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
16 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
17 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
18 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം. സെക്ഷനുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കേരള ലാ ജേർണലിന്റെ വരിക്കാരാകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

ജി.ഒ.(സാധാ) നം. 872/10/തസ്വഭവ തിരുവനന്തപുരം, തീയതി, 16/03/2010.

പരാമർശം:- 1) സീനിയർ അഡ്വക്കേറ്റ് ശ്രീ. എ.കെ. ദാമോദരന്റെ 2-12-2009 -ലെ നിവേദനം.
2) പഞ്ചായത്ത് ഡയറക്ടറുടെ 28-1-2010 -ലെ എൻ-638/2010 നമ്പർ കത്ത്.

ഉത്തരവ്

കേരള ലാ ജേർണലിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ആയതിന്റെ വരിക്കാരാകുന്നതിന് സർക്കാർ നിർദ്ദേശം നൽകണമെന്നു പരാമർശത്തിലെ നിവേദനത്തിലൂടെ സീനിയർ അഡ്വക്കേറ്റ് ശ്രീ. എം.കെ. ദാമോദരൻ അഭ്യർത്ഥിച്ചിരുന്നു. പരാമർശം രണ്ടിലെ പഞ്ചായത്തു ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയം വിശദമായി പരിശോധിച്ചു.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കേരള ലാ ജേർണൽ വാരികയുടെ വരിക്കാരാകാനും തനതു ഫണ്ടിൽ നിന്നും വരിസംഖ്യ അടയ്ക്കുവാനും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ആർ. രാജീവ്
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം - ഇലക്ട്രിക്കൽ/നെറ്റ് വർക്ക് ജോലികൾ ജില്ലാടിസ്ഥാനത്തിൽ നടത്തുന്നതിന് കോൺട്രാക്ടർമാരെ തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ (സാധാ) നം. 1928/2010/തസ്വഭവ. തിരുവനന്തപുരം, തീയതി 11.6.10

പരാമർശം :-
1. സ.ഉ (സാധാ) നം.89/2008/തസ്വഭവ തീയതി 18.1.08.
2. സ.ഉ (സാധാ) നം.634/2009/തസ്വഭവ തീയതി 13.3.2009.
3. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 10.2.10, 14.5.10 തീയതികളിലെ പി&ഡബ്ല്യൂ 696/09-10 നമ്പർ കത്തുകൾ.

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറൈസേഷന് ആവശ്യമായ ഇലക്ട്രിക്കൽ/നെറ്റ് വർക്ക് ജോലികൾ 31.3.2008 ന് മുമ്പ് ചെയ്തു തീർക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ കോൺട്രാക്ടർമാരുടെ ലിസ്റ്റിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത ജോലികൾ യഥാസമയം പൂർത്തിയാകാതിരുന്നതിനാൽ ലിസ്റ്റിന്റെ കാലാവധി 31.3.2009 വരെ നീട്ടിക്കൊണ്ട് പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായി.

ദീർഘിപ്പിച്ച കാലാവധി കഴിഞ്ഞിട്ടും ജോലികൾ പൂർത്തിയാകാത്തതിനാൽ ഇൻഫർമേഷൻ കേരള മിഷൻ വീണ്ടും ടെണ്ടർ വിളിച്ച് കോൺട്രാക്ടർമാരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കി പരാമർശം 3 പ്രകാരം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോൺട്രാക്ടർമാരുടെ സേവനം നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ/നെറ്റ് വർക്കിംഗ് ജോലികൾ 31.12.2010 നകം ചെയ്തു തീർക്കുന്നതിലേയ്ക്കായി ഉപയോഗിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
പി.ശ്യാമള
ജോയിന്റ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർ(പഞ്ചായത്ത് ഡയറക്ടർ മുഖേന)
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
എസ്.എഫ്/ഒ.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Local Self Government Department- Wide Area Network connectivity to local governments through BSNL -Sanctioned -orders issued.

Local Self Government (IB) Department

G.O.(Rt)3635/ 2010/LSGD Dated, Thiruvananthapuram 19.11.2010

Read: 1. G.O.(Rt) 3239/2009/LSGD dated 7.12.09
2. Letter No. IKM/SUP/110/WAN dated 6.8.10 from the Executive Chairman & Director, Information Kerala Mission.
3. Decision No.1.6 of the Co-ordination Committee Meeting held on 26.10.10

ORDER

As per G.O. read above Government have accorded sanction to provide VPN connectivity through BSNL to all the local bodies where KSWAN Connectivity is not available IKM has been designated as the nodal agency for providing connectivity.

In the letter read as 2nd paper above, the Executive Chairman & Director, IKM has requested Government to accord sanction to the local bodies to take a separate Sulabh type connection (without outgoing call facility) for reliable connectivity.

The proposal was discussed in the meeting of the Co-ordination Committee held on 26.10.10 and as per the decision of the committee Government are pleased to orders as follows.

(1) The Local Self Government Institutions are allowed to take 'Sulabh' type connection having no outgoing facility by meeting the expenditure from the general purpose/ own fund.

(2) The Secretaries of the Local bodies will submit application to BSNL for VPNoBB Connection. Necessary assistance will be given by IKM.

(3) BSNL will provide 100% connectivity during office hours, but in case of failure, the annual period will be extended. The IKM and the local bodies will take necessary steps for the same.

(4) To make available the connection and to ensure its functioning a co-ordination mechanism at the district level will be constituted with the following personnel:

(i) The Deputy Director of Panchayaths
(ii) BSNL representative (DGM/DE of the SSA concerned)
(iii) Information Kerala Mission District Co-ordinator

(5) Information Kerala Mission is allowed to take MPLSVPN connection as it is required to connect IKM to the State Data Centre.

By Order of the Governor,
P. Syamala
Joint Secretary to Government

To

The Executive Chairman & Director, Information Kerala Mission
The Director of Urban Affairs
The Director of Panchayaths
The Commissioner for Rural Development
Local Self Government (DA) Department
The Accountant General (A&E/ Audit), Kerala, Thiruvananthapuram.
Stock File / Office Copy.

Forwarded/By Order.

Section Officer

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്

നം.2006/എസി3/11/തസ്വഭവ. തിരുവനന്തപുരം,
തീയതി: 06/01/2011.

സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ -ആഫീസ് അച്ചടക്കം കർശനമായി പാലിക്കുന്നത് സംബന്ധിച്ച് -നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി അവയുടെ ആഫീസ്സുകളിൽ എത്തിച്ചേരുന്ന പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഹാജരില്ലാത്തത് മൂലം വളരെ പ്രയാസങ്ങൾ നേരിടുന്നതായി നിരവധി പരാതികൾ സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്നു. ഉദ്യോഗസ്ഥർ ആഫീസ് അച്ചടക്കം പാലിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും അവർ കൃത്യമായി ആഫീസ്സിൽ ഹാജരാകേണ്ടത് സംബന്ധിച്ചും അവർക്ക് അവധി അനുവദിക്കുമ്പോൾ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നിലവിലുള്ളതാണ്. എന്നാൽ ഇവ പലപ്പോഴും പാലിക്കപ്പെടുന്നില്ലാ എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ പൊതുജനങ്ങൾക്കുള്ള പരാതികൾ ഒഴിവാക്കുന്നതിനും ആഫീസ് അച്ചടക്കം കർശനമായി പാലിക്കപ്പെടുന്നതിനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓരോ സെക്ഷനിലെയും ക്ലാർക്കുമാർ തങ്ങളുടെ അധീനതയിലുള്ള ഫയലുകൾ മേശയിലോ അലമാരയിലോ പൂട്ടിവച്ച് താക്കോലുമായി ആഫീസ് വിട്ടു പോകുന്ന രീതി അവസാനിപ്പിക്കേണ്ടതാണ്. ആഫീസ് വിട്ടുപോകുമ്പോൾ താക്കോലുകൾ തന്റെ മേലുദ്യോഗസ്ഥനെയോ ആഫീസ് മേധാവിയെയോ ഏൽപ്പിക്കേണ്ടതാണ്.

2. ഒരു ഉദ്യോഗസ്ഥൻ അവധിയിലാണെങ്കിൽ അയാൾ നിർവ്വഹിക്കേണ്ട അടിയന്തിര ചുമതലകൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ തന്റെ കീഴിലുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനെകൊണ്ട് നിർവ്വഹിപ്പിക്കേണ്ടതും അപ്രകാരം ചുമതലകൾ ഏൽപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവ മേലുദ്യോഗസ്ഥൻ തന്നെ നിർവ്വഹിക്കേണ്ടതുമാണ്. ഏതെങ്കിലും കാര്യസാദ്ധ്യത്തിനായി ആഫീസിൽ എത്തുന്ന യാതൊരാളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലത്തില്ല എന്ന് പറഞ്ഞു മടക്കി അയയ്ക്കാൻ പാടുള്ളതല്ല.

3. മുൻകൂട്ടി അനുവാദം വാങ്ങാതെ ഉദ്യോഗസ്ഥർ അവധി എടുക്കുന്ന പ്രവണത യാതൊരു കാരണവശാലും പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഏതെങ്കിലും ജീവനക്കാരന് അവധി അനുവദിക്കുന്നത് മൂലം ആഫീസ് കാര്യങ്ങൾ തടസ്സപ്പെടുകയില്ല എന്ന് ബോദ്ധ്യപ്പെട്ട് മേലുദ്യോഗസ്ഥൻ ശുപാർശ ചെയ്താൽ മാത്രമെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അയാൾക്ക് അവധി അനുവദിക്കാൻ പാടുള്ളൂ.

4. ആഫീസിൽ കൃത്യമായി ഹാജരാകുന്നതിലും സമയ ക്ലിപ്തത പാലിക്കുന്നതിലും വീഴ്ച വരുത്തുന്നവരുടെ പേരിൽ സെക്രട്ടറി യഥാസമയം നിയമാനുസൃത അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

5. കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ആഫീസ് വിട്ടു പോകുന്ന ജീവനക്കാർ അവർ എവിടേക്ക് പോകുന്നു, എപ്പോൾ തിരിച്ചു വരും തുടങ്ങിയ കാര്യങ്ങൾ കൃത്യമായി മേലുദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ ബന്ധപ്പെടാവുന്ന ഫോൺ നമ്പരും നൽകേണ്ടതാണ്.

6. ഒരു വകുപ്പിന്റെ മേധാവി അവധി എടുക്കുമ്പോൾ സെക്രട്ടറിയുടെ അനുവാദത്തോടുകൂടി തന്റെ ചുമതലകൾ ഇതര വകുപ്പ് മേധാവിയെയോ മേലുദ്യോഗസ്ഥനെയെയോ ഏൽപ്പിക്കേണ്ടതാണ്. അപ്രകാരം ചുമതലകൾ ഏൽപ്പിച്ചു കിട്ടിയ ഉദ്യോഗസ്ഥൻ, സ്വന്തം ചുമതലകൾ നിർവ്വഹിക്കുന്നത് പോലെ തന്നെ ഏൽപ്പിച്ച് കിട്ടിയ ചുമതലകളും നിർവ്വഹിക്കേണ്ടതാണ്.

7. സെക്രട്ടറി അവധി എടുക്കുമ്പോഴും ഔദ്യോഗിക ആവശ്യങ്ങൾക്ക് സ്റ്റേഷൻ വിട്ടു പോകുമ്പോഴും ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് എഞ്ചിനീയറെയോ സൂപ്രണ്ടിനെയോ ഹെഡ്-ക്ലാർക്കിനെയോ ഏതെങ്കിലും ഉയർന്ന ഉദ്യോഗസ്ഥനെയോ ചുമതല ഏൽപ്പിക്കേണ്ടതാണ്. സെക്രട്ടറിക്ക് സ്റ്റാറ്റ്യൂട്ടറി ഉത്തരവാദിത്വമുള്ളതൊഴികെയുള്ള എല്ലാ കാര്യങ്ങളും അപ്രകാരം ചുമതല ഏൽപ്പിക്കപ്പെടുന്നയാൾ നിർവ്വഹിക്കേണ്ടതാണ്.

8. സെക്രട്ടറിമാരും വകുപ്പ് മേധാവികളും അവധി എടുക്കുന്നതും അധികാര പരിധിവിട്ടു പോകുന്നതും മേയറുടെ/മുനിസിപ്പൽ ചെയർപേഴ്സന്റെ/പഞ്ചായത്ത് പ്രസിഡണ്ടിന്റെ അറിവോടെ ആയിരിക്കേണ്ടതാണ്.

9. ഒരു ഉദ്യോഗസ്ഥൻ ആഫീസ്സിൽ ഹാജരായിട്ടില്ല എന്ന കാരണത്താൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ഏതെങ്കിലും സേവനം ലഭിക്കുന്നതിന് വേണ്ടി

ആഫീസ്സിൽ എത്തിയ ഒരാൾക്ക് കാര്യം സാദ്ധ്യമാകാതെ വരുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട മേലുദ്യോഗസ്ഥന് ആയിരിക്കുന്നതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഓവർസീയർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ കാര്യത്തിലും ഇത് ബാധകമാണ്. പൊതുജനങ്ങളിൽ നിന്ന് ഈ വിഷയത്തിൽ പരാതികൾ ലഭിക്കുന്ന പക്ഷം സർക്കാർ ബന്ധപ്പെട്ട മേലുദ്യോഗസ്ഥന്റെ പേരിൽ കൃത്യനിർവ്വഹണത്തിലെ വീഴ്ചയ്ക്ക് കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രാദേശിക തലത്തിൽ ജീവനക്കാരുടെയും മേലധികാരികളുടെയും കാര്യത്തിൽ ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൻമേൽ സെക്രട്ടറി കർശന നടപടി സ്വീകരിക്കേണ്ടതാണ്.

10. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തുന്ന പക്ഷം സെക്രട്ടറിക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

എസ്.എം.വിജയാനന്ദ്,
അഡീഷണൽ ചീഫ് സെക്രട്ടറി (തദ്ദേശ സ്വയംഭരണം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.ആന്റ് .പി.ആർ.ഡി (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ആഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറി (തദ്ദേശ സ്വയംഭരണം) -യുടെ പി.എ ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- 02.04.2011 മുതൽ തദ്ദേശസ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്

സ.ഉ(കൈ) നം.61/2011/തസ്വഭവ തിരുവനന്തപുരം, തീയതി 26.02.2011

ഉത്തരവ്

02.04.2011 മുതൽക്ക് പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം , നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിലേക്ക് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരള, തിരുവനന്തപുരം/ തൃശൂർ.
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് .
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വസ്തു നികുതി കുടിശ്ശിക തീർപ്പാക്കൽ - വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(ആർ.ടി) നം.497/09/തസ്വഭവ. തിരുവനന്തപുരം, തീയതി 27-02-2009

പരാമർശം:-1. സ.ഉ.(എം.എസ്) നം.166/07/തസ്വഭവ തീയതി 23/06/2007
2. സ.ഉ.(എം.എസ്) നം.62/08/തസ്വഭവ തീയതി 06/03/2008
3. സ. ഉ.(എം.എസ്) നം.104/08/തസ്വഭവ തീയതി 02/04/2008
4. സ. ഉ.(എം.എസ്) നം.1064/08/തസ്വഭവ തീയതി 02/04/2008
5. സ. ഉ.(എം.എസ്) നം.07/09/തസ്വഭവ തീയതി 01/01/2009
6. സ.ഉ.(എം.എസ്) നം.13/09/തസ്വഭവ തീയതി 02/01/2009.

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഗാർഹിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, വാണിജ്യവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടവറുകൾ എന്നിയുടെ നികുതി പരിഷ്കരിച്ച് നിർണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പരാമർശം ഒന്നുമുതൽ ആറ് വരെയുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള കെട്ടിട നികുതി നിർണയം നടപ്പിൽ വരുത്തുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാനാവിധ പ്രശ്നങ്ങളാൽ കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി നികുതി അടയ്ക്കാൻ സൗകര്യം നൽകണമെന്നു ആവശ്യം ഉയർന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ച് ഒറ്റത്തവണയായി നികുതി കുടിശ്ശിക അടയ്ക്കുന്നവർക്ക് പിഴപ്പലിശയിൽ 50% (അൻപത് ശതമാനം) ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ. നാസറുദീൻ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ,തിരുവനന്തപുരം
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാകോർപ്പറേഷൻ /മുനിസിപ്പാലിറ്റി/ചെയർമാൻമാർക്കും/ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),തിരുവനന്തപുരം
ഡയറക്ടർ ലോക്കൽഫണ്ട് ആഡിറ്റ്,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്/സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന വസ്തു നികുതി - പരിഷ്കരണ നടപടികൾ നിറുത്തിവച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം. 140/09/തസ്വഭവ. തിരുവനന്തപുരം, തീയതി: 22/07/2009

പരാമർശം:- 1. സ.ഉ.(എം.എസ്)നം.166/07/തസ്വഭവ തീയതി 23/06/2007
2. സ.ഉ.(എം.എസ്)നം.104/08/തസ്വഭവ തീയതി 02/04/2008
3. സ.ഉ.(എം.എസ്)നം.7/09/തസ്വഭവ തീയതി 01/01/2009.
4. സ.ഉ.(എം.എസ്)നം.13/09/തസ്വഭവ തീയതി 02/01/2009
5. സ.ഉ.(എം.എസ്) നം.124/09/തസ്വഭവ തീയതി 03/07/2009.

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗാർഹിക-ഗാർഹികേതര കെട്ടിടങ്ങളുടെയും മൊബൈൽ ടവറുകളുടെയും വസ്തു നികുതി പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ചിരുന്ന പരാമർശിത ഉത്തരവുകൾ പ്രകാരമുള്ള എല്ലാ നടപടികളും ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിറുത്തിവച്ചുകൊണ്ട് ഉത്തരവാകുന്നു. മേൽ ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ള നടപടികൾ നിറുത്തി വയ്ക്കേണ്ടതാണ്. പഴയ നിരക്കിൽ നികുതി ഈടാക്കുന്ന നടപടികൾ തുടരാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാജേഷ്കുമാർ സിംഗ്
സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/ സെക്രട്ടറിമാർക്കും
എല്ലാമുനിസിപ്പൽ ചെയർമാൻമാർക്കും/ സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വസ്തു നികുതി പരിഷ്കരണം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ അധിക തുക തട്ടിക്കിഴിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം. 170/09/തസ്വഭവ. തിരുവനന്തപുരം, തീയതി: 29/08/2009

പരാമർശം:- 1. സ.ഉ.(എം.എസ്)നം.166/07/തസ്വഭവ തീയതി 23/06/2007
2. സ.ഉ.(എം.എസ്)നം.104/08/തസ്വഭവ തീയതി 02/04/2008
3. സ.ഉ.(എം.എസ്)നം.7/09/തസ്വഭവ തീയതി 01/01/2009.
4. സ.ഉ.(എം.എസ്)നം.13/09/തസ്വഭവ തീയതി 02/01/2009
5. സ.ഉ.(എം.എസ്) നം.124/09/തസ്വഭവ തീയതി 03/07/2009.
6. സ.ഉ.(എം.എസ്) നം.140/09/തസ്വഭവ തീയതി 22/07/2009.

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗാർഹിക ഗാർഹികേതര കെട്ടിടങ്ങളുടെയും മൊബൈൽ ടവറുകളുടെയും വസ്തു നികുതി പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ചിരുന്ന പരാമർശം 1 മുതൽ 5വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള എല്ലാ നടപടികളും ഇനി ഒരറിയിപ്പു ഉണ്ടാകുന്നതുവരെ നിറുത്തി വച്ചുകൊണ്ട് പരാമർശം 6 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇതിനകം തന്നെ പുതിയ നിരക്കിൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നികുതി ഈടാക്കിയിട്ടുണ്ട്.

പരിഷ്കരണ നടപടി തല്ക്കാലം നിറുത്തി വച്ചിരിക്കുന്നതിനാൽ പുതിയ നിരക്കിൽ ഈടാക്കിയ അധിക തുക (പഴയ നിരക്കിനേക്കാൾ അധികം ഈടാക്കിയത്) വരും വർഷത്തെ കുടിശ്ശിക തുകയോടൊപ്പം തർക്കങ്ങൾ ഒഴിവാകത്തക്ക രീതിയിലും അഡ്ജസ്റ്റ് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/ സെക്രട്ടറിമാർക്കും
എല്ലാമുനിസിപ്പൽചെയർമാൻമാർക്കും/ സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിമുക്തഭടന്റെ/ഭടന്റെ വിധവയുടെ ഭവനത്തിന് വസ്തു നികുതി ഒഴിവ് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം.171/09/തസ്വഭവ. തിരുവനന്തപുരം, തീയതി 29/08/2009

പരാമർശം: 1. 01/01/2005-ലെ ജി.ഒ.(എം.എസ്) 3/05/തസ്വഭവ നമ്പർ ഉത്തരവ്
2. 23/04/2005 ലെ ജി.ഒ.(എം.എസ്) 111/05/തസ്വഭവ നമ്പർ ഉത്തരവ്
3. 28/05/2008 ലെ ജി.ഒ.(എം.എസ്) 146/08/തസ്വഭവ നമ്പർ ഉത്തരവ്
4. 25/07/2008-ലെ ജി.ഒ.(എം.എസ്) 212/08/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

വിമുക്തഭടനോ, ഭടന്റെ വിധവയോ താമസിക്കുന്ന ഒരു വീടിനുമാത്രം വസ്തു നികുതി ഒഴിവു നല്കികൊണ്ടും, അത്തരം ഭവനത്തിന്റെ നമ്പർ സഹിതം, മറ്റൊരു കെട്ടിടത്തിനും നികുതി ഒഴിവു സ്വീകരിക്കുന്നില്ലെന്ന് സത്യവാങ്മൂലം നല്കി അപേക്ഷ നല്കാനും വ്യക്തമാക്കി കൊണ്ട് പരാമർശം 4 ലെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ വിമുക്തഭടനോ, വിധവയോ താമസിച്ചു വരുന്നു എന്ന കാരണത്താൽ നികുതി ഒഴിവു നേടാനുള്ള അപേക്ഷകൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. അതുപോലെ തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകളെ നികുതി ഒഴിവിനായി പരിഗണിക്കുന്നില്ലെന്നും പരാതി ലഭിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങൾ പരിശോധിച്ച് ഈ വിഷയത്തിൽ സർക്കാർ താഴെപറയുന്ന സ്പഷ്ടീകരണം നല്കി ഉത്തരവാകുന്നു.

1. വിമുക്തഭടനോ ഭടന്റെ വിധവയോ താമസത്തിനായി ഉപയോഗിക്കുന്നതും വിമുക്തഭടന്റെയോ വിധവയുടെയോ സ്വന്തം പേരിലുള്ളതുമായ ഒരു ഭവനത്തെ തറവിസ്തീർണ്ണം നോക്കാതെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

2. നികുതിയിളവ് ആവശ്യമുള്ള വിമുക്തഭടൻ/വിധവ കെട്ടിടത്തിന്റെ നമ്പർ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അപേക്ഷ നൽകേണ്ടതും മറ്റൊരു കെട്ടിടത്തിനും ഈ ആനുകൂല്യം സ്വീകരിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം നൽകേണ്ടതുമാണ്.

3. വിമുക്തഭടനോ ഭടന്റെ വിധവയോ താമസിക്കുന്ന മറ്റാരുടെയെങ്കിലും ഉടമസ്ഥതയിലുള്ള വീടിന് നികുതി ഒഴിവ് നൽകുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
രാജേഷ്കുമാർ സിംഗ്
സെക്രട്ടറി

സെക്രട്ടറി നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വസ്തു നികുതി കുടിശ്ശിക തീർപ്പാക്കൽ - വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(ആർ.ടി) നം. 130/10/തസ്വഭവ. തിരുവനന്തപുരം, തീയതി 13-01-2010

പരാമർശം:- സ.ഉ.(എം.എസ്) നം.140/09/തസ്വഭവ തീയതി 22/07/2009

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗാർഹിക-ഗാർഹികേതര കെട്ടിടങ്ങളുടെയും മൊബൈൽ ടവറുകളുടെയും വസ്തു നികുതി പരിഷ്കരിക്കുന്നതിനായുള്ള എല്ലാ നടപടിക്രമങ്ങളും ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ നിറുത്തിവച്ചുകൊണ്ടും പഴയനിരക്കിൽ നികുതി ഈടാക്കാൻ അനുമതി നൽകിക്കൊണ്ടും പരാമർശപ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ വസ്തു നികുതിപരിഷ്കരണവുമായി ബന്ധപ്പെട്ട് ചിലനികുതിദായകരിൽ ഉണ്ടായ ആശയക്കുഴപ്പം മൂലം നഗരസഭകളിലും പഞ്ചായത്തുകളിലും നിശ്ചിതസമയത്തിനുള്ളിൽ നികുതി ഒടുക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഗണിച്ച് വസ്തു നികുതികുടിശ്ശികവരുത്തിയവർക്ക് പിഴപലിശ ഒഴിവാക്കിനികുതി അടയ്ക്കാൻ സൗകര്യം നൽകണമെന്നുള്ള ആവശ്യം ഉയർന്നിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് 2010 മാർച്ച് 31-നകം വസ്തു നികുതി കുടിശ്ശിക തീർത്ത് അടയ്ക്കുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ പ്രകാരം പിഴപലിശ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ. നാസറുദ്ദീൻ

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ,തിരുവനന്തപുരം
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാകോർപ്പറേഷൻ /മുനിസിപ്പാലിറ്റി/ചെയർമാൻമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),തിരുവനന്തപുരം
ഡയറക്ടർ ലോക്കൽഫണ്ട് ആഡിറ്റ്,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്/സെക്രട്ടറിയുടെ പി.എസ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വസ്തുനികുതി - യുദ്ധത്തിലോ, സൈനിക നടപടികളിൽ ഏർപ്പെട്ടിരിക്കെ ഉണ്ടായ അപകടത്തിലോ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കളുടെ യഥാർത്ഥ താമസത്തിനായുള്ള കെട്ടിടങ്ങളെ വസ്തു നികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ).1021/2010/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/03/2010

പരാമർശം:
1. 13/07/2001 ലെ സ.ഉ.(എം.എസ്) 176/2001/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. ശ്രീമതി. ജി. വിജയലക്ഷ്മിയുടെ 5/10/2009 ലെ അപേക്ഷ.

ഉത്തരവ്

യുദ്ധത്തിൽ മണരമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കളുടെ സ്വന്തം പേരിലുള്ളതും, അവർ യഥാർത്ഥത്തിൽ താമസിക്കുന്നതുമായ വീടുകളെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം വസ്തു നികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. ഈ ആനുകൂല്യം സൈനികസേവനമനുഷ്ഠിക്കവേ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കൾക്കു കൂടി ലഭ്യമാക്കണമെന്ന് കരസേനയിൽ ജമ്മു കാശ്മീരിൽ സേവനമനുഷ്ഠിക്കവേ ഗ്രനേഡ് സ്ഫോടനത്തിൽ മരണമടഞ്ഞ ശ്രീ. അഭിലാഷ് നായിഡുവിന്റെ മാതാവായ ശ്രീമതി. ജി. വിജയലക്ഷ്മി പരാമർശം (2) ലെ അപേക്ഷ പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം പരാമർശം (1) ലെ ഉത്തരവിന്റെ ആനുകൂല്യം യുദ്ധത്തിലോ, സൈനിക നടപടികളിൽ ഏർപ്പെട്ടിരിക്കെ ഉണ്ടായ അപകടത്തിലോ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ

മാതാവിന്റെയോ, പിതാവിന്റെയോ സ്വന്തം പേരിലുള്ളതും, അവർ യഥാർത്ഥ താമസത്തിന് ഉപയോഗിക്കുന്നതുമായ ഒരു വീടിനു മാത്രം തറ വിസ്തീർണ്ണം നോക്കാതെ വസ്തു നികുതി ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ലതാ പണിക്കർ
അണ്ടർ സെക്രട്ടറി

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

എല്ലാ മേയർമാർക്കും/മുനിസിപ്പൽ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)

പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്.

പകർപ്പ് - 1. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

3. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – വിമുക്ത ഭടന്റെ ഭാര്യയുടെ പേരിലുള്ള ഭവനത്തിന് വസ്തു നികുതി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1761 /2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മേയ് 27, 2010.

പരാമർശം: 1. 25-07-2008-ലെ ജി.ഒ. (എം.എസ്) 212/2008/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2. 29-08-2009-ലെ ജി.ഒ. (എം.എസ്) 171/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

3. ശ്രീ.ശ്രീകുമാരൻ നായർ.സി, വടക്കേ പടിഞ്ഞാത്ത് വീട്, 239/എ, വാർഡ് 36, കോഴിക്കോട് കോർപ്പറേഷൻ 28-01-2010-ൽ സമർപ്പിച്ച നിവേദനം.

ഉത്തരവ്

വിമുക്ത ഭടനോ, ഭടന്റെ വിധവയോ താമസത്തിനായി ഉപയോഗിക്കുന്നതും വിമുക്ത ഭടന്റേയോ വിധവയുടേയോ സ്വന്തം പേരിലുള്ളതുമായ ഒരു ഭവനത്തെ തറ വിസ്തീർണ്ണം നോക്കാതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. എന്നാൽ സ്വന്തം പേരിൽ വീടില്ലാത്ത വിമുക്ത ഭടൻ, ഭാര്യയുടെ പേരിലുള്ള വീട്ടിലാണ് താമസിക്കുന്നതെങ്കിൽ ആ വീടിനും നികുതിയിളവ് അനുവദിയ്ക്കണമെന്ന് പരാമർശം (3)-ലെ നിവേദനത്തിൽ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ വെളിച്ചത്തിൽ സ്വന്തം പേരിൽ വീടില്ലാത്ത വിമുക്ത ഭടൻ, ഭാര്യയുടെ പേരിലുള്ള വീട്ടിലാണ് താമസിക്കുന്നതെങ്കിൽ ആ വീടിന് വസ്തു നികുതി ഒഴിവാക്കി നൽകുവാനും എന്നാൽ മകന്റേയോ മകളുടേയോ പേരിലുള്ള വീട്ടിലാണ് വിമുക്ത ഭടൻ താമസിക്കുന്നതെങ്കിൽ അത്തരം ഭവനങ്ങൾക്ക് നികുതിയിളവ് അനുവദിയ്ക്കേണ്ടതില്ലെന്നും വ്യക്തമാക്കിക്കൊണ്ട് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഭാര്യയുടെ പേരിലുള്ള കെട്ടിടത്തിന്റെ നമ്പർ രേഖപ്പെടുത്തി, വിമുക്ത ഭടന്റെ പേരിൽ മറ്റെവിടെയും വീടില്ലെന്നും, ഭാര്യയുടെ പേരിലുള്ള മറ്റൊരു വീടിനും ഇത്തരം ഇളവ് ലഭിയ്ക്കുന്നില്ലെന്നും സാക്ഷ്യപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സത്യവാങ്മൂലം നൽകേണ്ടതാണ്.

(മറുപുറം)

2. ഒരു വിമുക്ത ഭടന്റേയോ/ഭാര്യയുടേയോ/വിധവയുടേയോ വീടിന് വസ്തു നികുതിയിൽ ഇളവ് അനുവദിയ്ക്കുമ്പോൾ ആ വിവരം ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ രേഖപ്പെടുത്തിയോ മുദ്രവച്ചോ നൽകേണ്ടതാണ്.

3. എപ്പോഴെങ്കിലും വിമുക്ത ഭടനോ/ഭാര്യയോ/വിധവയോ വീടിന്റെ ഉടമസ്ഥാവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുമ്പോൾ ഈ വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ അധികൃതരെ അറിയിക്കേണ്ടതാണ്.

4. വിമുക്ത ഭടനോ/ഭാര്യയോ/വിധവയോ മരണപ്പെട്ടാൽ ആ വിവരം ഏറ്റവുമടുത്ത ബന്ധുക്കൾ യഥാസമയം തദ്ദേശ സ്വയംഭരണ അധികൃതരെ അറിയിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

എല്ലാ മേയർമാർക്കും/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

[illegible] ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷാ ഭവൻ, പാങ്ങോട്, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി കുടിശ്ശിക തീർപ്പാക്കൽ - കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്

സ. ഉ. (സാധാ) 357/2011/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 02.02.2011

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക നികുതി ഒറ്റത്തവണയായി അടയ്ക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ആനുകൂല്യം 15-3-2011 വരെ നികുതി അടയ്ക്കുന്നവർക്ക് മാത്രമായിരിക്കും.

ഗവർണറുടെ ഉത്തരവിൻപ്രകാരം

(ഒപ്പ്)
വി. വി. മുഹമ്മദ്
ഡെപ്യൂട്ടി സെക്രട്ടറി

കേരള സർക്കാർ

നം. 45979/എഫ്എം3/2009/ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്, തിരുവനന്തപുരം, തീയതി: 16.12.2009.

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ലഭിക്കേണ്ട വിനോദ നികുതി വെട്ടിപ്പ് പൂർണ്ണമായി ഒഴിവാക്കുന്നത് സംബന്ധിച്ച്.

നഗരസഭകൾക്കും പഞ്ചായത്തുകൾക്കും വിനോദ നികുതി ഇനത്തിൽ ലഭിക്കേണ്ട തുകയിൽ വൻ വെട്ടിപ്പ് നടക്കുന്നതായും ആയത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതായും നിരവധി പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ടി വെട്ടിപ്പ് തടയുന്നതിനായി താഴെപറയുന്ന പരിഹാര മാർഗ്ഗങ്ങൾ കർശനമായി നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശിക്കുന്നു.

1) തീയേറ്ററുകളിൽ ദിവസേനയുള്ള പരിശോധനക്ക് പുറമെ ഇടയ്ക്കിടയ്ക്കും വിശേഷ ദിവസങ്ങളിലും സൂപ്പർ ചെക്കും മിന്നൽ പരിശോധനയും നടത്താൻ പ്രത്യേക സ്റ്റാഫിനെ നിയോഗിക്കേണ്ടതാണ്. ഇപ്രകാരമുള്ള പരിശോധനക്ക് നഗരസഭ / ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നേതൃത്വം നൽകേണ്ടതാണ്. ദൈവാര പരിശോധനാ റിപ്പോർട്ടുകൾ സെക്രട്ടറി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് / ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

2) നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും, മേൽപ്പറഞ്ഞ പ്രകാരമുള്ള മിന്നൽ പരിശോധന നടത്തേണ്ടതും റിപ്പോർട്ടുകൾ വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. മിന്നൽ പരിശോധനകൾക്ക് ജില്ലാ / മേഖലാ അടിസ്ഥാനത്തിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതും, മിന്നൽ പരിശോധന വേളകളിൽ പോലീസ് / വിജിലൻസ് ഓഫീസർമാരുടെ സഹായം തേടാവുന്നതുമാണ്.

3) വ്യാജ റിട്ടേൺ സമർപ്പിക്കൽ, വ്യാജ സീൽ ഉപയോഗിക്കൽ എന്നിവ നടക്കുന്നുണ്ടോ എന്ന് ചെക്കിംഗ് സ്റ്റാഫും സെക്രട്ടറിയും നിരന്തരം നിരീക്ഷിക്കേണ്ടതും, അവ ശ്രദ്ധയിൽ പെട്ടാൽ തീയേറ്ററിന്റെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) സൂപ്പർ ചെക്ക് നടത്തുന്നതിനോടൊപ്പം, സിനിമ പ്രേക്ഷകരുടെ എണ്ണം വിലയിരുത്താൻ ടിക്കറ്റ് കൗണ്ടറിൽ ക്യൂ നിൽക്കുന്നവരുടെ വീഡിയോ ചിത്രീകരണം നടത്താൻ ഏർപ്പാട് ചെയ്യേണ്ടതാണ്.

5) ഡെയ്ലി കളക്ഷൻ റിട്ടേണിൽ ബന്ധപ്പെട്ട ചെക്കിംഗ് സ്റ്റാഫ് നിർബന്ധമായും ഒപ്പു വച്ചിരിക്കേണ്ടതും റിട്ടേൺ നിശ്ചിത സമയപരിധിക്കകം സമർപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടികൾ ബന്ധപ്പെട്ട വകുപ്പു മേധാവികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

രാജേഷ് കുമാർ സിംഗ്,
ഗവൺമെന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും / നഗരസഭാ സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ വഴി).
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കായി).
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. 63624/ആർ.സി.2/2008/ത.സ്വ.ഭ.വ

തദ്ദേശ സ്വയം ഭരണ (ആർ.സി.) വകുപ്പ്

തിരുവനന്തപുരം, തീയതി 15-06-2009

സർക്കുലർ

വിഷയം : തദ്ദേശ-സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളിലും ഇംഗ്ലീഷിലും, മലയാളത്തിലും കർശനമായും സ്ഥലനാമം രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന : 1. 16-03-2007 ലെ സ.ഉ.(സാധാ) നം. 795/07/ത.സ്വ.ഭ.വ

2. 03-10-2007 ലെ സ.ഉ. (സാധാ) നം. 2692/07/ത.സ്വ.ഭ.വ/ത.സ്വ.ഭ.വ

3. 30-1-2008-ലെ 4658/ആർ.സി.3/2008/ത.സ്വ.ഭ.വ സർക്കുലർ.

സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളും അവയുടെ ബോർഡുകൾ സ്ഥാപനത്തിന്റെ മുന്നിൽ സ്ഥാപിക്കുമ്പോൾ സ്ഥലനാമം രേഖപ്പെടുത്തണമെന്ന് സൂചനയിലെ 1-ഉം, 2-ഉം സർക്കാർ നിർദ്ദേശിച്ചിരുന്ന വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്ന സ്വദേശ വിദേശ പൗരന്മാർക്ക് പ്രസ്തുത സ്ഥലം ഏതാണ് എന്ന് വ്യക്തമാക്കുന്നതിനുവേണ്ടിയാണ് സർക്കാർ ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. 2008 മുതൽ ഡി.ടി.ഒ. ലൈസൻസ് നൽകുമ്പോഴും, പുതുക്കുമ്പോഴും സ്ഥലനാമം ബോർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിരിക്കണമെന്ന് സൂചന 3-ലെ സർക്കുലറിൽ വ്യക്തമായി നിഷ്ക്കർഷിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തെ നിരവധി സ്ഥാപനങ്ങളും അവയുടെ ബോർഡിൽ സ്ഥലനാമം രേഖപ്പെടുത്തിയിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(മറുപുറം)

ആയതിനാൽ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളിലും ബാങ്കുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ആശുപത്രികളിലും, കടയുൾപ്പെടെയുള്ള മറ്റു സ്ഥാപനങ്ങളിലും, ഇംഗ്ലീഷിലും, മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡുകൾ കർശനമായും പ്രദർശിപ്പിക്കേണ്ടതാണ്. ഇപ്രകാരം 2009 ജൂലൈ 15-നകം സ്ഥലനാമം രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യൽ ഉൾപ്പെടെയുള്ള നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേലധികാരികൾ ഇത് സംബന്ധിച്ച സമാഹൃത റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

എന്ന്,

എസ്. എം. വിജയാനന്ദ്

പ്രിൻസിപ്പൽ സെക്രട്ടറി

GOVERNMENT OF KERALA
Local Self Government (RC) Dept.

CIRCULAR

No.78327/RC3/09/LSGD

Dated 15-03-2010

Based on the directions of the Hon'ble High court in WP(C) 30848/09 on the need for greater coordination among the multiple Government Departments and authorities regulating quarrying operations in the State, a series of inter departmental consultations were held among the concerned Departments including at the level of Chief Secretary on 22-02-2010.

2.These consultations reveal that the regulation of quarrying in the State is being done through the following departments and agencies of Government. The Revenue Department and the Department of Mining and Geology grant quarrying licenses as per delegation prescribed under the Kerala Mines and Minerals Concession Rule 1967, the Revenue Department and Chief Controller of Explosive grant explosive licenses, where applicable, as per delegation listed under the Explosives Rules 2008, the Local Self Government Institutions (LSGIs) grant D&O licenses under the Panchayat Raj Act 1994 (Issue of license to Offensive Trades and Factories Rules 2008), the Kerala State Pollution Control Board (KSPCB) under the Water (Prevention and Control of Pollution) Act, 1974 and the Air (Prevention and Control of Pollution) Act, 1987 and finally, the Revenue Department which gives permission under the Kerala Land Conservancy Act (for Revenue lands). While some of the Departments such as the Revenue Department prescribe the production of NOCs/ license from other Departments as a pre-requisite for grant of permission; others such as the KSPCB and the Department of Mining and Geology do not insist on the same. Due to the piecemeal and un-cordinated approach among different Government Departments as well as the lack of awareness of statutory provisions among the

functionaries of some of the Departments, the present regulatory regime does not fulfil the objectives of ensuring compliance with the law and maintaining the prescribed safety standards. Therefore based on the inter departmental consultations held earlier, the following directions are issued for compliance by the concerned Departments to ensure more transparent and effective regulation of the quarrying operations in the State.

1.The Local Self Government Institutions (LSGIs) which have a grass-root presence in all localities of the State will be designated as the terminal nodal point for ensuring compliance with all the statutes, prior to grant of D&O licenses under the Kerala Panchayat Raj Act. To this end, they would work as a "single window" to collect and circulate to the other Departments ie, Department of Mining and Geology, Revenue Department, the Controller of Explosives and the State Pollution Control Board, all applications for issue of licenses/NOCs for quarrying. However, in order to save time, applicants would be free to approach the different agencies directly also for license/NOCs.

2. Only after an applicant is able to make available the permissions/NOCs from the Department of Revenue/Department of Mining and Geology under the Mines & Mineral Concession Rules, the State Pollution Control Board, under the Air and Water Acts, the Revenue Department (for Revenue land under KLC Act), and from the Revenue Department/Controller of Explosives under the Explosives Act and Rules (if applicable); would the D&O licenses under Kerala Panchayat Raj Act be issued by the concerned LSGI. In other words, the LSGI concerned would ensure the availability of all the other licenses/NOCs mentioned above prior to the grant of the D&O licenses and a check list would be prescribed for this purpose. (Annexure I)

3.All the Departments/Authorities would place on their respective website the permissions/NOCs given by them for quarrying operations along with the conditions imposed in the licenses, the location of the sites etc.

4. The LSGIs as well as the other concerned Departments would take immediate action for closure of all unauthorized quarrying sites obtaining the assistance of the concerned District Collector and the local police station where necessary.

5. In addition, in order to further simplify, the licensing procedures in all the concerned Departments and also to ensure greater transparency, safety as well as co-ordination; an Expert committee with representation of the concerned Departments would be constituted to prepare a detailed hand book for the guidance of all the stake holders involved in the quarrying industry. Orders for the same are being issued separately.

Rajesh Kumar Singh,
Secretary to Govt.
Local Self Government Department

To

The Revenue Department, Govt. Secretariat.
The Industries Department, Govt. Secretariat.
The Environment Department, Govt. Secretariat.
The Health & FW Department, Govt. Secretariat.
The Land Revenue Commissioner, Thiruvananthapuram.
The Director of Mining and Geology, Thiruvananthapuram
The Chairman, KSPCB, Thiruvananthapuram
The Director of Urban Affairs, Thiruvananthapuram
The Director of Panchayat, Thiruvananthapuram
All District Collectors.
Director, PRD (for publicity)
IKM (for publishing in the Website)

Forwarded / By Order

Section Officer

Annexure I

Check list for issue of license under section 232 of the Kerala Panchayat Raj Act, 1994 (relating to dangerous and offensive trades/ Factories)		
	Yes	No
1. Whether consent from the State Pollution Control Board. has been oriented. 2. Whether possession certificate from Revenue department is available? (for Privately owned lands)		
3.Whether permission from the Revenue department under KLC Act is obtained (for Revenue lands)		
4. Whether permission for use of explosives under Explosive Act has been obtained from the Revenue department/ Chief Controller of Explosives, Government of India.(If applicable) Whether service of a licensed blaster are available?		
5. Whether license from the department of Mining and Geology has been obtained?		

IN THE HIGH COURT OF KERALA AT ERNAKULAM

Present :

THE HON'BLE Mr. JUSTICE ANTONY DOMINIC

Thursday the 6th day of May 2010/16th Vaisakha 1932

WP(C).No. 14461/2010 (G)

PETITIONERS/

1. KERALA VYAPARI VYAVASAI EKOPANA SAMITHI, REGISTRATION NO. 262/81, VYAPARABHAVAN, AMANJALIKULAM ROAD, TRIVANDRUM- 695 001, REPRESENTED BY ITS GENERAL SECRETARY ALEX M. CHACKO
2. ALEX .M. CHACKO, GENERAL SECRETARY, KERALA VYAPARI VYAVASAI EKOPANA SAMITHI, YEM CEE AGENCIES, NEAR MARIGIRI ARAMANA.

RESPONDENTS/

1. STATE OF KERALA, REPRESENTED BY THE SECRETARY, LOCAL SELF GOVERNMENT DEPARTMENT, GOVERNMENT SECRETARIAT, THIRUVANANTHAPURAM.
2. THE SECRETARY TO GOVERNMENT, HEALTH FAMILY WELFARE DEPARTMENT, GOVERNMENT SECRETARIAT THIRUVANANTHAPURAM.

Writ Petition praying inter that in the circumstances stated in the affidavit filed along with the WP(C) the High Court be pleased to issue an order staying the operation and enforcement of the schedule of Ext. P3 rules and Ext. P4 Government Order issued by the first respondent and the collection/insistence of payments as per the said schedules/G.O. and direct revival of the Licenses of the members of the petitioners association upon payment of fees at the rates prescribed under Ext.P2 rules without penalizing them, pending disposal of the above writ petition.

This petition owing on for orders upon perusing the petition and the affidavit filed in support of the WP(C) and upon bearing the arguments of M/s. P.C. SASIDHARAN, G.GIREESH KUMAR, Advocates for the petitioners, the court passed the following,

ORDER

Notice. There will be an interim order as prayed for. It is made clear that renewal if any, will be subject to further orders in the writ petitions. The Panchayat/Municipality concerned shall renew license in respect of the members of the association, whose list will be furnished by the petitioner to the Panchayat/ Municipality concerned, Post along with W.P.C. No. 11502/2010 on 25-05-2010.

Sd/ Antony Dominic, Judge

Assistant Registrar.

കേരള സർക്കാർ

നം:4279/ഡി.ബി2/09/തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
തിരുവനന്തപുരം,തീയതി:21/4/2009

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - അറവുശാലകളുടെയും ഇറച്ചി വിൽപ്പന ശാലകളുടെയും നവീകരണവും അവയിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും- സംബന്ധിച്ച്

സൂചന ഒന്നിലെ വിജ്ഞാപന പ്രകാരം 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ, 20 x 30 സെന്റീമീറ്ററിൽ താഴെ വലിപ്പമുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ, 30 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് കുപ്പികൾ, കപ്പുകൾ, പാക്കിംഗ് സാധനങ്ങൾ എന്നിവ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ഇവ നിർമ്മിക്കുന്നതും, സംഭരിക്കുന്നതും, വിതരണം നടത്തുന്നതും വിൽക്കുന്നതും വിനിയോഗം നടത്തുന്നതും കർശനമായി നിരോധിച്ചതായി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് വസ്തുക്കൾ കടത്തിക്കൊണ്ടുപോകുന്നതും ശേഖരിക്കുന്നതും തരംതിരിക്കുന്നതും പുന:ചംക്രമണം നടത്തുന്നതും കുറ്റകരമാണ്.

നിരോധനം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സൂചന രണ്ടിലെ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും നിയമം ലംഘിക്കുന്ന സാഹചര്യത്തിൽ സാധനങ്ങൾ പിടിച്ചെടുക്കൽ, പിഴ അടിക്കൽ, സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യൽ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ കൈക്കൊള്ളാനും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

:2:

എന്നിരുന്നാലും സംസ്ഥാനത്ത് 30 മൈക്രോണിൽ താഴെയുള്ള നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഇപ്പോൾ വിപണിയിൽ സജീവമാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ തടയുന്നതിന് അവശ്യമായ കർശനമായ നടപടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്.
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ ചെയർമാൻമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാം ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഹെൽത്ത് സർവ്വീസ് ഡയറക്ടർ വഴി
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്ര മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനായി)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം.
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇടുന്നതിന്.

ഉത്തരവിൻപ്രകാരം അയക്കുന്നത്.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

No. 48718/E1/06/LSGD

Local Self Govt. (E) Department,
Thiruvananthapuram
Dated: 31.1.2007

From

The Secretary to Government

To

Chief Town Planner, Thiruvananthapuram.

Director, Urban Affairs Department, Thiruvananthapuram.

Director of Panchayats, Thiruvananthapuram.

All District Town Planners

Sir,

Sub: The Kerala Industrial Single Window clearance Boards and Industrial Township Area Development Act 1999 – Issue of building permit – Regarding.

The Kerala Industrila Single Window Clearance Boards and Industrial Township Area Development Act, 1999 – provides special provisions for speedy issue of various license, clearance etc. for industrial undertakings, State Board, District Board and Industrial Area Boards are constituted under the Act for the purpose. As per Section 6 of the Act, industries proposed in the Industrial areas are exempted from permits from Local bodies/Town Planning Department.

It has come to the notice of the Government that some clarifications are sought for by the local bodies and Ton Planners as to whether industries can be permitted by the Boards, even if the building violates building rate provisions or provisions in the sanctioned Town Planning Schemes. The Kerala Municipality/Panchayat Raj/ Town Planning Act insists on building permits and compliance of building miles and Town planning schemes. In this context the following clarification in the matter is given for information and necessary action.

Section 18 of the Kerala Industrial Single Window Clearance Boards and Industrial Town Ship Area Development Act, 1999 specifically provides over riding effect of this Act over the master plan or zonal development plan under the Town Planning Act (IV of 1108) or the Madras Town Planning Act. 1920 (Madras Act VII of 1920) or any other Act enacted by the Kerala State Legislature with effect from the date

of declaration of an Industrial Area under the Provisions of this Act and such area shall be exempted from any such plan.

Therefore, the provisions of the Kerala Industrial Single Windows Clearance Board, and Industrial Township Area Development Act 1999 will prevail over the provisions of any other enactments made by Kerala Legislature Assembly over the area declared an industrial area under the provisions of the Act.

I am to requested you to communicate this to the Secretaries of all Local bodies.

Yours faithfully,

V.V. Suseela
Under Secretary
For Secretary to Government

കേരള സർക്കാർ

നമ്പർ. 19081/ആർ.ഡി.2/08/തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി)വകുപ്പ്,
തിരുവനന്തപുരം 17-03-2008

സർക്കുലർ

വിഷയം : കെട്ടിട നിർമ്മാണം നമ്പർ നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1) 20-6-2007 ലെ 24136/ആർ.എ/0 7/തസ്വഭവ നമ്പരായുള്ള സർക്കുലർ.
2) 25-7-2007 ലെ 24138(1) ആർഎ1/07/തസ്വഭവ.

പഞ്ചായത്തുകൾക്ക് മാത്രമായി കെട്ടിട നിർമ്മാണ ചട്ടം രൂപീകരിച്ച് സർക്കാർ പുറത്തിറക്കുന്നതുവരെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കിക്കൊണ്ട് ജി.ഒ.(എം.എസ്.)നമ്പർ 150/2007/തസ്വഭവ നമ്പരായി 6-6-2007 ൽ ഉത്തരവിറക്കുകയുണ്ടായി. ചട്ടം ബാധകമാക്കിയ സമയത്ത് പൊതു ജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ നിന്നും പല സർക്കുലറുകളും പുറപ്പെടുവിക്കുകയുണ്ടായി. സർക്കുലറുകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾക്ക് ആവശ്യമായ ഗൗരവം നൽകാതെയും സർക്കുലറുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിന്നും വിഭിന്നമായും പല പഞ്ചായത്ത് സെക്രട്ടറിമാരും പ്രവർത്തിച്ചതായും സർക്കാരിന്റെ ശ്രദ്ധയിൽപെടുകയും ആയതിനാൽ പൊതുജനങ്ങൾക്ക് ധാരാളം പരാതിയും ബുദ്ധിമുട്ടുകളും ഉളവാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന പഞ്ചായത്ത് സെക്രട്ടറിമാരുടെ നടപടിക്രമങ്ങൾ സർക്കാർ ഗൗരവമായി കാണുന്നു.

6-6-2007 ന് മുമ്പ് നിർമ്മാണം ആരംഭിച്ചതും, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ കെട്ടിടങ്ങൾക്ക് നിയമം ബാധകമാക്കേണ്ടതില്ല എന്നും, പഞ്ചായത്തു സെക്രട്ടറിതന്നെ നിർമ്മാണം നടത്തുന്ന കെട്ടിടത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ശേഖരിക്കേണ്ടതാണെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്നും സർക്കുലറുകളിൽ പ്രത്യേകം വ്യക്തമാക്കിയിരുന്നു. കൂടാതെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തെക്കുറിച്ചുള്ള വിവരങ്ങൾ 2007 ആഗസ്റ്റ് 31 ന് മുമ്പ് പഞ്ചായത്ത് സെക്രട്ടറിമാരെ രേഖാമൂലം അറിയിക്കണമെന്നും പ്രത്യേകം പ്രതിപാദിച്ചിരുന്നു. എന്നാൽ ചില പഞ്ചായത്തുകളിൽ 6-6-2007 ന് മുമ്പ് നിർമ്മാണം ആരംഭിച്ചതും, പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങളുടെ പൂർണ്ണമായും വിശദാംശങ്ങൾ സെക്രട്ടറിമാർക്ക് ശേഖരിക്കുവാൻ സാധിച്ചിട്ടില്ല എന്നും, കൂടാതെ 31-8-2007 ന് മുമ്പ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ കെട്ടിട ഉടമസ്ഥർക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ രേഖാമൂലം അറിയിക്കുവാൻ സാധിച്ചിട്ടില്ല എന്നും, മേൽ പറഞ്ഞ കാരണങ്ങളാൽ പല കെട്ടിടങ്ങളും അനധികൃതമായി കണക്കാക്കി, നമ്പർ നൽകാതെ പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ട്

വരുത്തിതീർത്തിരിക്കുകയാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബുദ്ധിമുട്ട് വരുത്തിത്തീർത്തിരിക്കുകയാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 6-6-2007 ന് മുമ്പ് നിർമ്മാണം ആരംഭിച്ചതോ, പൂർത്തീകരിച്ചതോ, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതോ ആയ റസിഡൻഷ്യൽ കെട്ടിടത്തിനെക്കുറിച്ചുള്ള വിശദാംശങ്ങൾ തെളിവ്സഹിതം പഞ്ചായത്തു സെക്രട്ടറിക്ക് നൽകുന്നപക്ഷം, 31-8-2007 ന് മുമ്പ് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽപ്പോലും അവ അനുഭവ പൂർവ്വം പരിഗണിച്ച് നമ്പർ നൽകേണ്ടതാണ്.

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

കേരള സർക്കാർ

28803/ഡിസി.2/08/തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡിസി)വകുപ്പ്,
തിരുവനന്തപുരം 5-4-2008

സർക്കുലർ

വിഷയം : പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പൊതു ജനങ്ങൾക്ക് നൽകുന്നത് - സംബന്ധിച്ച്.

.....

പൊതു ജനങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ എന്നിവയിൽ പലതിലും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു ജനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ടോയ്ലറ്റുകളും ബാത്ത് റൂമുകളും ഇപ്പോൾ പല വ്യക്തികളും കൈയ്യടക്കി സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നു. പൊതു ടോയ്ലറ്റുകളും ബാത്ത് റൂമുകളും എല്ലാ ദിവസങ്ങളിലും വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല എന്നത് കൂടാതെ വെള്ളവും വെളിച്ചവും പല സ്ഥലങ്ങളിലും ലഭിക്കുന്നില്ല. കൂടാതെ ബാത്ത് റൂമിന്റെയും, ടോയ്ലെറ്റിന്റെയും കതകുകൾ പലതും ജീർണ്ണിച്ചതും ഇളകിയതും, പലതിനും പൂട്ടുകൾപോലും ഇല്ലാത്തതുമാണ്. ചുരുക്കത്തിൽ പൊതുജനങ്ങൾ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ധാരാളം പ്രയാസങ്ങൾ നേരിടുന്നു. ഈ കാര്യത്തിൽ പൊതുജനങ്ങൾ നേരിടുന്ന വിഷമതകൾ പരിഹരിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതുമാണ്.

1. നിലവിലുള്ള കെട്ടിടങ്ങളിൽ കെട്ടിട നിർമ്മാണചട്ട പ്രകാരം ആവശ്യമായ ടോയ്ലറ്റ് ബാത്ത്റൂം, യൂറിനൽ സംവിധാനം എന്നിവ നൽകിയിട്ടുണ്ടോ എന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതും, അല്ലാത്ത പക്ഷം അവ 3 മാസത്തിനകം നിർമ്മിച്ച് നൽകേണ്ടതിന് നോട്ടീസ് നൽകേണ്ടതുമാണ്.
2. ബിൽഡിംഗ് പെർമിറ്റ് വാങ്ങിയശേഷം ആവശ്യത്തിനായി കാണിച്ചിരിക്കുന്ന സ്ഥലം നിർമ്മിക്കാതെയോ, നിർമ്മിച്ചശേഷം പൊതു ജനങ്ങൾക്ക് നൽകാതെ സ്വകാര്യമായി ഉപയോഗിക്കുകയോ, ഉപയോഗം മാറ്റുകയോ ചെയ്തിട്ടുള്ള പക്ഷം കെട്ടിടം അനധികൃതമായി കണക്കാക്കി അവയ്ക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.
3. നിലവിലുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പിംഗ് കോപ്ലക്സുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ ഉൾപ്പെടെ പൊതു ജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ സെക്രട്ടറി പരിശോധിക്കേണ്ടതും സൗകര്യങ്ങൾക്ക് കുറവുള്ള പക്ഷവും വൃത്തിയായി സൂക്ഷിക്കാത്ത പക്ഷവും അവ ക്രമീകരിച്ച് വൃത്തിയായി സൂക്ഷിക്കുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 324 പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

4. വെള്ളം, വെള്ളിച്ചം, ബാത്ത് റൂമിലേയ്ക്കുള്ള ആവശ്യസാധങ്ങൾ (ബക്കറ്റ്, മക്ഷ്) എന്നിവ എല്ലാ ബാത്ത് റൂമിലും ഉണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ പരിശോധന നടത്തി സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ടതും അതിന്മേൽ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതുമാണ്.

5. ബാത്ത് റൂമിന്റെ കണക്കുകൾ ഇല്ലാതിരിക്കുക, പൂട്ടുകൾ സ്ഥാപിക്കാതിരിക്കുക, വെള്ളം, വെളിച്ചം എന്നിവ നൽകാരിക്കുക, വൃത്തിയായി സൂക്ഷിക്കാതിരിക്കുക മുതലായവ ചെയ്യുന്ന കെട്ടിടങ്ങളുടെ ലൈസൻസുകൾ റദ്ദാക്കുകയും, പിഴ ചുമത്തുകയും ചെയ്യുന്നതാണെന്ന് ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതും അതിൻ പ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 325 പ്രകാരം സ്വകാര്യത ഉറപ്പുവരുത്തേണ്ടതുമാണ്.

6. സ്ത്രീകൾക്കും, പുരുഷന്മാർക്കും പ്രത്യേക മൂത്രപ്പുരകൾ ഉണ്ട് എന്ന് മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 323 പ്രകാരവും , 324 പ്രകാരവും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

7. ടോയ്ലെറ്റ്, ബാത്ത് റൂം എന്നിവയുടെ സ്ഥാനം കാണിച്ചുകൊണ്ടുള്ള പ്രത്യേകം ബോർഡ് സ്ഥാപിച്ചിരിക്കേണ്ടതാണ്.

8. പൊതു ജനങ്ങൾ കാണേണ്ട സ്ഥലത്തു തന്നെ അവയുടെ ലോക്കേഷൻ കാണിച്ചുകൊണ്ടുള്ള കൈചൂണ്ടി സ്ഥാപിച്ചിരിക്കേണ്ടതാണ്.

9. ഏതെങ്കിലും സ്ഥാപനങ്ങളിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ നിലവിൽ ഇല്ലാത്തപക്ഷം അവ ക്രമീകരിച്ച് നൽകുന്നതിന് സെക്ഷൻ 322 പ്രകാരം വേണ്ട നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

10. പൊതു സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തുന്നതിനെതിരെ ബോധവൽക്കരണം കൊണ്ടുവരുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതും, പൊതു സ്ഥലത്തോ പൊതുവഴിയിലോ വിസർജ്ജനം ചെയ്തു ശല്യമുണ്ടാക്കുന്നവർക്കെതിരെ സെക്ഷൻ 341 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

11. പുതിയതായി നിർമ്മിക്കുന്ന കെട്ടിങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പറഞ്ഞിരിക്കും പ്രകാരം എണ്ണത്തിലും വലിപ്പത്തിലും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമെ ഓക്യുപെൻസി സർട്ടിഫിക്കറ്റ് നൽകാവൂ.

12. അംഗവൈകല്യമുള്ളവർക്ക് കൂടി ഉപയോഗിക്കുന്നതിന് സുഗമമായ വഴിയും ടോയ്ലറ്റിന് ആവശ്യംവേണ്ട വിലപ്പവും ക്രമീകരണങ്ങളും ഉണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

13. മേൽപറഞ്ഞ 1 മുതൽ 12 വരെയുള്ള കാര്യങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതിന് ഹെൽത്ത് ഓഫീസർമാരേയും ടൗൺ പ്ലാനിംഗ് ഓഫീസർമാരേയും സെക്രട്ടറിമർ ചുമതലപ്പെടുത്തേണ്ടതും. തദ്ദേക സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഓരോ മാസവും ടി കാര്യങ്ങൾ പരിശോധിച്ച് വിലയിരുത്തേണ്ടതുമാണ്.

14. മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചുകൊണ്ടും ടി വിഷയവുമായി ബന്ധപ്പെട്ട നടപടികളെകുറിച്ചും ഉള്ള വിശദമായ റിപ്പോർട്ട് ഓരോ മൂന്ന് മാസവും തദ്ദേക സ്വയം ഭരണ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

എസ്.എം. വിജയാനന്ദ്,

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

കേരള സർക്കാർ

നം: 44301/തർ.എ.3/2008/തസ്വഭവ

തദ്ദേശ സ്വയംഭരണ (തർ. എ) വകുപ്പ്
തിരുവനന്തപുരം, 21.08.2008.

സർക്കുലർ

വിഷയം:- റോഡിന് കുറുകെ സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള തർച്ചുകൾ നീക്കം ചെയ്യുന്നത് - സംബന്ധിച്ച്.

പൊതുവഴികൾക്ക് തടസ്സം സൃഷ്ടിക്കുന്ന തരത്തിൽ നിർമ്മിതികൾ നടത്തുന്നത് നിരോധിച്ചുകൊണ്ടും, അപ്രകാരമുള്ള നിർമ്മിതികൾ ഒഴിവാക്കുന്നതിനും 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും, 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലും വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന രീതിയിലും, അപകടമുണ്ടാക്കുന്ന തരത്തിലും, റോഡുകൾക്ക് കുറുകെ സ്ഥിരമായി തർച്ചുകൾ സ്ഥാപിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാത്തരം റോഡുകൾക്കും കുറുകെ സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള മുഴുവൻ തർച്ചുകളും ഉടൻതന്നെ നീക്കം ചെയ്യുന്നതിന് സംസ്ഥാനത്തെ എല്ലാ കോർപറേഷൻ/മുൻസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും സർക്കാർ ഇതിനാൽ നിർദ്ദേശം നൽകുന്നു.

ടി. കെ. ജോസ്,
സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്തു ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

കേരള സർക്കാർ

നമ്പർ 1713/ആർബി1/08/തസ്വഭവ.

തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്
തിരുവനന്തപുരം, തിയ്യതി 8-9-2008.

ഗവൺമെന്റ് സെക്രട്ടറി

സെക്രട്ടറി,
തൃപ്പുണിത്തുറ നഗരസഭ.

സർ,

വിഷയം : പരിപർത്തനത്തിന് അനുമതി നൽകുന്നത് - സംബന്ധിച്ച് M/s. H.far റിയാൽട്ടേഴ്സ് (Pvt) ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ.

സൂചന : 1) താങ്കളുടെ 31-7-08 ലെ PW2-EA-991/07-08 നമ്പർ കത്ത്.
2) ടൗൺ പ്ലാനർ തിരുവനന്തപുരത്തിന്റെ ഡി2/7421/08/ഡി.ഡി.സ്. നമ്പർ കത്ത്.

സൂചന കത്തിലേക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. കൊച്ചിൻ സ്ട്രക്ച്ചർ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥലം റസിഡൻഷ്യൽ (R 75) സോണിൽ വരുന്നു. സ്ട്രക്ച്ചർ പ്ലാനിന്റെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം (R 75) സോണിൽഅനുവദനീയമായ ഉപയോഗങ്ങൾ മുനിസിപ്പൽ സെക്രട്ടറിയ്ക്ക് അനുവദിക്കാവുന്നതാണ്. ആയതിനാൽ നിർദ്ദിഷ്ട നിർമ്മാണത്തിന്റെ സൈറ്റ് പ്ലാൻ പ്ലാൻ എന്നിവ പരിശോധിച്ച് മുൻസിപ്പൽ സെക്രട്ടറിക്ക് അനുവദിക്കാവുന്നതാണെങ്കിൽ അപ്രകാരം അനുവാദം നൽകാവുന്നതും ചീഫ് ടൗൺ പ്ലാനർ/സീനിയർ ടൗൺ പ്ലാനറുടെ കണകറന്റ്സ് ആവശ്യമാണെന്ന് അത് ലഭിച്ചതിന് ശേഷം അനുവാദം നൽകേണ്ടതുമാണ്. കൂടാതെ നഗരസൂത്രണ പദ്ധതിപ്രകാരം തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയ പദ്ധതിയിൽ റെസിഡൻഷ്യൽ സോണായി കാണിച്ചിരിക്കുന്ന സ്ഥലത്ത് പരിവർത്തനത്തിന് RDO യുടെ അനുവാദം പിന്നീട് ആവശ്യമില്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ആർ.ഡി. ഗീതാദേവി
അണ്ടർ സെക്രട്ടറി

സെക്രട്ടറിക്കുവേണ്ടി

കേരളാ സർക്കാർ

നം. 9852/തർ.എ.1/09/തസ്വഭവ. തദ്ദേശ സ്വയംഭരണ (തർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി. 27/2/2009.

സർക്കുലർ

വിഷയം:- ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച്.

സൂചന: 59655/RA1/08/തസ്വഭവ നമ്പർ പ്രകാരമുള്ള 23/9/08 ലെ സർക്കുലർ.

സൂചനയിലെ സർക്കുലർ പ്രകാരം നിലവിൽ പാടമോ നിലമോ അല്ലാത്തതും എന്നാൽ അധാരത്തിലും മറ്റ് രേഖകളിലും അപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നതുമായ സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നതിന് നഗരസഭാ പ്രദേശങ്ങളിൽ പെർമിറ്റ് നൽകുന്നതിനായി സർക്കാർ വ്യവസ്ഥകൾ പുറപ്പെടുവിച്ചിരുന്നു. ഈ ആവശ്യത്തിനായി മഹസ്സർ തയ്യാറാക്കുന്നതിന് അഗ്രികൾച്ചറൽ ഓഫീസർ, വില്ലേജ് ഓഫീസർ, നഗരസഭാ സെക്രട്ടറി (കൺവീനർ). എന്നിവർ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കുന്നതിനും ടി കമ്മിറ്റിയുടെ ഘടൻ കോറമായിരിക്കണം തീരുമാനമെടുക്കേണ്ടതെന്നും ആയതിൽ വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് കൂടുതൽ ഗതിവേഗം വരുത്തുന്നതിനായി ടൗൺ പ്ലാനിംഗ് ഓഫീസറെ (അതായത് നഗരസഭയിലെ കെട്ടിട നിർമ്മാണ നിർവ്വഹണ ചുമതലയുള്ളയാൾ) കൂടി ടി കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനും പെർമിറ്റ് സംബന്ധമായി തീരുമാനമെടുക്കുന്ന കമ്മിറ്റിയിൽ ചുരുങ്ങിയത് രണ്ട് അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു. കൂടാതെ, അഗ്രികൾച്ചറൽ ഓഫീസർ /അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ ഇല്ലാത്ത മുനിസിപ്പാലിറ്റികളിൽ കൃഷി വകുപ്പിലെ കൈ മാറിയ ഉദ്യോഗസ്ഥൻ കമ്മിറ്റിയിൽ അംഗമായിരിക്കും.

ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് സ്ഥല പരിശോധന നടത്തി ഏതെങ്കിലും അംഗത്തെ മഹസ്സർ തയ്യാറാക്കുന്നതിന് സെക്രട്ടറിക്ക് ചുമതലപ്പെടുത്താവുന്നതാണ്. പ്രസ്തുത അംഗം മഹസ്സർ

നിശ്ചിത സമയത്തിനകം സമർപ്പിക്കാത്ത പക്ഷം മറ്റൊരംഗത്തെ ചുമതലപ്പെടുത്തേണ്ടതാണ്. കമ്മിറ്റിയിൽ തീരുമാനം എടുക്കുന്നതിന് ഏതെങ്കിലും അംഗങ്ങൾ ഹാജരാകാതിരിക്കുന്ന പക്ഷം പ്രസ്തുത അംഗത്തിൽ നിന്നും അവരുടെ അഭിപ്രായം അടങ്ങിയ റിപ്പോർട്ട് 15 ദിവസത്തിനകം നൽകുന്നതിന് സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. 15 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കാത്ത പക്ഷം, ഹാജരായവരുൾപ്പെട്ട കമ്മിറ്റിയുടെ തീരുമാന പ്രകാരം തന്നെ മഹസ്സറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ അപേക്ഷയിൽ തീരുമാനം എടുക്കാവുന്നതാണ്.

എസ്. എം. വിജയാനന്ദ്.
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) തിരുവനന്തപുരം
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ, (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്.)
കൃഷി വകുപ്പ്
റവന്യൂ വകുപ്പ് } അനന്തര നടപടിയ്ക്ക്

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

നമ്പർ.2750/ആർ.ഡി.2/09/തസ്വഭവ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 13/03/2009

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മൊബൈൽ ടവ്വർ നിർമ്മാണം പെർമിറ്റ് നൽകുന്നത് സംബന്ധിച്ച്.

കേരള കെട്ടിട നിർമ്മാണ ചട്ടം റൂൾ 141 (8)-ൽ അനുശാസിച്ചിരിക്കുന്ന കാലയളവായ 30 ദിവസത്തിനകം മൊബൈൽ ടവ്വറുകളുടെ നിർമ്മാണത്തിന് അനുമതി നൽകുന്നില്ല എന്നും, അപേക്ഷകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചട്ടത്തിൽ അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ പെർമിറ്റ് നൽകേണ്ടത് സെക്രട്ടറിമാരുടെ ഉത്തരവാദിത്വമാണ്. സമയപരിധിക്കുള്ളിൽ പെർമിറ്റ് നൽകാതിരിക്കുകയോ, നിരസിക്കാതിരിക്കുകയോ ചെയ്യാത്ത പക്ഷം കക്ഷി നിർമ്മാണം ആരംഭിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് സെക്രട്ടറിയും ഉത്തരവാദി ആയിരിക്കും. ഈ സാഹചര്യത്തിൽ സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരുമാസത്തിൽ കൂടുതൽ കാലതാമസം വന്നിരിക്കുന്ന അപേക്ഷകൾ പരിശോധിച്ച് 7 ദിവസത്തിനകം പെർമിറ്റ് നൽകേണ്ടതാണ്. അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതിന്റെ കാരണം രേഖാ മൂലം കക്ഷിയെ അറിയിക്കേണ്ടതാണ്.
2. അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ 15 ദിവസത്തിനകം പെർമിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും, ഒരു കാരണവശാലും 30 ദിസത്തിൽ കൂടുതൽ പാടില്ലാത്തതുമാണ്.
3. ടവ്വർ നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചാൽ അവ പരിശോധിച്ച് പെർമിറ്റ് നൽകേണ്ട കാലയളവിൽ തന്നെ പരിഹാരം കാണേണ്ടതാണ്. നിർമ്മാണം നടക്കുന്ന സമയത്ത് പരാതി ലഭിച്ചാൽ, ടി നിർമ്മാണത്തിൽ അപകട സാദ്ധ്യതയോ, നിയമ ലംഘനമോ ഉണ്ട് എങ്കിൽ സെക്രട്ടറി പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.
4. പൊല്യൂഷൻ കൺട്രോൾ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതി എന്നിവയിൽ അപേക്ഷകൾ പെർമിറ്റ് നൽകുന്നതിന് വെയ്ക്കേണ്ടതില്ല.
5. ചട്ടപ്രകാരം നിർമ്മാണം പൂർത്തിയായി കഴിഞ്ഞാൽ കഴിവതും 15 ദിവസത്തിനകം പരിശോധിച്ച് നമ്പർ നൽകേണ്ടതാണ്.

6. ടൗൺ പ്ലാനിംഗ് സ്കീമിൽ നിന്നും കൺകറൻസ് ആവശ്യമായ കേസുകളിൽ ഒരാഴ്ചയ്ക്കകം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ജില്ലാ ടൗൺ പ്ലാനറുടെ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതും, ജില്ലാ ടൗൺ പ്ലാനർമാർ ഒരാഴ്ചയ്ക്കകം അഭിപ്രായം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ അറിയിക്കേണ്ടതുമാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്തു സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരളാ സർക്കാർ

നം. 6899/തദ്ദേ. എ.3/2009/തസ്വഭവ. തദ്ദേശ സ്വയംഭരണ (തദ്ദേ.എ.) വകുപ്പ്
തിരുവനന്തപുരം, തീയതി. 21/4/2009.

സർക്കുലർ

വിഷയം:- കെട്ടിട നിർമ്മാണം - പൊതുമരാമത്തു വകുപ്പിൽ നിന്നും എൻ. ഒ. സി. ആവശ്യപ്പെടുന്നതു - സംബന്ധിച്ചു്

പൊതുമരാമത്തു വകുപ്പിന്റെ കീഴിലും, നിയന്ത്രണത്തിലുമുള്ള പ്രധാന റോഡുകളായ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ എന്നിവയുടെ വശങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്തു വകുപ്പിന്റെ എൻ. ഒ. സി. ഇല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ബിൽഡിംഗ് പെർമിറ്റു നൽകുന്നില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി. അത് പൊതുജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

1999 - ലെ കേരള ഹൈവേ സംരക്ഷണ നിയമം 18- ാം വകുപ്പ് പ്രകാരം ഏതൊരു വിഭാഗം ഹൈവേയും, അഥവാ അതിന്റെ ഭാഗത്തിനേയും സംബന്ധിച്ചു നിർമ്മാണ രേഖകളും, നിയന്ത്രണ രേഖകളും നിശ്ചയിച്ചു് ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ പ്രാവർത്തികമാക്കാവുന്നതുമാണ്. എന്നാൽ ഇതു സംബന്ധിച്ചു് സർക്കാർ ഇതുവരെ വിജ്ഞാപനം പുറപ്പെടുവിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള റോഡുകളോടു ചേർന്ന് വരുന്ന പ്ലോട്ടുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലും നഗരാസൂത്രണ പദ്ധതിയിലും നിഷ്കർഷിച്ചിരിക്കുന്ന മുറസായ സ്ഥലങ്ങൾ നൽകുന്ന പക്ഷം ബിൽഡിംഗ് പെർമിറ്റ് സമയ പരിധിക്കുള്ളിൽ തന്നെ നൽകേണ്ടതാണ്.

എസ്.എം. വിജയാനന്ദ്.
പ്രിൻസിപ്പൽ സെക്രട്ടറി

സംസ്ഥാനത്തെ എല്ലാ കോർപറേഷൻ/മുൻസിപ്പൽ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

കേരള സർക്കാർ

നം: 18901/തർ.എ.3/2007/തസ്വഭവ

തദ്ദേശ സ്വയംഭരണ (തർ. എ) വകുപ്പ്
തിരുവനന്തപുരം, തീയതി, 8/7/2009.

സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - കേരള മുൻസിപ്പാലിറ്റി നിയമം 406 -ാം വകുപ്പ് പ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

നിയമവിരുദ്ധമായി ആരംഭിച്ചതോ, നടന്നുകൊണ്ടിരിക്കുന്നതോ, പൂർത്തിയായതോ ആയ നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിൽ വിശദമാക്കിയിട്ടുണ്ട്. നോട്ടീസുകൾ നൽകുന്നതിലും ഉത്തരവുകൾ പാസ്സാക്കുന്നതിലും പാലിക്കേണ്ട നടപടിക്രമം 406 -ാം വകുപ്പിന്റെ ഉപവകുപ്പുകളിൽ വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ പല നഗരസഭകളിലും നിയമാനുസൃതമുള്ള നടപടിക്രമം പാലിക്കാതെയാണ് 406(1) -ാം വകുപ്പ് പ്രകാരം നിയമവിരുദ്ധ നിർമ്മാണം നീക്കം ചെയ്യുന്നതിന് ആവശ്യമായ പ്രൊവിഷണൽ ഉത്തരവ്; 406 (2) -ാം വകുപ്പ് പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ്, 406 (3) -ാം വകുപ്പ് പ്രകാരമുള്ള സ്ഥിരീകരണ ഉത്തരവ് എന്നിവ നൽകുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരസഭാസെക്രട്ടറി പുറപ്പെടുവിക്കേണ്ട ഉത്തരവുകൾ മുൻസിപ്പൽ എൻജിനിയറോ, ടൗൺ പ്ലാനിംഗ് ഓഫീസറോ പുറപ്പെടുവിക്കുന്നതായും കണ്ടിട്ടുണ്ട്. പ്രസ്തുത നോട്ടീസുകൾ/ ഉത്തരവുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിൽ ചോദ്യം ചെയ്യപ്പെടുമ്പോൾ നിയമാനുസൃതമുള്ളതല്ല എന്ന കാരണത്താൽ റദ്ദാക്കപ്പെടുന്ന നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നടപടി ക്രമങ്ങളിലെ അപാകത ചൂണ്ടിക്കാട്ടി അപ്പീലുകൾ അനുവദിക്കുന്ന കേസുകളിൽ ട്രിബ്യൂണൽ, അവ പരിഹരിച്ചുകൊണ്ട് പുതുതായി നടപടികൾ ആരംഭിക്കുവാൻ നഗരസഭാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നതായും കാണുന്നു. എന്നാൽ ട്രിബ്യൂണൽ പരാമർശിക്കുന്ന ന്യൂനതകൾ പരിഹരിക്കാതെ തന്നെ വീണ്ടും നോട്ടീസുകൾ നൽകുന്നതും ഉത്തരവുകൾ പാസ്സാക്കുന്നതുമായ സ്ഥിതിവിശേഷവുമുണ്ട്. ഇത് അനധികൃത നിർമ്മാണം നടത്തുന്നവ

ർക്ക് സഹായമാവുകയും, പലപ്പോഴും, ഈ കാലയളവിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ അവർക്ക് അവസരമൊരുക്കുകയും ചെയ്യുന്നുണ്ട്.

മേൽ സാഹചര്യത്തിൽ, അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് കേരള മുൻസിപ്പാലിറ്റി നിയമം 406 -ാം വകുപ്പിന്റെ ഉപവകുപ്പുകളിൽ അനുശാസിക്കുന്ന നടപടിക്രമം പൂർണ്ണമായി പാലിച്ചുകൊണ്ടാവണമെന്ന് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ സർക്കാർ ഗൗരവമായി വീക്ഷിക്കുന്നതും ബന്ധപ്പെട്ടവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ടി. കെ. ജോസ്,
സെക്രട്ടറി
തദ്ദേശസ്വയം ഭരണ വകുപ്പ്

എല്ലാ കോർപ്പറേഷൻ/മുൻസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർ (കൊല്ലം, കൊച്ചി, കോഴിക്കോട്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) തദ്ദേശസ്വയം ഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്,
പാങ്ങപ്പാറ, തിരുവനന്തപുരം-695581
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ. ക്ക്
തദ്ദേശസ്വയംഭരണ (ആർ. എ., ആർ. ബി) വകുപ്പുകളിലെ എല്ലാ സീറ്റുകളിലേക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ.2750(2)/ആർ.ഡി.2/09/തസ്വഭവ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 10/08/2009

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മൊബൈൽ ടവർ നിർമ്മാണം പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. 13/03/2009-ലെ 2750/ആർ.ഡി2/09/തസ്വഭവ നമ്പർ സർക്കുലർ.
2. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി 01/07/2009-ൽ നടത്തിയ യോഗത്തിന്റെ മിനിട്ട്സ്.

സൂചന ഒന്നിലെ സർക്കുലർ പ്രകാരം മൊബൈൽ ടവർ നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതു സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

ടവർ നിർമ്മാണത്തിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള എതിർപ്പും പെർമിറ്റ് നല്കുന്ന കാര്യത്തിൽ ചില തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുണ്ടാകുന്ന ആശങ്കയും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഇക്കാര്യങ്ങൾ പരിശോധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ടവർ നിർമ്മാണത്തിനു നിർദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതിയുണ്ടെങ്കിൽ ഭരണ സമിതിയുടെ നേതൃത്വത്തിൽ ടവർ നിർമ്മാതാക്കളെയും, പൊതുജനങ്ങളെയും പങ്കെടുപ്പിച്ച് ചർച്ച നടത്തിഅനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതാണ്.

ചട്ടങ്ങൾ പാലിക്കാതെ stop memo നല്കുന്ന രീതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കാൻ പാടില്ല.

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്തു സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)
പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

© Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

KERALA GAZETTE
കേരള ഗസറ്റ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LIV / വാല്യം 54 | Thiruvananthapuram, Thursday / തിരുവനന്തപുരം, വ്യാഴം | 1st October 2009 / 2009 ഒക്ടോബർ 1 / 9th Aswina 1931 / 1931 ആശ്വിനം 9 | No. / നമ്പർ 1809

GOVERNMENT OF KERALA

Local Self Government (RD) Department

NOTIFICATION

G. O. (Ms.) No. 189/2009/LSGD. *Dated, Thiruvananthapuram, 26th September, 2009.*

S. R. O. No. 821/2009.—In exercise of the powers conferred under section 381, 382, 383A, 387, 398 and 406 of the Kerala Municipality Act, 1994 (20 of 1994) read with section 565 thereof, the Government of Kerala hereby make the following rules further to amend the Kerala Municipality Building Rules, 1999 issued under notification G. O. (Ms.) No. 188/99/LSGD dated the 1st October, 1999 and published as S.R.O. No. 777/99 in the Kerala Gazette Extraordinary No. 1786 dated the 1st October, 1999, namely:—

Rules

1. *Short title and commencement.*—(1) These rules may be called the Kerala Municipality Building (Amendment) Rules, 2009.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Municipality Building Rules, 1999, CHAPTER XVI-A shall be substituted by the following chapter, namely:—

3VJ358/2009/DTP.

"CHAPTER XVI-A

RAINWATER HARVESTING

109 A. *Groundwater recharging arrangements.*—(1) Unless otherwise stipulated specifically in a Town Planning Scheme, workable groundwater recharging arrangement shall be provided as an integral part of all new building constructions through collection of rooftop rainwater:

Provided that, the groundwater recharging arrangements are not mandatory for thatched buildings and for single family residential buildings if the total floor area is up to 150 sq. metres and if the total plot area is up to 320 sq. metres.

(2) The components of workable groundwater recharging arrangements as stipulated in sub-rule (1) above, shall include:

(i) Roof gutters

(ii) Down pipe

(iii) Filter unit

(iv) Recharge well of Recharge pond or Percolation pit:

Provided that, open well or pond within the plot can be used as recharge components as mentioned in item (iv) above:

Provided further that, filter unit as mentioned in item (iii) shall be mandatory only in situations where rainwater is recharged directly to the groundwater through open wells, ponds and the like.

(3) In exceptional cases such as water logging or impermeable subsoil conditions to considerable depths, the groundwater researching arrangements for building constructions need not be made mandatory.

(4) The owner(s)/occupier(s) shall maintain the rooftops and the groundwater recharging arrangements in healthily/working condition.

109 B. *Rainwater storage Arrangement.*—(1) Unless otherwise stipulated specifically in a Town Planning Scheme, workable rainwater storage arrangements shall be provided as an integral part of all new building constructions through the collection of rooftop rainwater for the following occupancies, namely:

(i)	Group A1	Residential (In the case of single family residential buildings, if the total floor area of the building is up to 150 sq. metres and if the plot area is up to 320 sq. metres, the rainwater storage arrangements are not mandatory.)
(ii)	Group A2	Special Residential
(iii)	Group B	Educational
(iv)	Group C	Medical/Hospital
(v)	Group D	Assembly
(vi)	Group E	Office/Business
(vii)	Group F	Mercantile/Commercial (If the total floor area of the building is up to 100 sq. metres and if the plot area is up to 200 sq. metres, the rainwater storage arrangements are not mandatory.)
(viii)	Group G1 and Group G2	Industrial (only for workshops, assembly plants, laboratories, dry cleaning plants, power plants, Gas plants, refineries, dairies, food processing units and any other occupancies notified by the Government from time to time).
(ix)	Group I (b)	Hazardous (Automobile wash stall, Automobile Service Stations, Service Garages with repairing facilities and any other occupancies notified by the Government from time to time):

Provided also that, the rainwater storage arrangements are not mandatory for thatched building.

(2) The components of a workable rainwater storage arrangement as stipulated in sub-rule (1) above, shall include:

(i) Roof gutters

(ii) Down pipe and first flush pipe arrangement

(iii) Filter unit and

(iv) Storage tank with provisions for drawing water and spillover

(3) The minimum capacity of the storage tank as stipulated in sub-rule (2) (iv) of the rainwater storage arrangement shall be at the rate given below:

Group A1	25 litres/sq. m. of floor area
Group A2	25 litres/sq. m. of floor area
Group B	50 litres/sq. m. of floor area
Group C	50 litres/sq. m. of floor area
Group D	50 litres/sq. m. of floor area
Group E	50 litres/sq. m. of floor area
Group F	25 litres/sq. m. of floor area
Group G1 and Group G2	50 litres/sq. m. of floor area
Group I (1)	25 litres/sq. m. of floor area:

Provided that, the floor area to be considered shall be the total floor area in all floors.

(4) The owner(s)/occupier(s) shall maintain the rooftops and the rainwater storage arrangements in healthy working condition.

(5) Additional arrangements for carrying the spillover water from storage tank to recharge well or recharge pond or percolation pit need be provided only if both groundwater recharging arrangements and rainwater storage arrangements are provided as laid out in this chapter.]"

By order of the Governor,

S. M. VIJAYANAND,
Principal Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Government feels that the present provisions in the Kerala Municipality Building Rules, 1999 create certain difficulties to the common public. In this context, the Government consider it necessary to make certain further amendments to the Kerala Municipality Building Rules, 1999.

This notification is intended to achieve the above purpose.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.

(Emblem)

GOVERNMENT OF KERALA

Abstract

Local Self Government Department - Town and Country Planning Department – Implementation of the scheme for preparation of Master Plans and Detailed Town Plans – Guidelines approved – Orders issued.

LOCAL SELF GOVERNMENT (DC) DEPARTMENT

G.O.(Rt) No. 2766/2009/LSGD. Dated, Thiruvananthapuram, 24-10-2009

Read: 1) G.O.(Rt) No. 354/2007/LSGD dated 01-02-2007
2) G.O.(Rt) No. 3982/2008/LSGD dated 13-11-08
3) Letter No. C1/7931/09 dated 23.09.09 of Chief Town Planner

ORDER

As per Government Order read as 2nd paper above administrative sanction was accorded for the implementation of the New Scheme 'Preparation of Master Plans and detailed Town Plans' announced in the Budget Speech of 2008-09. An amount of Rs.250 lakhs was allotted for the scheme under the Head of Account 2217- 05- 001-64 in the year 2009-10. Development Plans for 32 towns are to be prepared in a time bound manner under this scheme. The Chief Town Planner, as per letter read as 3rd paper above, submitted detailed guidelines for implementation of the Scheme which involve co ordination of the local governments, line departments and the Department of Town and Country Planning. Government have examined the matter in detail and are pleased to approve the guidelines which is given in annexure along with this order

By order of the Governor
M.Unnikrishnan,
Additional Secretary

To

The Chief Town Planner, Thiruvananthapuram.
The Director of Urban Affairs, Thiruvananthapuram.
The Director of Panchayats, Thiruvananthapuram.
The Secretaries of Municipalities concerned. (through DUA)
The Secretaries of Panchayats concerned. (through DP)
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
Finance Department.
Planning Department.
Stock File/Office Copy.

Forwarded/By order,
Sd/-
Section Officer

ANNEXURE

Guidelines for the preparation of General Town Planning Schemes (Development Plans) under the plan scheme

'Preparation of Master Plans and Detailed Town Plans'

1. The General Town Planning Schemes (Development Plans) for Municipalities included under this scheme are to be prepared as per the provisions of the relevant Town Planning Acts and Rules.

2. The Planning Area for each Development Plan shall be governed by the development scenario. In case portions of local governments outside the municipal limits are included in the delineated planning area, the boundaries of the planning area shall be fixed so as to include the entire area of such local governments. Constitution of Joint Town Planning Committees as provided in the Town Planning Acts may be resorted to in such cases.

3. There shall be constituted in each Municipality, a Spatial Integration Committee (SIC) to support the Town Planning Committee in connection with the preparation of Development Plan. The SIC shall support the District Office of the Department of Town and Country Planning also in various stages of preparation of Development Plan. A resource person to be selected as a member of the SIC by the Municipal Council.

   The Chairperson of the SIC will be the Chair person/Mayor of the Municipality. Secretary of the Municipality will be the Convener and Head of the Engineering wing of the Local Government will be the joint convener of SIC. The District Town Planner, one member from each working group of the Municipality and a resource person selected by Municipality will be the members of the SIC.

4. Planning process for the preparation of Development Plan will be,

   a) Evaluate the existing Development Plan, if any, and justify the need for preparation of a new Development Plan.

   b) Conduct a Development Seminar to assess stake holder's perspectives on the Development Plan.

   c) Collect primary and secondary data needed and compile them.

   d) Conduct Spatial Analysis under the responsibility of Department of Town and Country Planning and Local Level Analysis (comprising of sectoral studies and study on peoples development aspirations) under the responsibility of Spatial Integration Committees of the Municipalities. The Department of Town and Country Planning shall ensure that the data analyses are completed within the stipulated time frame even if the SIC fails to accomplish the local level analysis within the said time frame.

   e) Formulate development goals, objectives, development concept and development policies after finding out the development problems and development potentials of the town ~~district~~ on the basis of the findings of analysis. Assess the future requirements sector wise and formulate development suggestions.

Technical guidelines detailing each of these steps, as well as norms in this respect shall be issued by the Chief Town Planner.

f) Prepare Draft Development Plan (Report, existing and proposed Land Use Maps and Zoning regulations.) and publish it inviting objections and suggestions as per the provisions of the respective Town Planning Act.

g) Present the published Draft Development Plan in a Development Seminar

h) Modify the Draft Development Plan based on the objections, suggestions and recommendations of the Development Seminar and get it sanctioned as per the provisions of the respective Town Planning Act.

5. For the overall co-ordination and monitoring of the Scheme, a Project Cell has to be formed in the head office of the Department of Town & Country Planning. At the district level, the respective District Town Planners shall constitute a Planning Team in the district office exclusively for preparation of Development Plans included under this scheme.

6. The following categories of employees may be appointed on contract basis for the period of preparation of Plans in the Project cell attached to the head office as well as in the Planning Teams attached to the district offices of the Department of Town and Country Planning:

Sl. No.	Post	Qualifications
1	Planner Consultant	P.G in Town and Country Planning with at least 10 years experience in the field
2	Planner Associate	P.G in Town and Country Planning or equivalent
3	Planning Assistant	B.Tech Civil/ B Arch/ B Planning/ Degree in Architectural Engineering or equivalent
4	Planning Assistant -GIS	Post graduation in Geography/Geology or equivalent with expertise in GIS software Or Degree in remote sensing or GIS or equivalent with proficiency in GIS applications.
5	Computer Assistant-GIS	Diploma in Civil Engineering/Architecture or equivalent
6	Computer Assistant- Office	10+2 or equivalent and Certificate courses in MS office and DTP with proficiency in word processing in English and Malayalam.

Assessment of requirement of staff on contract basis and their selection and posting in the State Level Project Cell shall be done by the Chief Town Planner.

Assessment of requirement of Planner Consultants and Planner Associates in the Planning Teams at district level and their selection and posting on contract basis shall be done by the Chief Town Planner. The assessment of requirement of other categories of staff on contract basis in the Planning Teams at district level shall be done by the District Town Planner concerned, with the approval of the Chief Town Planner. Their selection and posting shall be the responsibility of the District Town Planner concerned.

7. The District Town Planner can outsource selected components of the scheme, with the approval of Chief Town Planner (as per Read 1).

8. The Chief Town Planner can also outsource various components of the scheme either specific to a Plan or in a centralised manner which interalia include development of customised software required for standardisation of the work (as per Read 1).

9. The District Town Planner can seek expert opinion of planning professionals or subject experts of various domains, if necessary with the approval of the Chief Town Planner.

10. Technical guidelines, Planning Norms, Check lists of data, hand outs/ toolkits detailing out the activities etc for the preparation of Development Plan and customised softwares for analyses shall be prepared by the Department of Town and Country Planning aiming at time bound implementation of the scheme.

11. Responsibility of technical vetting of Development Plans in each stage of its preparation will vest with the Senior Town Planner in charge of the district, in the office of the Chief Town Planner.

12. Trainings in connection with the Scheme may be done through KILA, Thrissur. A training action plan shall be prepared in this respect and necessary funds for trainings, as decided by the Chief Town Planner, may be handed over to KILA by the Department of Town & Country Planning. In this respect, necessary MOU may be signed by Director, KILA and the Chief Town Planner.

13. Policy matters, if any, related to the preparation of Development Plans under this Scheme are to be addressed by the State Level Steering Committee for the project of preparation of LDP, IDDP and SPP (Read 2).

14. The Draft Development Plans shall be prepared within an overall time frame of 18 months. A detailed general time schedule for the implementation of the scheme and time schedule specific to each Development Plan-taking into account the present stage of preparation of the Plan, the size and development scenario of the planning area shall be prepared by the Chief Town Planner. Top priority shall be given by the Department for the Scheme and the time schedule shall be strictly adhered to. The implementation of the scheme shall be reviewed on a monthly basis by the Chief Town Planner.

15. The implementation of the scheme will be monitored in every 3 months by Principal Secretary/Secretary LSGD.

കേരളാ സർക്കാർ

നം. 36587/ അർ.എ.1/2009/തസ്വഭവ. തദ്ദേശ സ്വയംഭരണ (അർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി. 27/6/2010.

സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - കോർപ്പറേഷൻ നഗരസഭാ പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണാനുമതി - കാലതാമസം ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന: 1) 15/11/08 ലെ 72671/അർ.എ.1/08/തസ്വഭവ നമ്പർ സർക്കുലർ.
2) 20/12/2008 ലെ 81003/അർ. എ.1/08/തസ്വഭവ നമ്പർ സർക്കുലർ.
3) 13/3/09 ലെ 2750/അർ. ഡി.2/09/തസ്വഭവ നമ്പർ സർക്കുലർ.

കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് മേൽ സൂചനകൾ പ്രകാരം സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറുകളിൽ പ്രതിപാദിച്ച പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിക്കുന്നില്ല എന്നും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ നിർമ്മാണാനുമതി നൽകുന്നില്ലായെന്നും പോരായ്മകൾ കാണിച്ചുകൊണ്ടുള്ള വിവരം അപേക്ഷകരെ രേഖാമൂലം അറിയിക്കുന്നില്ലായെന്നുമുള്ള ധാരാളം പരാതികൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. കാലതാമസം ഒഴിവാക്കി, സമയപരിധിക്കുള്ളിൽ നിർമ്മാണാനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ കോർപ്പറേഷനുകളും നഗരസഭകളും സ്വീകരിക്കേണ്ടതാണ്.

കോർപ്പറേഷനുകളിലും, നഗരസഭകളിലും ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ രണ്ടു വിഭാഗമായി തിരിച്ച് പ്രത്യേകമായിട്ടാണ് ഇപ്പോൾ ജോലി നോക്കി വരുന്നത്. ഏതെങ്കിലും വിഭാഗത്തിൽ ജോലി കൂടുതലായി വരികയോ, ഉദ്യോഗസ്ഥർ ഇല്ലാതെ വരികയോ ചെയ്യുന്ന പക്ഷം ആ വിഭാഗത്തിലെ ജോലി പൂർത്തീകരിക്കുവാൻ ധാരാളം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ തീരുമാനം എടുത്ത് പെർമിറ്റ് നൽകുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും താഴെ പറയുന്ന സംവിധാനം കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഏർപ്പെടുത്തേണ്ടതാണ്.

1) കോർപ്പറേഷനുകളിലും, നഗരസഭകളിലും എഞ്ചിനീയറിംഗ് വിഭാഗത്തിലേയും, ടൗൺ പ്ലാനിംഗ് വിഭാഗത്തിലേയും, രണ്ടാം ഗ്രേഡ് ഓവർസിയർ വരെയുള്ള എല്ലാ സാങ്കേതിക വിഭാഗ ഉദ്യോ

ഗസ്ഥർക്കും നിർമ്മാണ പ്രവർത്തനത്തിന്റേയും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിന്റെയും ചുമതലകൾ നൽകേണ്ടതാണ്.

2) കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ച് വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥർ നിർമ്മാണാനുമതി നൽകേണ്ടതാണ്. ടി ആവശ്യത്തിലേക്കായി സെക്രട്ടറിമാർ അവരുടെ ചുമതല ഡെലിഗേറ്റ് ചെയ്യേണ്ടതാണ് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനം	തസ്തിക	കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച. മീ)
മുനിസിപ്പൽ കോർപ്പറേഷൻ	a) അസി. എഞ്ചിനീയർ	300 വരെ
	b) അസി. എക്സി. എഞ്ചിനീയർ	301 - 750
	c) എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്രൊജക്ട് എഞ്ചിനീയർ/ ടൗൺ പ്ലാനിംഗ് ഓഫീസർ)	751 - 1500
	d) കോർപ്പറേഷൻ എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ	1501 - 2500

മുനിസിപ്പൽ കോർപ്പറേഷനുകളിൽ 2500 ച. മീറ്ററിൽ കൂടുതൽ പ്ലിന്ത് ഏരിയായുള്ളതും, അഞ്ചും അതിൽ കൂടുതൽ നിലകൾ ഉള്ളതുമായ കെട്ടിടങ്ങൾ (ഫ്ളാറ്റുകൾ ഉൾപ്പെടെ), വൻകിട വ്യവസായ സംരംഭങ്ങൾക്കുള്ള കെട്ടിടങ്ങൾ, ആഡിറ്റോറിയം, തിയറ്ററുകൾ, ആശുപത്രി എന്നിവയ്ക്ക് പെർമിറ്റിനുള്ള അപേക്ഷയും പ്ലാനും, കോർപ്പറേഷൻ എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖേന സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതും, സെക്രട്ടറിയുടെ അനുമതിയോടെ സൂപ്രണ്ടിംഗ് എഞ്ചിനീയർ പെർമിറ്റ് നൽകേണ്ടതുമാണ്.

മുനിസിപ്പാലിറ്റി ഗ്രേഡ് - I	a) അസി. എഞ്ചിനീയർ	300 വരെ
	b) അസി. എക്സി. എഞ്ചിനീയർ	301 - 750
	c) എക്സിക്യൂട്ടീവ് എഞ്ചിനീയർ	751 - 1500

1500 ച. മീറ്ററിൽ കൂടുതൽ പ്ലിന്ത് ഏരിയ ഉള്ളതും അഞ്ചും അതിൽ കൂടുതലും നിലകൾ ഉള്ളതുമായ കെട്ടിടങ്ങൾ (ഫ്ളാറ്റുകൾ ഉൾപ്പെടെ), വൻകിട വ്യവസായ സംരംഭങ്ങൾക്കുള്ള കെട്ടിടങ്ങൾ, ആഡിറ്റോറിയം, തിയേറ്ററുകൾ, ആശുപത്രി എന്നിവയ്ക്ക് പെർമിറ്റിനുള്ള അപേക്ഷയും പ്ലാനും എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും സെക്രട്ടറിയുടെ അനുമതിയോടു കൂടി മുനിസിപ്പൽ എഞ്ചിനീയർ (എക്സിക്യൂട്ടീവ് എഞ്ചിനീയർ) പെർമിറ്റ് നൽകേണ്ടതുമാണ്.

മുനിസിപ്പാലിറ്റി ഗ്രേഡ് - II	a) അസി. എഞ്ചിനീയർ	300 വരെ
	b) അസി. എക്സി. എഞ്ചിനീയർ	301 - 750

750 ച. മീറ്ററിൽ കൂടുതൽ പ്ലിന്ത് ഏരിയ ഉള്ളതും അഞ്ചും അതിൽ കൂടുതലും നിലകൾ ഉള്ളതുമായ കെട്ടിടങ്ങൾ (ഫ്ളാറ്റുകൾ ഉൾപ്പെടെ), വൻകിട വ്യവസായ സംരംഭങ്ങൾക്കുള്ള കെട്ടിടങ്ങൾ, ആഡിറ്റോറിയം, തിയേറ്ററുകൾ, ആശുപത്രി എന്നിവയ്ക്ക് പെർമിറ്റിനുള്ള അപേക്ഷയും പ്ലാനും അസി. എക്സി. എഞ്ചിനീയർ മുഖേന സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും സെക്രട്ടറിയുടെ അനുമതിയോടു കൂടി മുനിസിപ്പൽ എഞ്ചിനീയർ (അസി. എക്സി. എഞ്ചിനീയർ) പെർമിറ്റ് നൽകേണ്ടതുമാണ്.

മുനിസിപ്പാലിറ്റി ഗ്രേഡ് - III	അസി. എഞ്ചിനീയർ	300 വരെ

300 ച. മീറ്ററിൽ കൂടുതൽ പ്ലിന്ത് ഏരിയ ഉള്ളതും അഞ്ചും അതിൽ കൂടുതലും നിലകളുള്ളതുമായ കെട്ടിടങ്ങൾ (ഫ്ളാറ്റുകൾ ഉൾപ്പെടെ) വൻകിട വ്യവസായ സംരംഭങ്ങൾക്കുള്ള കെട്ടിടങ്ങൾ, ആഡിറ്റോറിയം, തിയേറ്റർ, ആശുപത്രി എന്നിവയ്ക്ക് പെർമിറ്റിനുള്ള അപേക്ഷകളും പ്ലാനും അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും സെക്രട്ടറിയുടെ അനുമതിയോടു കൂടി മുനിസിപ്പൽ എഞ്ചിനീയർ (അസിസ്റ്റന്റ് എഞ്ചിനീയർ) പെർമിറ്റ് നൽകേണ്ടതുമാണ്.

3) അപേക്ഷകൾ മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിരിക്കുന്ന മുൻഗണനാ ക്രമത്തിൽ തന്നെ അവ വിവിധ മേഖലകൾ നോക്കുന്ന ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും, ലഭിച്ചിരിക്കുന്ന മുൻഗണനാ ക്രമത്തിൽ തന്നെ അവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ച് നിർമ്മാണാനുമതി നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും മുൻഗണനാക്രമം തെറ്റിക്കുവാൻ പാടില്ല. നിർമ്മാണാനുമതി കെട്ടിട നിർമ്മാണ ചട്ടത്തിലെ സമയപരിധിക്കുള്ളിൽതന്നെ നൽകേണ്ടതാണ്. എന്നാൽ സോണൽ ഓഫീസുകൾ പ്രവർത്തിക്കുന്ന നഗരസഭകളിൽ അപേക്ഷകളുടെ മുൻഗണന നിശ്ചയിക്കേണ്ടത് അതത് സോണൽ ഓഫീസുകളുടെ അടിസ്ഥാനത്തിലാണ്.

4) അപേക്ഷകളിന്മേൽ ഏതെങ്കിലും ന്യൂനത ഉള്ള പക്ഷം അത് രേഖാമൂലം 7 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്. ടി വിവരം ബിൽഡിംഗ് അപ്ലിക്കേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

5) അപേക്ഷ ലഭിച്ച് ഒരാഴ്ചക്കകം ബിൽഡിംഗ് ഇൻസ്പെക്ടർ , ഓവർസിയർ അഥവാ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പെർമിറ്റ് നൽകുന്നതിന് മുമ്പ് സ്ഥലം പരിശോധന നടത്തി റിപ്പോർട്ട് പെർമിറ്റ് നൽകുന്ന ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

6) പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം സ്ഥലത്ത് അളവുകൾ ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടത് നേരിട്ട് സ്ഥലം പരിശോധിക്കുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്ത്വമാണ്. സ്ഥല പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടം ലംഘിച്ച് നിർമ്മാണാനുമതി നൽകുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നേരിട്ടു പരിശോധിക്കുന്ന ഉദ്യോഗസ്ഥന് മാത്രമായിരിക്കും. അനുമതികളുടെ കാര്യത്തിൽ കീഴുദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ 20% ൽ കുറയാതെ നേരിട്ടു പരിശോധന നടത്തി അനുമതി നൽകേണ്ടതുമാണ്.

7) മേഖല തിരിച്ച് ജോലി വിഭജിച്ച് നൽകിക്കഴിഞ്ഞ്, മൂന്നു മാസത്തിനുശേഷം ഓരോ ഉദ്യോഗസ്ഥന്റെയും ജോലിഭാരം സെക്രട്ടറി വിലയിരുത്തുകയും, ഏതെങ്കിലും മേഖലയിൽ ജോലിഭാരം കൂടുതലാണെന്നു ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേഖല പുന:ക്രമീകരിച്ചു നൽകേണ്ടതും അവ പ്രത്യേകം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

8) ഓരോ അപേക്ഷയെയും സംബന്ധിച്ച് വിവരങ്ങൾ എല്ലാ ആഴ്ചയും നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

9) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന സമയ പരിധിക്കുള്ളിൽ നിർമ്മാണാനുമതി നൽകുന്നുണ്ടെന്നുള്ള കാര്യം ബിൽഡിംഗ് അപ്ലിക്കേഷൻ രജിസ്റ്റർ എല്ലാ മാസവും പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

10) നഗരസഭാ സെക്രട്ടറിമാർ അതാതു നഗരസഭയിൽ ലഭിച്ച കെട്ടിട നിർമ്മാണ അപേക്ഷകളുടെ എണ്ണം, തീർപ്പായവ, അവശേഷിക്കുന്നവ, തീർപ്പാക്കാത്തതിനുള്ള കാരണം എന്നിവ രേഖപ്പെടുത്തുന്ന പ്രതിമാസ റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി, അർബൻ അഫയേഴ്സ് ഡയറക്ടർ, നഗരസഭകളുടെ ടൗൺ പ്ലാനിംഗ് കമ്മിറ്റി/കൗൺസിലിന് ഓരോ മാസവും 5-ാം തീയതിക്കു മുമ്പു സമർപ്പിക്കേണ്ടതാണ്.

സമയപരിധിക്കുള്ളിൽ പെർമിറ്റ് നൽകാത്ത കെട്ടിടത്തിന്മേൽ അപേക്ഷകൻ കൗൺസിലിന് പരാതി നൽകുന്ന പക്ഷം അതു പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിന് മേയർ/മുനിസിപ്പൽ ചെയർമാൻ തലവനായും, ഡെപ്യൂട്ടി മേയർ/ മുനിസിപ്പൽ വൈസ് ചെയർമാൻ, നഗരാസൂത്രണ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കോർപ്പറേഷൻ

ഈ സാഹചര്യത്തിൽ, അംഗീകൃത ദത്തെടുക്കൽ ഏജൻസിയിൽ നിന്ന് കോടതി മുഖാന്തിരം ദത്തെടുത്തിട്ടുള്ള കുട്ടികളുടെ ജനനം ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതാപിതാക്കൾ സമർപ്പിക്കുന്ന അപേക്ഷ പ്രകാരം അവർ സ്ഥിരതാമസമാക്കിയ സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ജനനം രജിസ്റ്റർ ചെയ്യുവാൻ നൽകണമെന്നും അപേക്ഷ ലഭിച്ചു 10 ദിവസത്തിനകം ജനന സർട്ടിഫിക്കറ്റ് വിതരണം ചെയ്തിരിക്കണമെന്നും എല്ലാ രജിസ്ട്രാർമാർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
സെക്രട്ടറി, കേരള അഡോപ്റ്റീവ് ഫാമിലീസ് ഓർഗനൈസേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആൻ പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ, സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ.
തദ്ദേശ സ്വയംഭരണ (എച്ച്.ബി) വകുപ്പ്

നം. 5078/എച്ച്.ബി. 1/09/തസ്വഭവ. തിരുവനന്തപുരം,
തീയതി,26.4.2009

സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ -ജനന-മരണ-വിവാഹ രജിസ്ട്രേഷൻ -1970 മുതലുള്ള മുൻകാലരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം-പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1 ജി.ഒ. (പി)നം. 9/2004/പ്ലാനിംഗ് തീയതി 16.2.2004.
2 അതാത് സെക്രട്ടറിമാരുടെ കത്ത് നമ്പർ 3548/06/തസ്വഭവ (രണ്ട്) തീയതി 24.03.2006.
3. കോ-ഓർഡിനേറ്റർമാർ ചേർന്നിട്ടുള്ള 29.12.08 ലെ യോഗത്തിന്റെ മിനിട്സ് നമ്പർ തീരുമാനം.

ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ക്രമങ്ങൾ എല്ലാ നഗരസഭകളിലും ഒട്ടുമിക്ക ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കിക്കഴിഞ്ഞു. മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടറൈസ്ഡ് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഇപ്രകാരം രജിസ്ട്രേഷനുകൾ പൂർണ്ണമായും കുറ്റമറ്റതും ആധുനികവും സുരക്ഷിതവുമായ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിലൂടെ മെച്ചപ്പെട്ട സേവനം നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്. ഇപ്രകാരം 1970 മുതലുള്ള മുൻകാല രജിസ്റ്ററുകൾ കൂടി കമ്പ്യൂട്ടറൈസ് ചെയ്തായി മാത്രമേ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കൃതമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് നൽകാൻ കഴിയുകയുള്ളൂ.

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സംബന്ധമായ മുൻകാല വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുവാൻ ഇൻഫർമേഷൻ കേരള മിഷന് അനുവാദം നൽകി ഉത്തരവായിട്ടുണ്ടല്ലോ. ഈ ഉത്തരവ് ഖണ്ഡിക 4 പ്രകാരം ഒരു പൈലറ്റ് അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുവാനും ടി തുക ഇൻഫർമേഷൻ കേരള മിഷന് നൽകുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയും നൽകിയിട്ടുണ്ടല്ലോ.

ഇതിനിടെ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മുൻകാല ജനന രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

നിലവിലുള്ള നടപടിക്രമങ്ങൾ ലളിതവത്കരിച്ച് സോഫ്റ്റ്വെയറിൽ മതിയായ മാറ്റങ്ങൾ വരുത്തിയതായി ഇൻഫർമേഷൻ കേരള മിഷൻ അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷനായി 2004- ൽ തിട്ടപ്പെടുത്തിയ നിരക്കുകളിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുണ്ടെന്നും സിവിൽ രജിസ്ട്രേഷൻ മുൻകാല റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണെന്നും സർക്കാർ കരുതുന്നു.

ഇൻഫർമേഷൻ കേരള മിഷൻ ഇതിലേക്കായി സമർപ്പിച്ച ശുപാർശ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29.12.2009 ലെ യോഗം അംഗീകരിക്കുകയും. വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ നൽകുകയും ചെയ്തു.

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. മുൻകാല സിവിൽ രജിസ്ട്രേഷൻ റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം അതത് സ്ഥാപനങ്ങൾ തന്നെ എത്രയും വേഗം പൂർത്തിയാക്കുന്നതിനായി ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച റിക്കാർഡ് ഒന്നിന് 4 രൂപ നിരക്ക് 6 രൂപയായി വർദ്ധിപ്പിക്കുന്നു.
2. എല്ലാ നഗരസഭകളും ഗ്രാമ പഞ്ചായത്തുകളും 1970 മുതൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ഉപയോഗിച്ച് സിവിൽ രജിസ്ട്രേഷൻ ഓൺലൈൻ ആയ തീയതി വരെയുള്ള ജനന -മരണ- വിവാഹ റിക്കാർഡുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി മേൽപ്പറഞ്ഞ നിരക്കിൽ പ്രോജക്ട് തയ്യാറാക്കി DPC യുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. 2009-10 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ ഇതിനായി തുക വകയിരുത്തേണ്ടതാണ്.
3. ഇൻഫർമേഷൻ കേരള മിഷന് ഇതിനകം 4 രൂപ നിരക്കിൽ തുക ഒടുക്കിയിട്ടുള്ള സ്ഥാപനങ്ങൾ ഇനിയും പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ബാക്കി തുക ഒടുക്കേണ്ടതാണ്.

4. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സേവന PDE മോഡ്യൂൾ ഉപയോഗിച്ച് അവരുടെ സാങ്കേതിക സഹായത്തോടുകൂടിയാണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കമ്പ്യൂട്ടർ സൗകര്യം ലഭ്യമാണെങ്കിൽ ആ സംവിധാനത്തിൽ ഈ ജോലികൾ. കുടുംബശ്രീ/അക്ഷയ യൂണിറ്റുകൾ മുഖേനചെയ്യാവുന്നതാണ്. കുടുംബശ്രീ/അക്ഷയ യൂണിറ്റുകളുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ പകരം സംവിധാനം ഒരുക്കേണ്ടതാണ്.

6. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മതിയായ കമ്പ്യൂട്ടർ സൗകര്യം ലഭ്യമല്ലെങ്കിൽ ഡാറ്റാ എൻട്രി നടത്തുന്ന സ്ഥാപനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് പ്രവൃത്തി നടത്തേണ്ടതാണ്.

7. സോഫ്റ്റ്വെയർ സംബന്ധമായ പരിശീലനം, സാങ്കേതിക സഹായം, ഗുണനിലവാരപരിശോധന എന്നിവ ഇൻഫർമേഷൻ കേരള മിഷൻ നിർവഹിക്കേണ്ടതാണ്.

8. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഡാറ്റാ എൻട്രി നടത്തുന്ന സ്ഥാപനം/ ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുമായി പ്രോജക്ട് നടത്തിപ്പ് സംബന്ധമായ ധാരണാപത്രം ഒപ്പു വയ്ക്കേണ്ടതാണ്.

9. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനന-മരണ രജിസ്ട്രേഷൻ വിഭാഗത്തിലെ ഒരുദ്യോഗസ്ഥനെ പദ്ധതിയുടെ നോഡൽ ഓഫിസർ ആയി ചുമതലപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ (ഗ്രാമ പഞ്ചായത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും നഗരസഭകളിൽ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും), രജിസ്ട്രാർ, നോഡൽ ഓഫീസർ, ബന്ധപ്പെട്ട ഏജൻസികളുടെ പ്രധിനിധികൾ എന്നിവർ അടങ്ങുന്ന സമിതി പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതാണ്. സമിതി നിശ്ചിത സമയങ്ങളിൽ വിളിച്ചുചേർക്കേണ്ട ചുമതല നോഡൽ ഓഫീസർക്കാണ്.

10 ഡേറ്റാ എൻട്രി പരിശോധന, ഗുണ നിലവാര പരിശോധന എന്നിവ തീരുന്ന മുറയ്ക്ക് തന്നെ ഡേറ്റാ പ്രിന്റ് ഔട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ലഭ്യമാക്കേണ്ടതാണ്. ഡേറ്റയിലെ അപാകതകൾ സംബന്ധിച്ച് റിപ്പോർട്ടും ലഭ്യമാക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ പ്രസ്തുത പ്രിന്റ് ഔട്ടും റിപ്പോർട്ടുകളും പരിശോധിച്ച് അപാകതകൾ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ആവശ്യമായ തിരുത്തലുകൾ ഡേറ്റാ ബേസിൽ വരുത്തിയെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഡേറ്റാ എൻട്രിയിലെ തെറ്റുകളാണ് ഇപ്രകാരം തിരുത്തേണ്ടത്. രജിസ്റ്ററിലെ വസ്തുതാപരമോ യുക്തിസഹമല്ലാത്തതോ ആയ തെറ്റുകൾ രജിസ്ട്രേഷൻ നിയമങ്ങൾക്ക് വിധേയമായി ഒറിജിനൽ രജിസ്ട്രേഷനിൽ തിരുത്തൽ വരുത്തിയശേഷം മാത്രമേ ഡാറ്റാബേസിൽ തിരുത്തുവാൻ പാടുള്ളൂ.

11. മേൽ പറഞ്ഞ പ്രവർത്തനങ്ങൾ പൂർത്തിയാക്കി രജിസ്ട്രാർ അംഗീകരിക്കുന്ന മുറയ്ക്ക് ഇൻഫർമേഷൻ കേരള മിഷൻ ജനന ഡേറ്റ ബേസിലേക്ക് അത് സംയോജിപ്പിക്കേണ്ടതാണ് (ഡേറ്റ പോർട്ടിംഗ്). ഡേറ്റാ സംബന്ധമായ അപാകതകളും ഡേറ്റയുടെ കൃത്യതയും ജനന മരണ രജിസ്ട്രാർ ഉറപ്പുവരുത്തേണ്ടതാണ്.

12. ഡേറ്റാ പ്രിന്റൗട്ടും ഡേറ്റയിലെ അപാകതകൾ സംബന്ധിച്ച റിപ്പോർട്ടും രജിസ്ട്രാർക്ക് ലഭിച്ചുകഴിഞ്ഞാൽ വെരിഫിക്കേഷൻ 30 ദിവസത്തിനകം പൂർത്തിയാക്കി അംഗീകരിച്ചു നൽകേണ്ടതാണ്.

13. ഡേറ്റാ എൻട്രി, വെരിഫിക്കേഷൻ, തെറ്റുതിരുത്തൽ, പ്രിന്റിംഗ്, വെരിഫിക്കേഷൻ, മറ്റുചെലവുകൾ എന്നിവയ്ക്കായി റിക്കാർഡ് ഒന്നിന് 4 രൂപ നിരക്കും ഡേറ്റാ എൻട്രി പ്രീപ്രോസസിംഗ്-, പരിശീലനം, -സാങ്കേതികസഹായം, ഡേറ്റാ ബാക്ക് അപ്പ്, ഗുണനിലവാര പരിശോധന എന്നിവയ്ക്ക് റിക്കാർഡ് ഒന്നിന് 2 രൂപ നിരക്കുമാണ് (ആകെ റിക്കാർഡ് ഒന്നിന് 6 രൂപ) നിശ്ചയിച്ചിരിക്കുന്നത്.

14. പദ്ധതിയുടെ നിർവഹണ ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ഓരോ പ്രവർത്തിക്കും നൽകേണ്ട തുക

കണക്കാക്കുന്നതിനുള്ള മാനദണ്ഡം അനുബന്ധം 1 ആയി ചേർക്കുന്നു.

15. റിക്കാർഡ് ഒന്നിന് 2 രൂപ നിരക്കിലുള്ള തുക ഇൻഫർമേഷൻ കേരള മിഷന് മുൻകൂർ നൽകാവുന്നതാണ്.

16. പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 2009 ഏപ്രിൽ -മെയ് മാസങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച് 2010 ജനുവരി മാസത്തോടുകൂടി പ്രവർത്തനം പൂർത്തിയാകുന്ന രീതിയിൽ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാടിസ്ഥാനത്തിൽ പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതാണ്. നഗരസഭകളെ സംബന്ധിച്ച പ്രവർത്തന കലണ്ടർ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ തയ്യാറാക്കേണ്ടതാണ്.

17. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർ എന്നിവർ ജില്ലാ-മേഖലാ തലത്തിൽ നോഡൽ ഓഫീസർമാർ ആയിരിക്കുന്നതാണ്. ഇതു സംബന്ധമായ പുരോഗതി റിപ്പോർട്ടുകൾ എല്ലാ മാസവും ചീഫ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

18. സംസ്ഥാനതലത്തിൽ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് ചീഫ് രജിസ്ട്രാറുടെ (പഞ്ചായത്ത് ഡയറക്ടർ) ഓഫീസിലെ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു.

19. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗങ്ങളിൽ വിലയിരുത്തേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ നോഡൽ ഓഫീസർമാർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്തു പരിഹരിക്കേണ്ടതാണ്.

20. റിക്കാർഡുകളുടെ ഗുണനിലവാര സ്റ്റാൻഡേർഡുകൾ ചീഫ് രജിസ്ട്രാർ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവർ ചേർന്ന് നിശ്ചയിക്കേണ്ടതാണ്.

21. പദ്ധതി സമർപ്പിക്കുന്നതിനുള്ള മാതൃകം നിർദ്ദേശങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ ലഭ്യമാക്കുന്നതാണ്.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ നഗരസഭകളിലെയും ചെയർമാൻ/മേയർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ചെയർമാർ & ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി. മിഷൻ

പകർപ്പ്:- 1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3 മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4.വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
5. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം-1

സേവന മുൻകാല ജനനമരണ വിവാഹ രജിസ്റ്ററുകളുടെ കമ്പ്യൂട്ടറൈസേഷൻ-വിവിധ പ്രവർത്തനങ്ങൾക്കുള്ള നിരക്ക്

ക്രമ നം	ഇനം	നിരക്ക് റിക്കാർഡ് ഒന്നിന് 0.00 രൂപ	നിർവഹണ ഏജൻസി
1	പ്രീപ്രോസസിംഗ്	0.10	കുടുംബശ്രീ/അക്ഷയ
2	കോർ ഡാറ്റാ എൻട്രി ആന്റ് വെരിഫിക്കേഷൻ	1.80	കുടുംബശ്രീ/അക്ഷയ
3.	ഓൺലൈൻ പരിശോധനയും തെറ്റു തിരുത്തലും	0.20	കുടുംബശ്രീ/അക്ഷയ
4	ഗുണനിലവാര പരിശോധന/സ്റ്റാഫ് വെരിഫിക്കേഷൻ ഇവയ്ക്കുശേഷം വരുന്ന തെറ്റുതിരുത്തലുകൾ	0.30	കുടുംബശ്രീ/അക്ഷയ
5	കമ്പ്യൂട്ടർ, യു.പി.എസ്സ്, പ്രിന്റർ മുതലായവയുടെ വാടക	0.60	കുടുംബശ്രീ/അക്ഷയ/ ഗ്രാമപഞ്ചായത്ത്
6.	സ്റ്റേഷനറി ചാർജ്ജ്	0.25	കുടുംബശ്രീ/അക്ഷയ/ ഗ്രാമപഞ്ചായത്ത്
7.	ഗുണനിലവാര പരിശോധനയ്ക്കുള്ള പ്രിന്റൗട്ടുകൾ,സ്റ്റാഫ് പരിശോധനയ്ക്കുവേണ്ട പ്രിന്റ് ഔട്ട്, പിശകുകൾ സംബന്ധമായ റിപ്പോർട്ടിന്റെ പ്രിന്റ് ഔട്ട്	0.45	കുടുംബശ്രീ/അക്ഷയ/ ഗ്രാമപഞ്ചായത്ത്
8	വെരിഫിക്കേഷനുവേണ്ടി സ്റ്റാഫിനു നൽകുന്ന ഓണറേറിയം	0.20	ഗ്രാമപഞ്ചായത്ത്
9	മറ്റു ചിലവുകൾ (ഫോൺ etc)	0.10	ഗ്രാമപഞ്ചായത്ത്
10	സാങ്കേതിക സഹായം, പരിശീലനം, ഗുണ നിലവാര പരിശോധന, മറ്റു ചിലവുകൾ എന്നിവയ്ക്ക്	2.00	ഐ.കെ.എം
	ആകെ	6.00	

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

നം. 31571/ഐ.ബി. 1/09/തസ്വഭവ. തിരുവനന്തപുരം,
തീയതി 6.8.2009

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ -ജനന മരണ രജിസ്ട്രേഷൻ - രജിസ്റ്ററുകൾ കാലപ്പഴക്കം മൂലം നശിച്ചത്- അനന്തര നടപടി സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- പഞ്ചായത്ത് ഡയറക്ടറുടെ 28.5.2009 ലെ ബി1 -2923/09 നമ്പർ കത്ത്.

ജനന മരണ രജിസ്റ്ററുകൾ കാലപ്പഴക്കം കൊണ്ടും അല്ലാതെയും നശിച്ചുപോവുകയും അതു നിമിത്തം അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ രജിസ്ട്രേഷൻ സംബന്ധിച്ച് സ്ഥാപനത്തിലോ വ്യക്തിയുടെ പക്കലോ തെളിവുകളുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുനഃസൃഷ്ടിക്കാവുന്നതാണെന്നും തെളിവുകളൊന്നും ലഭ്യമല്ലാത്ത കേസുകളിൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ലെന്നു കാണിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാമെന്നും രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന കേസുകളിൽ ഒരിക്കൽ രജിസ്റ്റർ ചെയ്ത ജനനം വീണ്ടും രജിസ്റ്റർ ചെയ്യാനാവില്ലെന്ന കാരണത്താൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ രജിസ്ട്രേഷന് അനുവാദം നൽകുന്നില്ലെന്നും ഇതുമൂലം പൊതുജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നും സൂചനയിലെ കത്തിൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ ഏതെങ്കിലും വർഷത്തെ ജനന/മരണ രജിസ്റ്റർ നശിച്ചുപോവുകയോ നഷ്ടപ്പെട്ടുപോകുകയോ ചെയ്യുന്ന സന്ദർഭത്തിൽ പ്രസ്തുത ജനനം/മരണം ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിന്റെ അധികാരപരിധിക്കുള്ളിൽ നടന്നതാണെന്ന് ബോദ്ധ്യപ്പെട്ടശേഷം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നും പ്രസ്തുത നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷനുള്ള അപേക്ഷ 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് 13-ാം വകുപ്പ് (3) -ാം ഉപ വകുപ്പ് പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർമാർ പരിഗണിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊള്ളുന്നു.

ഈ മാർഗ്ഗനിർദ്ദേശം ദുരുപയോഗപ്പെടുത്താതിരിക്കുന്നതിന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്;

1. പ്രസ്തുത ജനനം/മരണം രജിസ്റ്റർ ചെയ്യപ്പെടാൻ സാദ്ധ്യതയുള്ള മറ്റു സ്ഥലങ്ങളിൽ (മാതാവിന്റെ/പിതാവിന്റെ കുടുംബം സ്ഥിതിചെയ്യുന്ന സ്ഥലം, സമീപ പ്രദേശത്തെ പ്രധാന ആശുപത്രികൾ സ്ഥിതിചെയ്യുന്ന സ്ഥലം മുതലായവ) ആയത് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് രേഖാമൂലം ആരായേണ്ടതാണ്.

2. എല്ലാ നഗരസഭകളിലും പഞ്ചായത്തുകളിലും നിലവിലുള്ള മുഴുവൻ രജിസ്റ്ററുകളുടെയും വിവരം കാണിക്കുന്ന ഒരു സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും അതിന്റെ ഒരു ഇലക്ട്രോണിക്ക് കോപ്പി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

3. ജനനം/മരണം നടന്ന തീയതിക്കു 3 വർഷം മുമ്പ് മുതൽ നാളിതുവരെയുള്ള രജിസ്റ്ററുകളിൽ ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് രജിസ്ട്രാർ ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. ബന്ധപ്പെട്ട വർഷത്തെ ജനന/മരണ രജിസ്റ്റർ നശിച്ചുപോവുകയോ തിരികെ ലഭിക്കാത്തവിധം നഷ്ടപ്പെട്ടുപോവുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ അപ്രകാരമുള്ള ഒരു സാക്ഷ്യപത്രം കൂടി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനോടൊപ്പം രജിസ്ട്രാർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകേണ്ടതാണ്.

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകളിലേയും ചെയർമാൻ/മേയർമാർക്കും സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)

ഉത്തരവിന് പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 68413/ആർ.ഡി.3/2009/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 21/01/2010

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനനമരണ രജിസ്ട്രേഷൻ - നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ തലത്തിലും ചീഫ് രജിസ്ട്രാറുടെ തലത്തിലും നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, അപ്രകാരമുള്ള പല നിർദ്ദേശങ്ങളിലും കൂടുതൽ വ്യക്തത ആവശ്യമാണെന്നും മറ്റു ചിലവ ലഘൂകരിക്കാവുന്നതാണെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ ഇതിലേക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൽ ഉദ്യോഗവും കുട്ടിയുടെ പേരുമാറ്റം സംബന്ധിച്ചാണെന്നും ഇതിന്റെ പേരിൽ വിവിധ കോടതികളിൽ കേസുകൾ ഫയൽ ചെയ്യപ്പെടുന്നതായും കാണുന്നു. ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 15-ാം വകുപ്പു പ്രകാരം രജിസ്ട്രേഷനുകളിലെ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർത്തുകഴിഞ്ഞാൽ പിന്നീട് മറ്റൊരു പേരാണ് ഔദ്യോഗികമായി ഉപയോഗിക്കുന്നതെങ്കിൽപ്പോലും അതനുസരിച്ച് രജിസ്ട്രേഷനിൽ തിരുത്തൽ അനുവദിക്കുന്നില്ല. എന്നാൽ കേരള ഹൈക്കോടതി **Girijan Vs Registrar of births & deaths [2003 (2) KLT 22]** എന്ന കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കുട്ടിയെ സ്കൂളിൽ ചേർക്കുന്നതുവരെ മാതാപിതാക്കൾക്ക് കുട്ടിയുടെ പേരിൽ മാറ്റം വരുത്താമെന്നും രജിസ്ട്രാർക്ക് കുട്ടിയുടെ പേരു സംബന്ധിച്ച വസ്തുത ബോദ്ധ്യപ്പെട്ടാൽ രജിസ്റ്ററിൽ മാറ്റം വരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. സമാനമായ കേസുകളിൽ വിവിധ ഹൈക്കോടതി പ്രസ്തുത വിധിന്യായം അടിസ്ഥാനമാക്കിയാണ് ഇപ്പോഴും തീർപ്പു കൽപ്പിക്കുന്നത്. കുട്ടിയുടെ ജനന സമയത്തും അതിനുശേഷവും കുട്ടിക്ക് പേരിടാതെ തന്നെ ജനന രജിസ്ട്രേഷനിൽ ഏതെങ്കിലും ഒരു പേര് ചേർക്കുന്നതു നിമിത്തമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് ഇതു സംബന്ധിച്ച രേഖകൾ പരിശോധിക്കുമ്പോൾ ബോദ്ധ്യമാവുന്നതാണ്. അതിനാൽ, ജനന രജിസ്ട്രേഷൻ സമയത്തോ അതിനു ശേഷമോ കുട്ടിയുടെ പേര് ചേർത്തിട്ടുള്ളത് സ്കൂളിൽ ചേർക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം മാറ്റം വരുത്തുന്നതിനുള്ള മാതാപിതാക്കളുടെ അപേക്ഷ അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

2. മാതാപിതാക്കളുടെ രേഖാമൂലമുള്ള സംയുക്താപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമേ കുട്ടിയുടെ പേര് ജനന രജിസ്ട്രേഷനിൽ ചേർക്കാൻ പാടുള്ളൂ. മാതാവിന്റെയോ പിതാവിന്റെയോ അറിവുകൂടാതെ സംയുക്താപേക്ഷയിൽ അവരുടെ ഒപ്പ് വ്യാജമായി ചേർത്ത് തെറ്റായ പേര് ഉൾപ്പെടുത്തുന്നതു തടയുന്നതിനായി പേരു ചേർക്കുന്നതിനുള്ള അപേക്ഷയോടൊപ്പം മാതാപിതാക്കളുടെ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പു കൂടി സമർപ്പിക്കേണ്ടതാണ്. ഇതിലേക്കായി തെരഞ്ഞെടുപ്പു കമ്മീഷൻ അംഗീകരിച്ച ഏതൊരു രേഖയും തിരിച്ചറിയൽ രേഖയായി അംഗീകരിക്കേണ്ടതാണ്.

3.മാതാപിതാക്കളുടെ മേൽവിലാസം കുട്ടിയുടെ ജനനത്തിനുശേഷം മാറ്റം വന്നാൽ അതിനനുസരിച്ച് ജനന രജിസ്ട്രേഷനിൽമാറ്റം വരുത്താവുന്നതല്ല, എന്നാൽ, മേൽവിലാസം തെറ്റായി ചേർത്തിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന സമയത്ത് പ്രാബല്യത്തിലുള്ളതും മാതാപിതാക്കളുടെ മേൽവിലാസം വ്യക്തമാക്കുന്നതുമായ ഏതെങ്കിലും രേഖ (റേഷൻ കാർഡ്, തിരിച്ചറിയൽകാർഡ്, ആധാരം മുതലായവ)യുടെ അടിസ്ഥാനത്തിൽ തിരുത്തൽ അനുവദിക്കേണ്ടതാണ്.

4. ജനന രജിസ്ട്രേഷനുകളിൽ കുട്ടിയുടേയും മരണ രജിസ്ട്രേഷനുകളിൽ മരിച്ചയാളുടേയും പേര് രേഖപ്പെടുത്തിയിട്ടുള്ളതിനോടൊപ്പം അറിയപ്പെടുന്ന പേരുകൂടി alias ചേർത്ത് ചേർക്കാവുന്നതാണെന്ന് നിലവിൽ നിർദ്ദേശമുണ്ട്. മാതാപിതാക്കളുടെ അറിയപ്പെടുന്ന പേരും ഇതുപോലെ യഥാർത്ഥ പേരിനോപ്പം ചേർക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

5. ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരുചേർക്കുമ്പോൾ ആറുവയസിനുശേഷം മാതാപിതാക്കളുടെ താമസസ്ഥലത്തെ ജനന മരണ രജിസ്ട്രാർ നൽകുന്ന ജനന ക്രമ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിലവിൽ നിർദ്ദേശമുണ്ട്. ഇതിനു പകരം മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, ജനന ക്രമം എന്നിവ വ്യക്തമാക്കുന്ന നിശ്ചിതഫോറത്തിലുള്ള സത്യവാങ്മൂലം അവർ ഒപ്പിട്ടു നല്കേണ്ടതാണ്. സ്കൂൾ രേഖയിലെയും ജനന രജിസ്ട്രേഷനിലെയും ജനന തീയതികൾ തമ്മിൽ പത്തുമാസത്തിലേറെ വ്യത്യാസമുണ്ടെങ്കിൽ മാതാപിതാക്കളുടെ ജീവിച്ചിരിക്കുന്നതും മരിച്ചുപോയതുമായ എല്ലാ കുട്ടികളുടെയും ജനനതീയതി തെളിയിക്കുന്ന രേഖകൾ കൂടി (സ്കൂൾ രേഖ, ജനനസർട്ടിഫിക്കറ്റ്, ആശുപത്രി രേഖ ഇവയിൽ ഏതെങ്കിലും) ഹാജരാക്കേണ്ടതാണ്. സംസ്ഥാനത്തിന് വെളിയിൽ താമസിക്കുന്ന മാതാപിതാക്കളുടെ കുട്ടികളുടെ കാര്യത്തിലും ഇത് ബാധകമാകുന്നതാണ്.

6. ജനനമരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ അനുവദിക്കുമ്പോൾ മുമ്പു വാങ്ങിയ സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങേണ്ടതാണ്. എന്നാൽ ഏതെങ്കിലും കാരണവശാൽസർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോകുകയോ, മറ്റേതെങ്കിലും അധികാരിമുമ്പാകെ സമർപ്പിച്ചതിനാൽ തിരികെ നൽകാൻ സാധിക്കാതെ വരികയോ ചെയ്യാൽ അക്കാര്യം വ്യക്തമാക്കുന്നതും ഒരുനോട്ടറി പബ്ലിക് മുമ്പാകെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ഗസറ്റഡ് ഓഫീസർ മുമ്പാകെയോ ഒപ്പിട്ടതുമായ ഒരു സത്യവാങ്മൂലം സമർപ്പിച്ചാൽ മതിയാകുന്നതാണ്.

7. ജനന രജിസ്ട്രേഷനിൽ ഇനിഷ്യലോ സർനെയിമോ കൂടാതെ പേരു ചേർത്തിട്ടുള്ളതിൽ ഇനിഷ്യലോ സർനെയിമോ ചേർത്തു നൽകാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്. യഥാർത്ഥ പേര് ഇനിഷ്യലും സർനെയിമും ചേർന്നുള്ളതാണെങ്കിൽ ഇവ രണ്ടും കൂടി ചേർക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

8. ജനന മരണ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾക്ക് 2/7/2009-ലെ സ.ഉ.(കൈ) 123/2009/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ സേവനം ലഭ്യമാക്കുന്ന തീയതി കൂടി രേഖപ്പെടുത്തിയ കൈപ്പറ്റുരസീത് നൽകേണ്ടതാണെന്നും അതനുസരിച്ച് സേവനം നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. അപേക്ഷയിലെ ആവശ്യം നിയമപ്രകാരം അനുവദനീയമല്ലെങ്കിൽപ്പോലും അപേക്ഷ സ്വീകരിക്കുകയും അപേക്ഷകർക്ക് രേഖാമൂലം മറുപടി നൽകേണ്ടതുമാണ്.

9. ജനന മരണ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി രജിസ്ട്രേഷൻ യൂണിറ്റുകളിൽ നടത്തിയ പരിശോധനകൾ സംബന്ധിച്ച് ഒരു വാർഷിക റിപ്പോർട്ട് എല്ലാവർഷവും ഫെബ്രുവരി 15-ാം തീയതിക്കകം ചീഫ് രജിസ്ട്രാർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

10. ജനന മരണ രജിസ്ട്രാമാരുടെ ഔദ്യോഗിക സീലിൽ പേര്, ഔദ്യോഗിക പദവി എന്നിവയും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പേരുകൾ ഉൾപ്പെടെയുള്ള പൂർണ്ണമായ മേൽവിലാസവും ഉൾപ്പെടുത്തേണ്ടതാണ്.

11. ജനന രജിസ്റ്ററിലെയും സ്കൂൾ രേഖയിലെയും ജനന തീയതികൾ തമ്മിൽ വ്യത്യാസം പത്തുമാസത്തിൽ കൂടുതലാണെങ്കിൽ ജനന രജിസ്റ്ററിൽ പേരുചേർക്കുന്നതിന് ജില്ലാ ര ജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്.

12. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച വിവിധ സേവനങ്ങൾക്കായി സമർപ്പിക്കുന്ന ഓരോ ഇനം അപേക്ഷയോടൊപ്പവും നൽകേണ്ട രേഖകൾ ഏതൊക്കെയാണെന്ന് വ്യക്തമാ ക്കുന്നതിനും അപേക്ഷയോടൊപ്പം എല്ലാ രേഖകളും ഉൾക്കൊള്ളിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ചെക്ക് ലിസ്റ്റുകൾ തയ്യാറാക്കി രജിസ്ട്രാർമാർക്ക് നൽകുന്നതിന് ചീഫ് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നു.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ, ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: 1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
3. മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾക്ക്
5. തദ്ദേശസ്വയംഭരണ ( ) വകുപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഓൺലൈനായി ലഭിക്കുന്ന കമ്പ്യൂട്ടർ പ്രിന്റഡ് ജനന സർട്ടിഫിക്കറ്റുകൾ സ്കൂൾ പ്രവേശനത്തിന് വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

ജി.ഒ.(എം.എസ്)നം. 173/10/പൊ.വി. തിരുവനന്തപുരം, തീയതി: 02/09/2010

ഉത്തരവ്

ജനനമരണ രജിസ്ട്രേഷൻ കമ്പ്യൂട്ടർവത്കരിക്കുന്ന പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഓൺലൈനായി ലഭിക്കുന്ന കമ്പ്യൂട്ടർ പ്രിന്റഡ് ജനന സർട്ടിഫിക്കറ്റുകൾ സ്കൂൾ പ്രവേശനത്തിന് വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയായി പരിഗണിച്ച് ഉത്തരവാകുന്നു.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ തദനുസരണമായ ഭേദഗതികൾ വരുത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ജെയിംസ് വർഗ്ഗീസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ സ്കൂൾ അധികൃതർക്കും ലഭ്യമാക്കേണ്ടതാണ്.)
→ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
ഡയറക്ടർ, SCERT, തിരുവനന്തപുരം
ഡയറക്ടർ, IT@school(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്(വ്യാപക പ്രചരണത്തിന്)
ഓഫീസ് കോപ്പി/കരുതൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Local Self Government Department - Information Kerala Mission - Sevana and Hospital Kiosk for births and deaths registration - engaging of messengers at private hospitals under Hospital Kiosk programme - sanctioned - Orders issued.

LOCAL SELF GOVERNMENT (IB) DEPARTMENT

G.O.(Rt)No.3067/10/LSGD. Dated, Thiruvananthapuram, 16.09.2010

Read:- 1. G.O. (MS) No.262/07/LSGD dated 19.11.2007.
2. G.O. (MS) No. 310/10/LSGD dated 28.1.2010
3. D.O letter No. ECD/38/2010 dated 03.08.2010 from the Executive Chairman & Director, Information Kerala Mission.

ORDER

In the circumstances reported by the Executive Chairman and Director Information Kerala Mission in his letter read above Government are pleased to accord sanction to the Local Governments, where there are only private hospitals covered under the Hospital Kiosk Programme to engage personnel for messenger service alone, by outsourcing it to Kudumbashree units. The expenses in this regard will be met as per the Government Orders read above.

By Order of the Governor,
P.Syamala
Joint Secretary to Government

To

The Executive Chairman & Director, Information Kerala Mission, Thiruvananthapuram.
The Director of Panchayats, Thiruvananthapuram.
The Director of Urban Affairs, Thiruvananthapuram.
All Deputy Directors of Panchayats (Through the Director of Panchayats)
The Executive Director Kudumbasree, Thiruvananthapuram.
The Accountant General (A&E/Audit), Thiruvananthapuram.
The Mayor/Secretary, Corporation -Thiruvananthapuram, Kollam, Kochi Thrissur, Kozhikode.
The Chairperson/President/Secretary of Local Self Government Institutions Where hospital kiosks are installed (Through Information Kerala Mission)
Copy to:- Disposal leading to G.O.(MS) 262/07 LSGD dated 19.11.2007.
Stock File / Office Copy.

Forwarded/By Order,
Section Officer

കേരള സർക്കാർ
സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം തിരുവനന്തപുരം നഗരസഭയോട് പഞ്ചായത്തുകൾ കൂട്ടിച്ചേർക്കൽ - ജനന മരണ വിവാഹ രജിസ്ട്രാറുടെ അധിക ചുമതല ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.3408/2010/തസ്വഭവ. തീയതി, തിരുവനന്തപുരം, 01/11/2010.

പരാമർശം :
1. 8/06/2010 ലെ സ.ഉ.(പി) നം. 113/2010/തസ്വഭവ.
2. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 30/10/2010 ലെ എച്ച്1/37057/05 നമ്പർ കത്ത്.

ഉത്തരവ്

വട്ടിയൂർക്കാവ്, കടപ്പനക്കുന്ന്, ശ്രീകാര്യം, കഴക്കൂട്ടം, വിഴിഞ്ഞം എന്നീ ഗ്രാമ പഞ്ചായത്തുകൾ പരാമർശം(1) ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരസഭയോട് കൂട്ടിച്ചേർത്തിരുന്നു. ടി പഞ്ചായത്തുകളിൽ സെക്രട്ടറിമാരായിരുന്ന ജനന മരണ വിവാഹ രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്നത്. ഇവ കോർപ്പറേഷനോട് കൂട്ടിച്ചേർത്ത സാഹചര്യത്തിൽ നിലവിലുള്ള വ്യവസ്ഥ പ്രകാരം ഒരു രജിസ്ട്രേഷൻ യൂണിറ്റാകുന്ന പക്ഷം ആയത് പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതിനും ഇടവരുത്തുന്നതാണ്. ആയതിനാൽ പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഇപ്പോൾ പഞ്ചായത്തുകളിൽ നിലനിൽക്കുന്ന രജിസ്ട്രേഷൻ യൂണിറ്റുകൾ പ്രത്യേക സ്വതന്ത്ര യൂണിറ്റുകളായി കോർപ്പറേഷന് കീഴിൽ നിലനിർത്തുന്നതിനും പഞ്ചായത്തുകൾ കൂട്ടിച്ചേർക്കപ്പെട്ടതിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്യുന്നത് വരെ തിരുവനന്തപുരം നഗരസഭയിൽ നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ടി പ്രദേശത്തെ ജനന മരണ പൊതുവിവാഹ രജിസ്ട്രാറുടെ അധിക ചുമതലനൽകി ഉത്തരവുണ്ടാകണമെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി പരാമർശം(2) പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിലെ താഴെപ്പട്ടികയിൽ ഒന്നാം കോളത്തിൽക്കൊടുത്തിരിക്കുന്ന നിലവിലുള്ള ഹെൽത്ത്

ഇൻസ്പെക്ടർമാർക്ക് രണ്ടാം കോളത്തിൽക്കൊടുത്തിരിക്കുന്ന പ്രദേശങ്ങളിലെ മൂന്നാം കോളത്തിൽക്കൊടുത്തിരിക്കുന്ന വാർഡുകളുടെ ജനന മരണ പൊതുവിവാഹ രജിസ്ട്രാറുടെ അധിക ചുമതലനൽകുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നമ്പർ	അധികാരപ്പെടുത്തേണ്ട ഉദ്യോഗസ്ഥൻ	പ്രദേശം	വാർഡുകൾ
1	ആറ്റിപ്ര സോണൽ ഹെൽത്ത് ഇൻസ്പെക്ടർ	കഴക്കൂട്ടം സോണൽ	1, 2, 3.
2	ഉള്ളൂർ സോണൽ ഹെൽത്ത് ഇൻസ്പെക്ടർ	ശ്രീകാര്യം സോണൽ	4, 8, 9, 10, 11.
3	നന്തൻകോട് സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ	കടപ്പനക്കുന്ന് സോണൽ	12, 19, 20, 21.
4	ശാസ്തമംഗലം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ	വട്ടിയൂർക്കാവ് സോണൽ	32, 33, 34, 35, 37
5	തിരുവല്ലം സോണൽ ഹെൽത്ത് ഇൻസ്പെക്ടർ	വിഴിഞ്ഞം സോണൽ	59, 60, 61, 62, 63

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
പി.ശ്യാമള,
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം .
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
അക്കൌണ്ടന്റ് ജനറൽ(എ&ഇ)/(ഓഡിറ്റ്)കേരള, തൃശ്ശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : ബഹു. തസ്വഭവ. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
: തസ്വ.ഭവ. സെക്രട്ടറിയുടെ പി.എ.ക്ക്.

ഉത്തരവിൻപ്രകാരം,
സെക്ഷൻ ഓഫീസർ.

നമ്പർ. ബി1-20741/2009

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 08.12.2010

സർക്കുലർ

വിഷയം: ജനന-മരണ രജിസ്ട്രേഷൻ-ക്രോഡീകരിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. ചീഫ് രജിസ്ട്രാറുടെ 20/03/07 ലെ ബി1-2815/07-ാം നമ്പർ സർക്കുലർ
2. ചീഫ് രജിസ്ട്രാറുടെ 19/04/07 ലെ ബി1-6141/07-ാം നമ്പർ സർക്കുലർ
3. ചീഫ് രജിസ്ട്രാറുടെ 09/10/07 ലെ ബി1-6141/07-ാം നമ്പർ സർക്കുലർ
4. ചീഫ് രജിസ്ട്രാറുടെ 12/10/07 ലെ ബി1-20129/07-ാം നമ്പർ സർക്കുലർ
5. ചീഫ് രജിസ്ട്രാറുടെ 07/11/07 ലെ ബി1-2815/07-ാം നമ്പർ സർക്കുലർ
6. ചീഫ് രജിസ്ട്രാറുടെ 16/01/08 ലെ ബി1-20129/07-ാം നമ്പർ സർക്കുലർ
7. ചീഫ് രജിസ്ട്രാറുടെ 26/08/08 ലെ ബി1-6141/07-ാം നമ്പർ സർക്കുലർ
8. ചീഫ് രജിസ്ട്രാറുടെ 03/09/08 ലെ ബി1-25388/08-ാം നമ്പർ സർക്കുലർ
9. സ.ഉ.(സാ) നം.4106/08/തസ്വഭവ തീയതി 22.11.2008
10. സ.ഉ.(സാ) നം.193/2010/തസ്വഭവ തീയതി 19.01.2010
11. ഗവ.സർക്കുലർ നമ്പർ 68413/ആർഡി3/തസ്വഭവ തീയതി 21.01.2010
12. സ.ഉ.(സാ) നം.3160/2010/തസ്വഭവ തീയതി 30.09.2010.

1. ജനന മരണ രജിസ്ട്രേഷൻ കുറ്റമറ്റരീതിയിൽ നടത്തുന്നതിനും രജിസ്ട്രേഷൻ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുമായി ജനനമരണ രജിസ്ട്രേഷൻ നിയമത്തിന്റെയും ചട്ടങ്ങളുടെയും രജിസ്ട്രാർ ജനറൽ നൽകിയ സ്പഷ്ടീകരണങ്ങളുടെയും അടിസ്ഥാനത്തിൽ ചീഫ് രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലറുകളിലെ നിർദേശങ്ങൾ ക്രോഡീകരിച്ചും വിശദമാക്കിയും സൂചന (1) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ച ശേഷം ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി സൂചന (2) മുതൽ (11) വരെ സർക്കുലറുകളും സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ പ്രാബല്യത്തിലുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് രജിസ്ട്രാർ തലത്തിലും പൊതുജനങ്ങൾക്കും ധാരാളം സംശയങ്ങൾ നിലനിൽക്കുന്നതു കൂടാതെ രജിസ്ട്രാർമാർ പല അപേക്ഷകളിലും പഴയ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ തീർപ്പുകൽപ്പിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. കൂടാതെ, ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് ചീഫ് രജിസ്ട്രാർ മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പ്രാബല്യത്തിലുണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമാക്കുന്നു.

2.രജിസ്ട്രേഷൻ

2.1 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 16-ാം വകുപ്പും , 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 12-ാം ചട്ടവും അനുസരിച്ച്, ജനന, മര

ണ, നിർജ്ജീവജനന റിപ്പോർട്ടുഫാറങ്ങളുടെ നിയമപരമായ ഭാഗമാണ് (Legal part) രജിസ്ട്രാർ ഒപ്പിട്ട് രജിസ്റ്ററായി സൂക്ഷിക്കേണ്ടത്. സെക്ഷൻ 8 പ്രകാരം റിപ്പോർട്ടുകൾ രേഖാമൂലമല്ലാതെയും നൽകാവുന്നതും വാക്കാൽ നൽകുന്ന വിവരങ്ങൾ രജിസ്ട്രാർ ഫാറത്തിൽ രേഖപ്പെടുത്തി വിവരം നൽകുന്നയാളുടെ ഒപ്പ്/വിരലടയാളം വാങ്ങേണ്ടതുമാണ്. കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഉൾപ്പടെ റിപ്പോർട്ടുകളുടെ ലീഗൽ പാർട്ട് രജിസ്റ്ററായി സൂക്ഷിക്കേണ്ടതാണ്. രജിസ്ട്രാർ, റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരമാവധി ഉറപ്പു വരുത്തേണ്ടതാണ്. ആശുപത്രികളിൽ നടക്കുന്ന ജനന മരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താൻ ആശുപത്രി അധികാരികൾക്ക് രേഖാമൂലം നിർദേശം നൽകേണ്ടതും മറ്റു സ്ഥലങ്ങളിൽ നടക്കുന്നവ വ്യക്തമായി അന്വേഷിച്ച് ബോദ്ധ്യപ്പെട്ടുമാത്രം രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

2.2 രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞാലുടൻ അറിവു നൽകുന്നയാൾക്ക് സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ യാതൊരു ചാർജ്ജും/ഫീസും കൂടാതെ നിർബന്ധമായും നൽകേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നിലവിലുള്ള യൂണിറ്റുകളിൽ പ്രസ്തുത സംവിധാനം ഉപയോഗിച്ചും അതുസംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടും സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. ഇപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ, റിപ്പോർട്ട് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം, അറിവു നൽകിയ വ്യക്തിയോ ചുമതലപ്പെടുത്തിയ ആളോ കൈപ്പറ്റിയില്ലെങ്കിൽ തുടർന്ന് 15 ദിവസത്തിനകം അവ ബന്ധപ്പെട്ട കുടുംബത്തിന് തപാലിൽ അയച്ചുകൊടുക്കേണ്ടതാണ്.

3 താമസിച്ചുള്ള രജിസ്ട്രേഷൻ

3.1 30 ദിവസത്തിനകം റിപ്പോർട്ടു ചെയ്യാത്ത ജനനമരണങ്ങൾ ഒരുവർഷം വരെ ജില്ലാ രജിസ്ട്രാറുടെയും ഒരുവർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ സബ് ഡിവിഷനൽ മജിസ്ട്രേറ്റിന്റെയും (ആർ.ഡി.ഒ.) അനുമതിയോടെ മാത്രമെ രജിസ്റ്റർ ചെയ്യാൻ പാടുള്ളു. ആക്ട് നിലവിൽ വന്ന 1.04.1970 നു മുമ്പുള്ള ജനന മരണങ്ങളും ഇപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 13 ഉപചട്ടം (3) അനുസരിച്ച് ഏതെങ്കിലും ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10– ൽ ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജനന മരണ രജിസ്ട്രാർ നൽകേണ്ടതാണ്. ജനനസ്ഥലം അഥവാ മരണസ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ മാത്രമേ രജിസ്ട്രേഷൻ നടത്താൻ പാടുള്ളു എന്നതിനാൽ മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും സർട്ടിഫിക്കറ്റ് നൽകാൻ പാടില്ല.

3.2 നോൺ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ആവശ്യത്തിനോ, വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായത്തിന് അപേക്ഷിക്കുന്നതിനോ മാത്രമേ നൽകാൻ പാടുള്ളുവെന്നും എന്താവശ്യത്തിനാണെന്ന വിവരം സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശം നൽകിയിരുന്നു. 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പാണ് ചീഫ് രജിസ്ട്രാർ ഇപ്രകാരം നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ 1.01.2000 മുതൽ പ്രാബല്യത്തിൽ വന്ന 1999 ലെ ചട്ടങ്ങളിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകളും ഫാറവും ഉൾപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ചട്ടങ്ങളിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഏതെങ്കിലും പ്രത്യേക ആവശ്യത്തിലേക്കായി പരിമിതപ്പെടുത്തുന്നതിന് വ്യവസ്ഥയില്ലാത്തതുമാണ്. ഇക്കാര്യം രജിസ്ട്രാർ ജനറലും സ്പഷ്ടീകരിച്ചിട്ടുണ്ട്. അതിനാൽ **നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ആവശ്യത്തിനോ, വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായത്തിന് അപേക്ഷിക്കുന്നതിനോ മാത്രമേ നൽകാൻ പാടു**

ള്ളുവെന്നും എന്താവശ്യത്തിനാണെന്ന വിവരം സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തണമെന്നുമുള്ള മുൻ നിർദ്ദേശം ഒഴിവാക്കുന്നു.

3.3 ഒരിക്കൽ രജിസ്റ്റർ ചെയ്ത ജനനമോ മരണമോ തെറ്റായ വിവരങ്ങൾ നൽകി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് സമ്പാദിച്ച് ജനനതീയതി അല്ലെങ്കിൽ മരണതീയതി വ്യത്യാസപ്പെടുത്തി വീണ്ടും രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിന് താമസസ്ഥലം, ജനന സ്ഥലം മുതലായവ തെളിയിക്കുന്നതിനുള്ള രേഖകൾ നിർബ്ബന്ധമായും അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് നിഷ്കർഷിക്കേണ്ടതാണ്. റേഷൻകാർഡ്, സ്കൂൾ രേഖ മുതലായവ തെളിവായി സ്വീകരിക്കാവുന്നതാണ്. ഇതിനു പുറമെ, അപേക്ഷയുടെ നിജസ്ഥിതി രജിസ്ട്രാർ അന്വേഷിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്. മേൽപ്പറഞ്ഞ പ്രകാരമുള്ള ഒരു തെളിവും ഹാജരാക്കാൻ അപേക്ഷകന് സാധിച്ചില്ലെങ്കിൽ പോലീസ് അന്വേഷണത്തിനു ശേഷം മാത്രമേ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളു.

3.4 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി ഒരു ജനന മരണ രജിസ്ട്രാർ മറ്റൊരു യൂണിറ്റിൽ ആവശ്യപ്പെട്ടാൽ പ്രസ്തുത ജനനം അല്ലെങ്കിൽ മരണം ആ യൂണിറ്റിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് മറുപടി നൽകേണ്ടതാണ്. ജനന/മരണ രജിട്രേഷന് അനുമതി നൽകുന്നതിനുള്ള അന്വേഷണത്തിന്റെ ഭാഗമായി സബ് ഡിവിഷനൽ മജിസ്ട്രേറ്റുമാർ ആവശ്യപ്പെടുന്ന സംഗതികളിലും ഇപ്രകാരം മറുപടി നൽകേണ്ടതാണ്. എന്നാൽ, ഇപ്രകാരം ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് മറുപടി നൽകുന്നത് ചട്ടം 13(3) പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആയി പരിഗണിക്കാൻ പാടില്ലാത്തതാണ്.

3.5 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനു മുമ്പ്, പ്രസ്തുത സംഭവം മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാകാമെന്ന് സംശയം തോന്നുന്ന കേസുകളിൽ മാത്രം ബന്ധപ്പെട്ട രജിസ്ട്രാറോട് രേഖാമൂലം വിവരം ആരായേണ്ടതും അതിന് കഴിവതും വേഗം മറുപടി നൽകുന്നതിന് എല്ലാ രജിസ്ട്രാർമാരും ശ്രദ്ധിക്കേണ്ടതുമാണ്.

3.6 ജനന മരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് മേൽപ്പറഞ്ഞ വിവരം ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട രജിസ്ട്രാർ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

3.7 ജനന മരണ രജിസ്റ്ററുകൾ കാലപ്പഴക്കം മൂലവും അല്ലാതെയും നശിച്ചു പോവുകയും തന്നിമിത്തം അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ രജിസ്ട്രേഷൻ സംബന്ധിച്ച് സ്ഥാപനത്തിലോ വ്യക്തിയുടെ പക്കലോ തെളിവുകളുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുനഃസൃഷ്ടിക്കാവുന്നതും തെളിവുകളൊന്നും ലഭ്യമല്ലാത്ത കേസുകളിൽ സംഭവം രജിസ്ട്രേഷൻ യൂണിറ്റിന്റെ അധികാര പരിധിക്കുള്ളിൽ നടന്നതാണെന്ന് ബോദ്ധ്യപ്പെട്ട ശേഷം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. അതോടൊപ്പം ബന്ധപ്പെട്ട വർഷത്തെ ജനന മരണ രജിസ്റ്റർ നശിച്ചുപോയതായുള്ള ഒരു സാക്ഷ്യപത്രം കൂടി പ്രസ്തുത ജനനം/മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനായി ആർ.ഡി.ഒ.ക്ക് നൽകേണ്ടതാണ്.

4. ഉപേക്ഷിക്കപ്പെട്ട/ ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ

4.1 ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 8-ാം വകുപ്പ് (1)-ാം ഉപ വകുപ്പ് (ഇ) ഖണ്ഡം അനുസരിച്ച് നടത്തേണ്ടതാണ്. രജിസ്ട്രേഷൻ നടത്തുന്നതിനായി കുട്ടിയുടെ ദത്തെടുക്കൽ നടപടി വരെ കാത്തിരിക്കേണ്ടതില്ലാത്തതും യഥാസമയം ജനനം റിപ്പോർട്ടു ചെയ്യാത്ത പക്ഷം സെക്ഷൻ 23 പ്രകാരം നടപടി സ്വീകരി

ക്കേണ്ടതുമാണ്.

4.2 ജനന രജിസ്ട്രേഷനിൽ കുട്ടിക്ക് ഭാവിയിൽ അപമാനകരമായിത്തീരുന്ന രീതിയിൽ ജനനസ്ഥലം (അമ്മത്തൊട്ടിൽ, ഓർഫനേജ് തുടങ്ങിയവ) രേഖപ്പെടുത്താൻ പാടില്ല. ഇത്തരം കേസുകളിൽ സ്ഥലപ്പേര് മാത്രം രജിസ്ട്രേഷനിൽ ചേർത്താൽ മതിയാകുന്നതാണ്.

4.3 ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ ലഭിക്കുന്ന കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുമ്പോൾ രക്ഷിതാവായി സ്ഥാപനത്തിന്റെ പേര് റിമാർക്സ് കോളത്തിൽ രേഖപ്പെടുത്താവുന്നതാണ്. മാതാപിതാക്കളുടെ പേര്, വിലാസം എന്നീ കോളങ്ങളിൽ ഒന്നും രേഖപ്പെടുത്തേണ്ടതില്ല.

4.4 അനാഥാലയങ്ങളിലും മറ്റ് ശിശു സംരക്ഷണ ഏജൻസികളിലും കഴിയുന്നതും അല്ലാത്തതുമായ കുട്ടികളെ നിയമാനുസരണം ദത്തെടുക്കുന്ന അവസരത്തിൽ ദത്തെടുക്കുന്ന മാതാപിതാക്കളുടെ (Adoptive parents) പേര് ഉൾപ്പെടുത്തിയും ആവശ്യമെങ്കിൽ കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്. ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡോപ്റ്റീവ് പേരന്റ്സിന്റെ പേര് മാതാപിതാക്കളുടെ പേരായി ഉൾപ്പെടുത്തി നൽകേണ്ടതാണ്.

4.5 അംഗീകൃത അഡോപ്ഷൻ ഏജൻസി മുഖേന ദത്തെടുത്ത കുട്ടിയുടെ ജനനം അതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷ നൽകേണ്ടതും ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനതീയതി അംഗീകരിച്ച് ജനനം രജിസ്റ്റർ ചെയ്തു നൽകേണ്ടതുമാണ്. ഇത്തരം കേസുകളിൽ പ്രായം തെളിയിക്കുന്നതിന് ഡി.എം.ഒ യുടെ സർട്ടിഫിക്കറ്റോ ആർ.ഡി.ഒ യുടെ അനുവാദമോ ആവശ്യപ്പെടാൻ പാടില്ല.

4.6 ജനന രജിസ്ട്രേഷനിൽ റിമാർക്സ് കോളത്തിൽ കോടതി ഉത്തരവിന്റെ നമ്പരും തീയതിയും കോടതിയുടെ പേരും രേഖപ്പെടുത്തേണ്ടതാണ്.

4.7 2008 നവംബർ 22 നു മുമ്പ് ദത്തെടുത്ത കേസുകളിൽ ഇതുവരെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദത്തെടുത്ത മാതാപിതാക്കൾ നൽകുന്ന അപേക്ഷ പ്രകാരം അവർ സ്ഥിര താമസമാക്കിയ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ ജനനം രജിസ്റ്റർ ചെയ്യേണ്ടതാണ്.

4.8 ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തുന്ന സംഗതിയിൽ പ്രസ്തുത സ്ഥലവും ഖണ്ഡിക 4.5 പ്രകാരം മാതാപിതാക്കളുടെ സ്ഥിര താമസസ്ഥലത്ത് രജിസ്ട്രേഷൻ നടത്തുമ്പോൾ പ്രസ്തുത മേൽവിലാസവും ജനന സ്ഥലമായി രേഖപ്പെടുത്തണം. ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ കുട്ടിയുടെ യഥാർത്ഥ ജനന സ്ഥലം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലമോ മാതാപിതാക്കളുടെ താമസസ്ഥലമോ ജനന സ്ഥലമായി രേഖപ്പെടുത്താവുന്നതാണ്.

4.9 അംഗീകൃത ഏജൻസികളിൽ നിന്ന് ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ രക്ഷാകർത്താവ് ആയി മാത്രം അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗാർഡിയൻഷിപ്പ് എന്നു കാണിച്ച് ജനന സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

4.10 ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷനായി അപേക്ഷ ലഭിച്ച് പരമാവധി പത്തു ദിവസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

4.11 ഈ മാർഗ്ഗനിർദ്ദേശങ്ങൾ, അനാഥമന്ദിരം, ശിശുക്ഷേമകേന്ദ്രം തുടങ്ങിയ ഏജൻസികളിൽ നിന്നും ദത്തെടുക്കുന്ന/ഗാർഡിയൻഷിപ്പ് ലഭിക്കുന്ന കുട്ടികളെ ഉദ്ദേശിച്ചുള്ളതാണെങ്കിലും, സ്വന്തക്കാരിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷന്റെ കാര്യത്തിലും ഈ നിബന്ധന ബാധകമാണ്. ഇത്തരത്തിൽ ദത്തെടുക്കുന്ന കുട്ടിയുടെ ജനനം നേരത്തേ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ

സ്ഥലത്തെ മജിസ്ട്രേട്ടിന്റെ ഉത്തരവുപ്രകാരം ദത്തെടുത്ത മാതാപിതാക്കളുടെ പേര് ഉൾപ്പെടുത്തി രണ്ടാമത് സർട്ടിഫിക്കറ്റ് നൽകിയാൽ മതിയാകും.

5. വിദേശത്തു നടന്ന ജനന-മരണങ്ങളുടെ രജിസ്ട്രേഷൻ

5.1. ഇൻഡ്യൻ പൗരന്മാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ ആക്ടിന്റെ 20-ാം വകുപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതനുസരിച്ച്, 1956 ലെ സിറ്റിസൻസ് (ഇൻഡ്യൻ കോൺസുലേറ്റുകളിലെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇൻഡ്യൻ പൗരന്മാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള എല്ലാ ജനനവും മരണവും ഇൻഡ്യൻ കോൺസുലേറ്റുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ചട്ടം നിലവിൽ വരുന്നതിനു മുമ്പു നടന്ന ജനന മരണങ്ങളും രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള വ്യവസ്ഥ മേൽപ്പറഞ്ഞ ചട്ടങ്ങളിലുണ്ട്. ഇൻഡ്യൻ കോൺസുലേറ്റുകളിലല്ലാതെ, വിദേശരാജ്യങ്ങളുടെ രജിസ്ട്രേഷൻ ആഫീസുകളിൽ നടത്തുന്ന ജനന-മരണ രജിസ്ട്രേഷനുകൾ ആക്ട് പ്രകാരം നടത്തിയതായി കണക്കാക്കപ്പെടുന്നതല്ല.

5.2. ഇൻഡ്യയ്ക്ക് വെളിയിൽ ജനിച്ച ഏതെങ്കിലും കുട്ടിയെ സംബന്ധിച്ച് 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടില്ലാത്ത സംഗതിയിൽ, കുട്ടിയുടെ മാതാപിതാക്കൾ ഇൻഡ്യയിൽ സ്ഥിരവാസമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി തിരിച്ചുവന്നാൽ, ആ കുട്ടി ഇൻഡ്യയിലെത്തിയ തീയതി മുതൽ 60 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തുന്നതിന് (2)-ാം ഉപ വകുപ്പു പ്രകാരം വ്യവസ്ഥയുണ്ട്. എന്നാൽ, രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം പരിഗണിക്കാതെ തന്നെ, ഇത്തരം എല്ലാ ജനനങ്ങളും മാതാപിതാക്കളുടെ ഇൻഡ്യയിലെ താമസസ്ഥലത്തെ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് രജിസ്ട്രാർ ജനറൽ, 5.7.95 ലെ 30 (1) (IN)/93-VS(FR) , 4.6.98 ലെ 1/5/97-VS(CRS-Rules) നമ്പർ കത്തുകൾ മുഖേന അറിയിച്ചിട്ടുണ്ട്. ഇതിലേക്കായി കുട്ടിയുടെ ജനനം സംബന്ധിച്ച രേഖയോടൊപ്പം തങ്ങൾ ഇൻഡ്യയിൽ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്ന സത്യവാഹ്മൂലം 100 (നൂറ്) രൂപയിൽ കുറയാത്ത മുഖവിലയുള്ള മുദ്രപ്പത്രത്തിൽ ഒപ്പിട്ട് മാതാപിതാക്കൾ ഹാജരാക്കേണ്ടതാണ്.

5.3. മേൽപ്പറഞ്ഞ പ്രകാരം വിദേശത്തു നടന്ന ഒരു ജനനം ആ കുട്ടി ഇൻഡ്യയിലെത്തിയ തീയതി മുതൽ 60 ദിവസത്തിനകം രജിസ്റ്റർ ചെയ്തില്ലെങ്കിൽ പിന്നീട് 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ 13-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി രജിസ്ട്രേഷൻ നടത്താവുന്നതാണ്.

5.4. വിദേശത്തു നടക്കുന്ന മരണങ്ങളുടെ രജിസ്ട്രേഷൻ ഇൻഡ്യയിൽ നടത്താവുന്നതല്ല.

6.ജനന രജിസ്ട്രേഷനിൽ പേരു ചേർക്കൽ

6.1 കുട്ടിയുടെ പേരു ചേർക്കാതെ നടത്തുന്ന രജിസ്ട്രേഷനുകളിൽ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 14-ാം വകുപ്പും ചട്ടങ്ങളിലെ 10-ാം ചട്ടവും അനുസരിച്ചാണ് കുട്ടിയുടെ പേരു ചേർക്കേണ്ടന്നത്. രജിസ്ട്രേഷൻ തീയതി മുതൽ ഒരു വർഷത്തിനകം കുട്ടിയുടെ പേരു ചേർക്കേണ്ടതും അതിനുശേഷം 5 രൂപ ലേറ്റ് ഫീ ഒടുക്കി പേരു ചേർക്കാവുന്നതുമാണ്. മാതാപിതാക്കളുടെ രേഖാമൂലമുള്ള സംയുക്താപേക്ഷ പ്രകാരമാണ് പേര് ചേർക്കേണ്ടത്. സംയുക്താപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ, അതു

വിലയിരുത്തി മാതാപിതാക്കളിൽ ഒരാളിന്റെയോ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ കുട്ടിയുടെ തന്നെയോ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേരു ചേർക്കാവുന്നതാണ്. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത സംഗതിയിൽ നിയമാനുസൃത രക്ഷാകർത്താവിന്റെ അപേക്ഷ പ്രകാരം പേരു ചേർക്കാവുന്നതാണ്. പേര് ചേർക്കുമ്പോൾ, പേരിനൊപ്പം ഇനിഷ്യലോ, സ്ഥലപ്പേരോ, സർനെയിമോ ജാതിപ്പേരോ ഉണ്ടെങ്കിൽ നിർബന്ധമായും എഴുതേണ്ടതാണ്.

6.2 മാതാപിതാക്കളുടെ അറിവു കൂടാതെ പേര് ചേർത്തതായുള്ള പരാതികൾ ഒഴിവാക്കുന്നതിനായി പേരു ചേർക്കുന്നതിനുള്ള അപേക്ഷയോടൊപ്പം കേന്ദ്ര തെരഞ്ഞെടുപ്പു കമ്മിഷൻ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പുകൂടി ഹാജരാക്കേണ്ടതാണ്.

6.3 ആറു വയസിനുശേഷമാണ് പേരു ചേർക്കുന്നതെങ്കിൽ മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന നിശ്ചിത ഫാറത്തിലുള്ള സത്യവാങ്മൂലം മാതാപിതാക്കൾ ഒപ്പിട്ടു നൽകേണ്ടതാണ്.

6.4 സ്കൂളിൽ ചേർന്ന ശേഷമാണ് ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നതെങ്കിൽ സ്കൂൾരേഖയുടെ ശരിപ്പകർപ്പു കൂടി വാങ്ങേണ്ടതും ജനന രജിസ്ട്രേഷനിലെയും സ്കൂൾരേഖയിലെയും ജനന തീയതികൾ തമ്മിൽ പത്തു മാസത്തിലധികം വ്യത്യാസമുണ്ടെങ്കിൽ മാതാപിതാക്കളുടെ ജീവിച്ചിരിക്കുന്നതും മരിച്ചതുമായ എല്ലാ കുട്ടികളുടെയും ജനനതീയതി തെളിയിക്കുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതും ജില്ലാ ജനന മരണ രജിസ്ട്രാറുടെ അനുവാദം വാങ്ങേണ്ടതുമാണ്. ജനന തീയതി തെളിയിക്കുന്നതിന് സ്കൂൾ രേഖ, ജനനസർട്ടിഫിക്കറ്റ്, ആശുപത്രി രേഖ, പാസ്പോർട്ട് തുടങ്ങിയ ജനനതീയതി രേഖപ്പെടുത്തിയിട്ടുള്ള ഏതൊരു രേഖയും സ്വീകരിക്കാവുന്നതാണ്. ജനനതീയതി രേഖപ്പെടുത്തിയ ഒരു രേഖയും ലഭ്യമല്ലെങ്കിൽ അക്കാര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലത്തോടൊപ്പം വയസ് തെളിയിക്കുന്ന ഏതെങ്കിലും രേഖ നൽകിയാൽ മതിയാകുന്നതാണ്.

6.5 സ്കൂളിൽ ചേർന്ന ശേഷം പേരു ചേർക്കുന്നത് സ്കൂൾ രേഖയിലെപ്പോലെയാണ് എന്നതിനാൽ മാതാപിതാക്കളുടെ സംയുക്താപേക്ഷയോ തിരിച്ചറിയൽ രേഖയുടെ പകർപ്പോ നിർബ്ബന്ധമില്ല.

6.6 ജനന രജിസ്ട്രേഷനിൽ ആദ്യമായി പേരു ചേർക്കുമ്പോഴും ജനന റിപ്പോർട്ടുകളിൽ മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തുമ്പോഴും ആവശ്യമെങ്കിൽ സ്കൂൾ രേഖയിലോ മറ്റ് ഔദ്യോഗിക രേഖകളിലോ ഉള്ള പേരിലെ ഇനിഷ്യലിന്റെ വികസിതരൂപം സഹിതം പേരു ചേർക്കാവുന്നതാണ്.

6.7 ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയും മാതാപിതാക്കളുടെയും മരണ രജിസ്ട്രേഷനിൽ മരിച്ചയാളുടെയും മാതാപിതാക്കളുടെയും ഭർത്താവിന്റെയും ഔദ്യോഗിക രേഖകളിലെ പേരിനൊപ്പം സാധാരണ വിളിക്കുന്ന പേരുണ്ടെങ്കിൽ അത് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് ചേർക്കാവുന്നതാണ്. (ഉദാ: Ramakrishnan alias Unni).

6.8 1970 ഏപ്രിൽ 1-ാം തീയതിക്കു മുമ്പുള്ള ജനന രജിസ്ട്രേഷനുകളിൽ പേരു ചേർക്കുന്നതിന് ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. അനുമതിക്കുള്ള പ്രൊപ്പോസലുകളിൽ താഴെപ്പറയുന്ന രേഖകൾ അയയ്ക്കേണ്ടതാണ്.

1.ചീഫ് രജിസ്ട്രാർക്കുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷകൾ (മാതാപിതാക്കളുടെയും, കുട്ടിയുടെയും)

2.ജനന രജിസ്ട്രേഷന്റെ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്

3.സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്

4. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന നിശ്ചിത

ഫാറത്തിലുള്ള സത്യവാങ്മൂലം.
5.ജനന-മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും ശുപാർശയും

7.തിരുത്തലുകൾ

7.1 ജനന-മരണ രജിസ്ട്രേഷനുകളിൽ ജനന/മരണ സമയത്തുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് വ്യവസ്ഥയില്ല. എന്നാൽ, സെക്ഷൻ 14 പ്രകാരം, പേര് കൂടാതെ രജിസ്റ്റർ ചെയ്തിട്ടുള്ള ജനനങ്ങളിൽ പേരു ചേർക്കുന്നതിനും സെക്ഷൻ 15 പ്രകാരം, തെറ്റായ ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനും സാദ്ധ്യമാണ്.

7.2 ജനന മരണ രജിസ്ട്രേഷൻ നിയമം പ്രാബല്യത്തിൽ വന്ന 1.04.1970 നു ശേഷമുള്ള രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള തെറ്റുകൾ 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 15-ാം വകുപ്പിലെയും 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11 -ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തിരുത്തുനേനതിനോ റദ്ദാക്കുന്നതിനോ രജിസ്ട്രാർമാർ തന്നെ തീരുമാനമെടുക്കേണ്ടതാണ്.ഇക്കാര്യത്തി അന്വേഷണത്തിനായി അനിശ്ചിതമായി കാലതാമസം വരുത്തുകയോ പ്രസക്തമല്ലാത്ത രേഖകൾ ആവശ്യപ്പെടുകയോ ചെയ്യാൻ പാടില്ല

7.3 രജിസ്ട്രേഷനുകളിലെ ക്ലെറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് ആവശ്യമായ തിരുത്തൽ വരുത്തേണ്ടതാണ്. അതായത്, ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. പേരിലോ മറ്റു വിവരങ്ങളിലോ ഉള്ള അക്ഷരത്തെറ്റുകൾ, റിപ്പോർട്ടിലെ വിവരങ്ങൾ രജിസ്റ്ററിലേയ്ക്ക് പകർത്തിയതിൽ വന്നിട്ടുള്ള തെറ്റുകൾ എന്നിവ ഈ രീതിയിൽ തിരുത്താവുന്നതാണ്.

7.4 രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോദ്ധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ (Credible persons) സത്യപ്രസ്താവന ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട കക്ഷികൾ രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവയ്ക്കു പുറമേ മേൽപ്പറഞ്ഞ പ്രകാരം രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷനും ഹാജരാക്കേണ്ടതാണ്. ഇവയുടെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധച്ചും അന്വേഷണം നടത്തിയും ബോദ്ധ്യപ്പെട്ട് തിരുത്തലിനുള്ള അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതാണ്.

7.5 മേൽപ്പറഞ്ഞ പ്രകാരം വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് ഹാജരാക്കേണ്ട സത്യപ്രസ്താവന നൽകുന്നതിന് ഗസറ്റഡ് ഉദ്യോഗസ്ഥരെ മാത്രമേ വിശ്വസനീയ വ്യക്തികളായി കണക്കാൻ കഴ്യുകയുള്ളു എന്ന് നിർബ്ബന്ധം പാടില. ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ തുടങ്ങിയവരെയും വി വിശ്വസനീയ വ്യക്തികളായി കണക്കാക്കാവുന്നതാണ്.രജിസ്ട്രേഷനിൽ ഏതെങ്കിലും വിവരം അനുചിതമായോ വഞ്ചനാപൂർവ്വമായോ ഉൾപ്പെടുത്തിയതാണെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ അതിന്റെ വിശദവിവരം വ്യക്തമാക്കുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കി ചീഫ് രജിസ്ട്രാർക്ക് അയയ്ക്കേണ്ടതും ചീഫ് രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്തരം കേസുകളിൽ സെക്ഷൻ 23 അനുസരിച്ചുള്ള പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കേണ്ടതാണ്.

7.6 ജനന രജിസ്റ്ററിൽ ഒരിക്കൽ പേരു ചേർത്തു കഴിഞ്ഞാൽ അത് തിരുത്താവുന്നതല്ല. എന്നാൽ, ജനന സമയത്ത് ഒരു ഓമനപ്പേരിടുകയും അത് രജിസ്റ്ററിൽ

ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ശരിയായ പേര് ചേർക്കുന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട് രജിസ്ട്രാർക്കു തന്നെ അത് അനുവദിക്കാവുന്നതാണ്. മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേരു ചേർത്ത കേസുകളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാവുന്നതാണ്. രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള അക്ഷരത്തെറ്റുകളും മാതാപിതാക്കളുടെ വിളിപ്പേരുകളും ബോദ്ധ്യപ്പെട്ട് തിരുത്തുന്നതിനും രജിസ്ട്രാർക്ക് അധികാരമുണ്ട്. മാതാപിതാക്കളുടെ വിളിപേരാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നതെങ്കിൽ (മാതാപിതാക്കളുടെ) സ്കൂൾ രേഖയുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സ്കൂൾ രേഖയിലേതു പോലെ തിരുത്താവുന്നതാണ്. സ്കൂൾ രേഖ ലഭ്യമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്.

7.7 ജനനം നടക്കുമ്പോൾ മാതാപിതാക്കൾ താമസിക്കുന്ന വിലാസമാണ് ജനന രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടത്. ഇത് വേറൊരു വിലാസമായി തിരുത്താൻ പാടില്ല. എന്നാൽ അക്ഷരത്തെറ്റുകളും വിലാസത്തിലെ ഏതെങ്കിലും ഒരു ഭാഗം വിട്ടുപോയിട്ടുണ്ടെങ്കിലോ, അധികമായി ചേർത്തിട്ടുണ്ടെങ്കിലോ അവ ബോദ്ധ്യപ്പെട്ട്, രജിസ്ട്രാർക്കു തന്നെ തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ നീക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ, തെറ്റായ വിലാസം രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന സമയത്ത് പ്രാബല്യത്തിലുള്ള, മാതാപിതാക്കളുടെ വിലാസം വ്യക്തമാക്കുന്ന ഏതെങ്കിലും രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ അനുവദിക്കാവുന്നതാണ്. ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് തുടങ്ങിയവ തെളിവായി സ്വീകരിക്കാവുന്നതാണ്. മരണ രജിസ്ട്രേഷനിലെ മരിച്ചയാളുടെ മേവിലാസവും ഇതു പോലെ തിരുത്താവുന്നതാണ്.

7.8 15-ാം വകുപ്പിലെയും 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മേൽപ്പറഞ്ഞ പ്രകാരമുള്ള തിരുത്തലുകൾ വരുത്തുമ്പോൾ തിരുത്തൽ സംബന്ധിച്ച നടപടിക്രമങ്ങൾ പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതും ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് തിരുത്തൽ വരുത്തിയതെന്ന വിവരം രജിസ്റ്ററിലെ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

7.9 കുട്ടിയുടെ പേരിനൊപ്പം ഇനിഷ്യൽ, ജാതിപ്പേര്, സർനെയിം എന്നിവ ചേർക്കാത്ത ജനന രജിസ്ട്രേഷനുകളിൽ പിന്നീട് അവ ചേർക്കുന്നതിന്, മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് രജിസ്ട്രാർക്കു തന്നെ അനുവദിക്കാവുന്നതാണ്. കുട്ടിയുടെ യഥാർത്ഥ പേര് ഇനിഷ്യലും സർനെയിമും ചേർന്നുള്ളതാണെങ്കിൽ ഇവ രണ്ടും ചേർക്കാവുന്നതാണ്. കൂടാതെ ഇനിഷ്യൽ, ജാതിപ്പേര്, സർനെയിം എന്നിവ ഒഴിവാക്കുന്നതിനുള്ള അപേക്ഷകളും ഇതുപോലെ അനുവദിക്കാവുന്നതാണ്.

7.10 ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയാൽ അതിൻ പ്രകാരം ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താവുന്നതല്ല. ജനന സർട്ടിഫിക്കറ്റിനൊപ്പം ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പും നോട്ടറി മുമ്പാകെയുള്ള സത്യവാങ്മൂലവും ചേർത്ത് നിയമപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. മാതാവിന്റെ പേരിനൊപ്പം പിതാവിന്റെ പേര് കൂട്ടിച്ചേർത്തും മാതാപിതാക്കളുടെയോ കുട്ടിയുടെയോ ഇനിഷ്യലുകൾ വികസിപ്പിച്ചുമുള്ള തിരുത്തലുകൾ അനുവദനീയമല്ലെന്ന് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ കേന്ദ്ര നിയമ മന്ത്രാലയവുമായി ആലോചിച്ചശേഷം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗസറ്റ് വിജ്ഞാപനം

വഴി മാറ്റിയ പേര് alias ചേർത്ത് നൽകാവുന്നതാണ്.

7.11 തിരുത്തലുകൾ അനുവദിക്കുമ്പോൾ മുമ്പു വാങ്ങിയ സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങി റദ്ദാക്കേണതാണ്. എന്നാൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടു പോയതിനാലോ ഏതെങ്കിലും അധികാരി മുമ്പാകെ സമർപ്പിച്ചതിനാലോ തിരികെ നൽകാൻ സാധിക്കാതെ വന്നാൽ അക്കാര്യം വ്യക്തമാക്കുന്നതും ഒരു നോട്ടറി പബ്ലിക്/ഗസറ്റഡ് ഓഫീസർ മുമ്പാകെ ഒപ്പിട്ട ഒരു സത്യവാങ്മൂലം ഹാജരാക്കിയാൽ മതിയാകും.

7.12 01.4.1970 നു മുമ്പുള്ള രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്..

7.13 തിരുത്തലുകൾക്കുള്ള അപേക്ഷകൾ നിയമ പ്രകാരം അനുവദനീയമായമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി, വ്യക്തമായ ശുപാർശ സഹിതം മാത്രമേ ചീഫ് രജിസ്ട്രാർക്ക് അയയ്ക്കാൻ പാടുള്ളു. പ്രൊപ്പോസലുകളിൽ താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടുത്തിയിരിക്കണം

1. ചീഫ് രജിസ്ട്രാർക്കുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ
2. ജനന/മരണ രജിസ്ട്രേഷന്റെ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്
3. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്
4. ജനനം/മരണം റിപ്പോർട്ടു ചെയ്ത വ്യക്തിയുടെ അപേക്ഷ (വ്യക്തി ജീവിച്ചിപ്പി ല്ലെങ്കിൽ അതു സംബന്ധമായ സത്യവാങ്മൂലം)
5. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന നിശ്ചിത ഫാറത്തിലുള്ള സത്യവാങ്മൂലം (ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക്)
6. ജനന-മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും ശുപാർശയും
7. ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം
8. 11-ാം ചട്ടം (2)-ാം ഉപചട്ട പ്രകാരം രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥരിൽ നിന്നുള്ള ഡിക്ലറേഷൻ
9. ആശുപത്രികളിൽ നിന്ന് റിപ്പോർട്ടു ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി അധികാരികളുടെ തിരുത്തൽ കത്തും ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് ഗൈനക് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും
10. തിരുത്തപ്പെടേണ്ട വിവരം തെളിയിക്കുന്ന മറ്റ് ആധികാരിക രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

7.15 രജിസ്റ്ററിൽ തിരുത്തൽ വരുത്തുമ്പോൾ, സെക്ഷൻ 15- ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ, ഒറിജിനൽ എൻട്രിയിൽ മാറ്റം വരുത്താതെ മാർജിനിൽ അനുയോജ്യമായ തിതിരുത്തലുകൾ സംബന്ധിച്ച് 11-ാം ചട്ട പ്രകാരം പകർപ്പുകൾ തയ്യാറാക്കി ചീഫ് രജിസ്ട്രാർക്ക് അയക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കുന്നുണ്ടെന്ന് ജില്ലാ രജിസ്ട്രാർമാർ ഉറപ്പാക്കേണ്ടതാണ്.

8. സർട്ടിഫിക്കറ്റുകൾ

8.1 സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ രജിസ്റ്ററിൽ ഇല്ലാത്ത വിവരങ്ങൾ ഉൾപ്പെടുത്തി നൽകാൻ പാടില്ല. എന്നാൽ രജിസ്റ്ററിലെ ഏതെങ്കിലും ഒരു കോളത്തിൽ വിവരം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അത് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ തിരുത്തലിന്റെ നടപടിക്രമങ്ങൾ പാലിച്ച് രജിസ്റ്ററിൽ ഉൾപ്പെടുത്താവുന്നതും അതനുസരിച്ച് സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്.

8.2 മേൽവിലാസം സംബന്ധിച്ച വിവരം ഉൾക്കൊള്ളിക്കുന്നതിനുള്ള കോളം ഇല്ലാത്ത രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റുകളിൽ പ്രസ്തുത ഇനങ്ങൾക്കു നേരേ "ലഭ്യമല്ല" എന്ന് മലയാളത്തിലും "Not Available" എന്ന് ഇംഗ്ലീഷിലും രേഖപ്പെടുത്തേണതാണ്. റിമാർക്സ് കോളത്തിൽ "മേൽവിലാസം

രേഖപ്പെടുത്തുന്നതിനുള്ള കോളങ്ങൾ രജിസ്റ്ററിൽ ഇല്ല'' എന്നും "The original records do not contain the column relating to address" എന്നും രേഖപ്പെടുത്തേണ്ടതാണ്.

8.3 ജനന മരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന മരണ സർട്ടിഫിക്കറ്റുകൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് യഥേഷ്ടം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭിക്കുന്ന കമ്പ്യൂട്ടർ പ്രിന്റഡ് സർട്ടിഫിക്കറ്റുകൾ ആധികാരിക രേഖയാണ്. സ്കൂൾ പ്രവേശനത്തിനുൾപ്പടെ ഈ സർട്ടിഫിക്കറ്റ് മതിയാകുന്നതും സർട്ടിഫിക്കറ്റിന്റെ ആധികാരികത ബന്ധപ്പെട്ട അധികാരിക്ക് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പു വരുത്താവുന്നതുമാണ്.

9. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

9.1 1999 ലെ ജനന മരണ രജിസിട്രേഷൻ ചട്ടങ്ങൾ അനുസരിച്ച്, വിവരം നൽകുന്ന ഫാറങ്ങളിലെ (ഫാറം നമ്പർ 1,2,3) ലീഗൽ പാർട്ടാണ് ജനന/മരണ/നിർജ്ജീവ ജനന രജിസ്റ്ററുകളുടെ പേജുകളായി മാറുന്നത്. എന്നാൽ, പ്രസ്തുത ഷീറ്റുകൾ ബൈന്റു ചെയ്യുന്നതുവരെ സുരക്ഷിതമായി സൂക്ഷിക്കുന്നതിലെ ബുദ്ധിമുട്ട്, യഥാർത്ഥ ഷീറ്റുകൾ മാറ്റി പകരം ഷീറ്റുകൾ ഉൾപ്പെടുത്തുന്നതിനുള്ള സാദ്ധ്യത എന്നിവ കണക്കിലെടുത്തും, ദൈനംദിന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും യഥാർത്ഥ രജിസ്റ്ററിന് കേടുപാടുണ്ടാകാതെ സൂക്ഷിക്കുന്നതിനുമായി, അച്ചടിച്ച് ബൈന്റുചെയ്ത രജിസ്റ്ററുകളിൽ റിപ്പോർട്ട് ഫാറങ്ങളിലെ വിവരങ്ങൾ പകർത്തിയെഴുതി സൂക്ഷിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഇപ്രകാരമുള്ള രജിസ്റ്ററുകൾക്കു പകരം, കമ്പ്യൂട്ടർ പ്രിന്റൗട്ട് മാസം തോറും അല്ലെങ്കിൽ ദൈവാരമായോ ആഴ്ചതോറുമോ എടുത്ത് ബൈന്റ് ചെയ്ത്, രജിസ്ട്രാർ ഒപ്പിട്ട് രജിസ്റ്ററായി സൂക്ഷിച്ചാൽ മതിയാകുന്നതാണ്.

9.2 പേരു ചേർക്കൽ, തിരുത്തൽ മുതലായവ മുഖേനയുള്ള മാറ്റങ്ങൾ യഥാർത്ഥ രജിസ്ട്രേഷനിലും (Legal part) മേൽപ്പറഞ്ഞ നിർദ്ദേശ പ്രകാരം സൂക്ഷിക്കുന്ന രജിസ്റ്ററിലും വരുത്തേണ്ടതും കമ്പ്യൂട്ടർവൽക്കരിച്ച യൂണിറ്റുകളിൽ കമ്പ്യൂട്ടർ ഡാറ്റാബേസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയെന്ന് ഉറപ്പാക്കേണ്ടതുമാണ്.

9.3 സ്ഥിരരേഖയായി സൂക്ഷിക്കേണ്ട ജനന മരണ രജിസ്റ്ററുകൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നതിന് സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും രജിസ്ട്രാർമാരും അതീവ ജാഗ്രത പുലർത്തേണ്ടതും ജനന മരണ രജിസ്റ്ററുകളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾ നടപ്പിൽ വരുത്തുമ്പോൾ എല്ലാ രജിസ്റ്ററുകളും, രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫയലുകളും കൃത്യമായി രേഖാമൂലം കൈമാറ്റം ചെയ്തുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

9.4 26.4.2009 ലെ 5078/ഐബി1/2009/തസ്വഭവ നമ്പർ ഗവൺമെന്റ് സർക്കുലറിലെ നിർദ്ദേശ പ്രകാരം നിലവിലുള്ള രജിസ്ട്രേഷൻ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ എല്ലാ ജനന മരണ രജിസ്ട്രാർമാരും സ്വീകരിക്കേണ്ടതാണ്.

10. അപേക്ഷകൾ കൈകാര്യം ചെയ്യൽ

10.1 വിവിധ ആവശ്യങ്ങൾക്കായി രജിസ്ട്രേഷൻ യൂണിറ്റുകളിൽ പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ കാര്യക്ഷമമായും കാലതാമസം കൂടാതെയും കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം യൂണിറ്റുകളിൽ ഏർപ്പെടുത്തേണ്ടതാണ്.

10.2 ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും അതിൽ ആവശ്യപ്പെട്ടിട്ടുള്ള സേവനം ലഭ്യമാക്കുന്ന തീയതി കൂടി വ്യക്തമാക്കുന്ന രസീത് നൽകേണ്ടതാണ്. 7 ദിവസങ്ങൾക്കുള്ളിൽ സേവനം ലഭ്യമാക്കേണ്ടതാണ്.

10.3 അപേക്ഷയിൽ അപേക്ഷകന്റെ ഫോൺ നമ്പർ രേഖപ്പെടുത്താൻ കോളം ഉണ്ടായിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ആവശ്യപ്പെട്ട സേവനം ലഭ്യമാക്കേണ്ടതും അതിനു കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ ഫോൺ മുഖേനയും രേഖാമൂലവും അറിയിക്കേണ്ടതുമാണ്.

10.4 സേവനം ലഭ്യമാക്കുന്നതിൽ അപേക്ഷ ലഭിക്കുന്നതിന്റെ മുൻഗണനാക്രമം കർശനമായി പാലിക്കേണ്ടതാണ്. എന്നാൽ അടിയന്തിര ആവശ്യം ബോദ്ധ്യപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷയിൽ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള രജിസ്ട്രാറുടെ രേഖാമൂലമുള്ള അനുവാദത്തോടെ മുൻഗണനാക്രമത്തിൽ ഇളവ് അനുവദിക്കാവുന്നതാണ്.

10.5 നിയമപ്രകാരം അനുവദനീയമല്ലാത്ത കാര്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകളിൽ എത്രയും വേഗം വ്യക്തമായ മറുപടി നൽകണം.

10.6 അപേക്ഷകൾക്ക് നൽകുന്ന രസീതിലും സർട്ടിഫിക്കറ്റുകളിലും മറ്റ് അറിയിപ്പുകളിലും രജിസ്ട്രാറുടെ പൂർണ്ണമായ തപാൽ മേൽവിലാസവും ഫോൺ നമ്പരും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

10.7 വിവിധ സേവനങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം ഹാജരാക്കേണ്ട രേഖകളും ഒടുക്കേണ്ട ഫീസും വ്യക്തമാക്കുന്ന **ചെക്ക് ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.** പ്രസക്തമലാത്ത രേഖകൾ ആവശ്യപ്പെടാൻ പാടില്ല. പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള കേസുകളിലൊഴികെ നോട്ടറി പബ്ലിക്/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ആവശ്യപ്പെടാൻ പാടില്ല.

10.8 സർട്ടിഫിക്കറ്റുകളിൽ പതിക്കുന്ന രജിസ്ട്രാർമാരുടെ ഔദ്യോഗിക സീലിൽ പേര്, ഔദ്യോഗിക പദവി എന്നിവയും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പേരുൾപ്പടെയുള്ള പൂർണ്ണമായ തപാൽ മേൽവിലാസവും ഉൾപ്പെടുത്തേണ്ടതാണ്.

10.9 സർട്ടിഫിക്കറ്റുകൾ തപാലിൽ ലഭിക്കണമെന്ന് ആവശ്യപ്പെടുന്നവർക്ക് 17–ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, ആവശ്യമായ ഫീസിനു പുറമെ തപാൽ ചാർജ് കൂടി ഈടാക്കിക്കൊണ്ട് അയച്ചു കൊടുക്കേണ്ടതാണ്.

10.10 ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമുള്ള അപേക്ഷകളിന്മേൽ രജിസ്ട്രാർ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട്, വ്യക്തമായ ശുപാർശയോടെയും ആവശ്യമായ രേഖകൾ സഹിതവുമുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. രേഖകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുമ്പോൾ അവ നിർബ്ബന്ധമായും സാക്ഷ്യപ്പെടുത്തിയിരിക്കണം.

10.11 അപേക്ഷകൾ നിരസിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ, രജിസ്ട്രാറുടെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട വസ്തുതകളുടെയും നിയമ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലായിരിക്കണം അപ്രകാരം ചെയ്യേണ്ടത്. "ചീഫ് രജിസ്ട്രാറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമല്ല" എന്ന കാരണം പറഞ്ഞോ കാരണമൊന്നും പറയാതെയോ നിയമപരമല്ലാത്ത കാരണങ്ങൾ പറഞ്ഞോ അപേക്ഷകൾ നിരസിക്കാൻ പാടില്ല.

10.12 അനുവദനീയമല്ലാത്ത കാര്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകളും ആവശ്യമായ എല്ലാ രേഖകളും ഉൾക്കൊള്ളിക്കാത്ത പ്രൊപ്പോസലുകളും ചീഫ് രജിസ്ട്രാർക്ക് അയയ്ക്കുന്നത് പൊതുജനങ്ങൾക്ക് അനാവശ്യമായ ബുദ്ധിമുട്ടുകൾക്ക് ഇടയാക്കുമെന്നതിനാൽ അത്തരം നടപടികൾ നിർബ്ബന്ധമായും ഒഴിവാക്കേണ്ടതാണ്.

10.13 സർട്ടിഫിക്കറ്റുകൾക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ ശരിയായ രജിസ്ട്രേഷൻ തീയതി വ്യക്തമാക്കിയിട്ടുണെങ്കിൽ തെരച്ചിൽ ഫീസ് ഈടാക്കാൻ പാടില്ല.

11. കമ്പ്യൂട്ടർവൽക്കരണം

11.1 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെയും 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ച് 1,2,3 നമ്പർ ഫാറങ്ങളിലുള്ള ജനന /മരണ /നിർജ്ജീവജനന റിപ്പോർട്ടുകളുടെ ലീഗൽ പാർട്ട് രജിസ്ട്രാർ ഒപ്പിട്ട് രജിസ്റ്ററായി സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടർവൽക്കരിച്ച രജിസ്ട്രേഷൻ യൂണിറ്റുകളിൽ റിപ്പോർട്ട് ഫാറത്തിലെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തി രജിസ്ട്രാർ അംഗീകരിക്കുന്ന തീയതിയിൽത്തന്നെ റിപ്പോർട്ട് ഫാറത്തിലും രജിസ്ട്രേഷൻ നമ്പരും തീയതിയും രേഖപ്പെടുത്തി രജിസ്ട്രാർ അല്ലെങ്കിൽ സബ് രജിസ്ട്രാർ ഒപ്പുവയ്ക്കേണ്ടതും ഇപ്രകാരമുള്ള രജിസ്ട്രേഷനുകൾ ബൈന്റു ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

11.2 ഹോസ്പിറ്റൽ കിയോസ്കുകളിൽ റിപ്പോർട്ടിൽ ചേർക്കേണ്ട വിവരങ്ങൾ നിർദ്ദിഷ്ട ഫാറങ്ങളുടെ മാതൃകയിൽ തയ്യാറാക്കി ആശുപത്രിയിലെ മെഡിക്കലാഫീസർ അല്ലെങ്കിൽ ചുമതലപ്പെട്ട വ്യക്തി മേലൊപ്പുവച്ച് കിയോസ്കിന്റെ ചുമതലക്കാരന് നൽകേണ്ടതാണ്.

11.3 റിപ്പോർട്ട് ഫാറത്തിലെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തിയ ശേഷം എടുക്കുന്ന പ്രിന്റൗട്ട് വിവരം നൽകിയ വ്യക്തിയും ആശുപത്രി അധികൃതരും പരിശോധിച്ച് ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തി ഒപ്പിട്ട് കിയോസ്കിൽ തിരികെ നൽകേണ്ടതാണ്.

11.4 പ്രിന്റൗട്ടിൽ സാക്ഷ്യപ്പെടുത്തി നൽകുന്ന തിരുത്തലുകൾക്കനുസൃതമായി കമ്പ്യൂട്ടറിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ മാറ്റം വരുത്തിയശേഷം പുതിയ പ്രിന്റെടുത്ത് നൽകേണ്ടതും ഇതിൽ വിവരം നൽകിയ വ്യക്തിയുടെ ഒപ്പും ആശുപത്രിയിലെ ചുമതലക്കാരന്റെ മേലൊപ്പും വാങ്ങി രജിസ്ട്രേഷൻ യൂണിറ്റിലേയ്ക്ക് നൽകേണ്ടതുമാണ്.

11.5 ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തൽ കൂടാതെ, കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തിയ റിപ്പോർട്ടിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ല.

11.6 ആശുപത്രി കിയോസ്കിൽ നിന്ന് ടെലഫോൺ ലൈൻ വഴിയോ, അത് സാദ്ധ്യമാകാത്ത സാഹചര്യത്തിൽ സി.ഡി., ഫ്ളോപ്പി ഡിസ്ക്, പെൻഡ്രൈവ് തുടങ്ങിയവ ഉപയോഗിച്ചോ രജിസ്ട്രേഷൻ യൂണിറ്റിലേക്ക് റിപ്പോർട്ട് അയയ്ക്കേണ്ടതാണ്. അതോടൊപ്പം ഖണ്ഡിക 11.3 ൽ നിർദ്ദേശിച്ചതു പോലെ റിപ്പോർട്ടുകളുടെ കമ്പ്യൂട്ടർ പ്രിന്റൗട്ടിൽ വിവരം നൽകുന്നയാളും ആശുപത്രി അധികൃതരും ഒപ്പിട്ട് അതതു ദിവസം തന്നെ രജിസ്ട്രേഷൻ യൂണിറ്റിൽ നൽകേണ്ടതാണ്.

11.7 കിയോസ്കിൽ നിന്ന് മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന ഇലക്ട്രോണിക് ഡാറ്റ, രജിസ്ട്രാർ അംഗീകരിച്ച് രജിസ്റ്റർ ചെയ്യുന്നതോടൊപ്പം ഖണ്ഡിക 11.3 പ്രകാരം വിവരം നൽകുന്നയാൾ ഒപ്പിട്ട് ആശുപത്രി അധികൃതർ മേലൊപ്പു വച്ച് നൽകുന്ന റിപ്പോർട്ട് (പ്രിന്റൗട്ട്) രജിസ്ട്രാർ അല്ലെങ്കിൽ സബ് രജിസ്ട്രാർ ഒപ്പു വച്ച് നിയമാനുസൃത രജിസ്റ്ററായി സൂക്ഷിക്കേണ്ടതാണ്.

12. റിപ്പോർട്ടുകൾ

12.1 സിവിൽ രജിസ്ട്രേഷൻ സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ആസൂത്രണ പ്രക്രിയയിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനും അത്യന്തതാപേക്ഷിതമായ പ്രതിമാസ/വാർഷിക റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ രജിസ്ട്രാർമാർ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കൂടാതെ, ജനന-മരണ റിപ്പോർട്ടുകളുടെ സ്റ്റാറ്റിസ്റ്റിക്കൽ പാർട്ടിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ കൃത്യതയും ഗുണമേന്മയും ഉറപ്പു വരുത്തുന്നതിനും രജിസ്ട്രാർമാർ കഴിയുന്നത്ര ശ്രദ്ധിക്കേണ്ടതാണ്.

12.2 ജനന റിപ്പോർട്ടുകളുടെ സ്റ്റാറ്റിസ്റ്റിക്കൽ പാർട്ടിൽ മാതാവിന്റെ സാധാരണ താമസസ്ഥലം, മരണ റിപ്പോർട്ടുകളിൽ മരിച്ചയാളുടെ താമസസ്ഥലം എന്നീ കോളങ്ങളിൽ ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭയുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. വിവരങ്ങളുടെ ക്രോഡീകരണത്തിൽ തടസ്സം സഷ്ടിക്കുമെന്നതിനാൽ ഈ കോളങ്ങളിൽ സ്ഥലപ്പേര് ഉൾപ്പെടുത്തുന്നത് കർശനമായും ഒഴിവാക്കണം.

12.3 എല്ലാ രജിസ്ട്രാർമാരും ഓരോ മാസത്തിലും നടത്തുന്ന രജിസ്ട്രേഷനുകളുടെ സ്റ്റാറ്റിസ്റ്റിക്കൽ പാർട്ട് ഫാറം നമ്പർ 11,12,13 എന്നിവയിലുള്ള സമ്മറി റിപ്പോർട്ട സഹിതം തൊട്ടടുത്ത മാസം 5-ാം തീയതിക്കകം ജില്ലാ സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

12.4 സേവന ഓൺലൈൻ ആയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും നിർബ്ബന്ധമായും സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റ സി.ഡി. രൂപത്തിൽ നൽകേണ്ടതാണ്.

13. പരിശോധനാ സംവിധാനം

13.1. ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള പെർഫോമൻസ് ആഡിറ്റ് ടീമുകൾ അവയുടെ പ്രവർത്തന പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ മൂന്നു മാസത്തിലൊരിക്കൽ പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

13.2. പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഈ സർക്കുലറിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പ്രൊഫോർമ മാതൃകയായി സ്വീകരിക്കേണ്ടതാണ്.

13.3. ജില്ലാ രജിസ്ട്രാർമാർ റിപ്പോർട്ടുകൾ അവലോകനം ചെയ്ത് ഒരു സമാഹൃത റിപ്പോർട്ട് സഹിതം റിപ്പോർട്ടുകളുടെ ഓരോ പകർപ്പ് ചീഫ് രജിസ്ട്രാർക്ക് ജനുവരി, എപ്രിൽ, ജൂലായ്, ഒക്ടോബർ മാസങ്ങളിൽ 15-ാം തീയതിയ്ക്കകം സമർപ്പിക്കേണ്ടതാണ്.

13.4. മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ജില്ലാ രജിസ്ട്രാറുടെ ചുമതല നിർവ്വഹിക്കുന്ന സെക്രട്ടറിമാർ അതാതു യൂണിറ്റുകളിൽ മൂന്നു മാസത്തിലൊരിക്കൽ പരിശോധന നടത്തി റിപ്പോർട്ട് മേൽപ്പറഞ്ഞ തീയതിയ്ക്കകം ചീഫ് രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

13.5. ജില്ലാ രജിസ്ട്രാർമാരായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മാസത്തിൽ ഒരിക്കൽ അതാതു ജില്ലയിലെ 2 രജിസ്ട്രേഷൻ യൂണിറ്റുകളിൽ മുൻകൂർ അറിയിപ്പു നൽകിയും 2 യൂണിറ്റുകളിൽ അറിയിപ്പു കൂടാതെയും പരിശോധന നടത്തി ചീഫ് രജിസ്ട്രാർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

13.6. ഇതു കൂടാതെ, ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ പ്രതിമാസം 2 രജിസ്ട്രേഷൻ യൂണിറ്റുകളിൽ മുൻകൂർ അറിയിപ്പു നൽകിയും 2 യൂണിറ്റുകളിൽ അറിയിപ്പു കൂടാതെയും പരിശോധന നടത്തേണ്ടതാണ്.

13.7. പരിശോധനകളിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ രജിസ്ട്രാർമാർ ബന്ധപ്പെട്ട രജിസ്ട്രാർമാർക്ക് നൽകേണ്ടതും അത് പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

13.8. പരിശോധനാ റിപ്പോർട്ടുകൾ ചീഫ് രജിസ്ട്രാർ അവലോകനം ചെയ്യുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതുമാണ്. പ്രസ്തുത നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കി മറുപടി യഥാസമയം സമർപ്പിക്കേണ്ടതാണ്.

13.9. എല്ലാ ജില്ലാ രജിസ്ട്രാർമാരും ഓരോ ത്രൈമാസത്തെയും പരിശോധനാപരിപാടിയുടെ കലണ്ടർ മുൻകൂട്ടി ചീഫ് രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും സ്വീകരിക്കേതാണ്.

കെ.ആർ.മുരളീധരൻ
ജനന-മരണ ചീഫ് രജിസ്ട്രാർ/
പഞ്ചായത്ത് ഡയറക്ടർ

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും
അഡീഷണൽ ചീഫ് രജിസ്ട്രാർ
നഗരകാര്യ വകുപ്പു ഡയറക്ടർ
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (,,)
പബ്ലിസിറ്റി ആഫീസർ
കരുതൽ ഫയൽ

അനുബന്ധം 1

ജനന-മരണ രജിസ്ട്രേഷൻ സേവനങ്ങൾ - ചെക്ക് ലിസ്റ്റ്

ജനനവും മരണവും സംഭവിച്ചത് എവിടെ വെച്ചാണോ ആ സ്ഥലം ഉൾപ്പെടുന്ന പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ കന്റോൺമെന്റിലോ അതു രജിസ്റ്റർ ചെയ്യേണ്ടതാണ്

I. ജനനം/മരണം നടന്ന് 30 ദിവസം വരെ

a) ജനന/മരണ റിപ്പോർട്ട്-നിശ്ചിത മാതൃകയിൽ

b) 21 ദിവസം കഴിയുകയാണെങ്കിൽ 2/- രൂപ പിഴയും അപേക്ഷയും

c) മരണ കാരണ സർട്ടിഫിക്കറ്റ് (ആവശ്യമുള്ള സാഹചര്യങ്ങളിൽ മാത്രം) (സ്ഥാപനങ്ങളിൽ വച്ചു നടക്കുന്ന ജനന/മരണങ്ങൾ സ്ഥാപന മേധാവിയും അസ്വാഭാവിക മരണമാണെങ്കിൽ മരണം നടന്ന സ്ഥലത്തിന്റെ ചുമതലയുള്ള പോലീസ് ഓഫീസറും (എസ്.എച്ച്.ഒ)റിപ്പോർട്ടു ചെയ്യേണ്ടതാണ്.

II. ജനന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ

a) നിശ്ചിത മാതൃകയിലുള്ള വെള്ളക്കടലാസിലുള്ള അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം)

b) അപേക്ഷന്റെ പേരിൽ വാങ്ങിയ 10/- രൂപയിൽ കുറയാത്ത മുദ്രപത്രം

c) തിരച്ചിൽ ഫീസ് വർഷത്തേക്ക് 2/- രൂപ വീതം

d) പകർപ്പ് ഫീസ് 5/- രൂപ

e) തപാലിൽ ലഭിക്കുന്നതിന് ആവശ്യമായ തപാൽ ചാർജ്ജ്

III. മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ

a) നിശ്ചിത മാതൃകയിലുള്ള വെള്ളക്കടലാസിലുള്ള പൂർണ്ണമായ അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം)

b) അപേക്ഷന്റെ പേരിൽ വാങ്ങിയ 10/- രൂപയിൽ കുറയാത്ത മുദ്രപത്രം

c) തിരച്ചിൽ ഫീസ് 2/- രൂപ വീതം വർഷത്തേക്ക്

d) പകർപ്പ് ഫീസ് 5/- രൂപ

e) തപാലിൽ ലഭിക്കുന്നതിന് ആവശ്യമായ തപാൽ ചാർജ്ജ്

IV. ജനന രജിസ്റ്ററിൽ പേരു ചേർക്കൽ

a) നിശ്ചിത മാതൃകയിലുള്ള അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം)

b) രജിസ്ട്രേഷൻ തീയതി കഴിഞ്ഞ് ഒരു വർഷത്തിനു ശേഷമാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ 5/- രൂപ ഫീസ്.

c) അപേക്ഷയിൽ ഒപ്പു വെച്ചിരിക്കുന്നവരുടെ ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്

V. അപേക്ഷ തീയതിയിൽ കുട്ടിയുടെ പ്രായം ആറ് വയസ്സ് പൂർത്തിയായെങ്കിൽ

a) മാതാപിതാക്കൾക്ക് ജനിച്ച കുട്ടിയുടെ ജനന തീയതിയും ജനന ക്രമവും ഉൾപ്പെടുത്തി അപേക്ഷകർ ഒപ്പിട്ട നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം

b) സ്കൂൾ രേഖയിലെ പേര്, ജനന തീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന സ്കൂൾ മേലധികാരിയിൽ നിന്നുള്ള സാക്ഷ്യപത്രം

c) നിശ്ചിത ഫോറത്തിലുള്ള അപേക്ഷ

VI. കുട്ടിയുടെ ജനന തീയതിയും സ്കൂൾ രേഖയിലെ ജനന തീയതിയും തമ്മിൽ പത്തു മാസത്തിലേറെ കാലത്തെ വ്യത്യാസമുണ്ടെങ്കിൽ

a) ജില്ലാ രജിസ്ട്രാർക്കുള്ള അപേക്ഷ

b) ജനിച്ച കുട്ടികളുടെ ജനന തീയതിയും ജനന ക്രമവും രേഖപ്പെടുത്തിയ സത്യവാങ്മൂലം

c) കുട്ടിയുടെ സ്കൂൾ രേഖയിലെ പേര്, ജനന തീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന സ്കൂൾ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം

d) ജനന ക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനന തീയതി തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്, സ്കൂൾ രേഖ, ആശുപത്രിരേഖ, റേഷൻകാർഡ് മുതലായവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

VII. മരണം വൈകി രജിസ്റ്റർ ചെയ്യൽ (മരണം നടന്ന് 30 ദിവസത്തിനുശേഷം ഒരു വർഷം വരെ)

a) മരണ റിപ്പോർട്ട് - 2 കോപ്പി

b) നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം

c) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി മരണസ്ഥലം താമസസ്ഥലം സംബന്ധിച്ച തെളിവുകൾ

d) രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിയ്ക്കണം)

e) ലേറ്റ് ഫീ 5/- രൂപ (അനുമതി ലഭിച്ചതിനു ശേഷം)

VIII. <u>മരണം വൈകി രജിസ്റ്റർ ചെയ്യൽ (മരണം നടന്ന് ഒരു വർഷത്തിനു ശേഷം)</u>

(സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് രജിസ്ട്രേഷൻ യൂണിറ്റ് പഞ്ചായത്തു വഴി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ)

a) മരണ റിപ്പോർട്ട് - 2 കോപ്പി

b) സത്യവാങ്മൂലം (R.D.O നിഷ്കർഷിച്ചിട്ടുള്ള പ്രകാരം)

c) രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ

d) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി മരണസ്ഥലം/ താമസസ്ഥലം സംബന്ധിച്ച തെളിവുകൾ

e) ലേറ്റ് ഫീ 10/- രൂപ (R.D.O യുടെ അനുമതി ലഭിച്ചതിനു ശേഷം)

IX. <u>ജനനം താമസിച്ചു രജിസ്റ്റർ ചെയ്യൽ</u>
<u>(ജനനം നടന്ന് 30 ദിവസത്തിനുശേഷം 1 വർഷം വരെ)</u>

a) ജനന റിപ്പോർട്ട് - 2 കോപ്പി

b) നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം

c) ജനനം രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ (5 രൂപ കോർട്ടർ ഫീ സ്റ്റാമ്പ്)

d) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സ്ഥലം/താമസസ്ഥലം സംബന്ധിച്ച തെളിവുകൾ

e) ലേറ്റ് ഫീ 5/- രൂപ (ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ചതിനു ശേഷം)

X. <u>ജനനം താമസിച്ചു രജിസ്റ്റർ ചെയ്യൽ</u>

(ജനനം നടന്ന് ഒരു വർഷത്തിനുശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് അനുമതിക്കായി രജിസ്ട്രേഷൻ യൂണിറ്റ് വഴി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ)

a) ജനന റിപ്പോർട്ട് എല്ലാ കോളങ്ങളും പൂരിപ്പിച്ചത് 2 കോപ്പി

b) സത്യവാങ്മൂലം (R.D.O നിഷ്കർഷിച്ചിട്ടുള്ള പ്രകാരം)

c) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്, സ്കൂൾ രേഖ, വോട്ടേഴ്സ് ലിസ്റ്റ്, മുതലായവയിൽ ഏതിന്റെയെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ്), ജനനസ്ഥലം സംബന്ധിച്ച രേഖ

d) രജിസ്ട്രേഷൻ അനുവദിക്കണമെന്നാവശ്യപ്പെടുന്നതും വൈകിയതിന്റെ കാരണം കാണിക്കുന്നതുമായ അപേക്ഷ (5/- രൂപ കോർട്ടർ ഫീ സ്റ്റാമ്പ് പതിക്കണം)

e) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

XI. ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം (നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്)

a) അപേക്ഷ (5/- രൂപ കോർട്ട് ഫീ)

b) ജനനം/മരണം നടന്ന സമയത്തെ താമസസ്ഥലം തെളിയിക്കുന്ന രേഖകൾ

c) ജനനം/മരണം നടന്ന സ്ഥലം തെളിയിക്കുന്ന രേഖ

d) സർട്ടിഫിക്കറ്റ് ഫീ - 2/- രൂപ

e) തിരച്ചിൽ ഫീ - വർഷത്തേക്ക് 2/- രൂപ വീതം

XII. ജനന-മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ

a) അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്)

b) ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത്.
(സ്ഥാപനം നിലവില്ലാതായിട്ടുണ്ടെങ്കിലോ വീട്ടിൽ വച്ചു നടന്ന ജനനമരണങ്ങളുടെ കാര്യത്തിൽ റിപ്പോർട്ടു ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകുന്നതാണ്)

c) വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം (പേര്, വിലാസം എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം)

d) സ്കൂൾ രേഖ/ലൈസൻസ്/പാസ്പോർട്ട്/തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിലേതിന്റെയെങ്കിലും പകർപ്പ്.

e) 2 വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾ)

അനുബന്ധം 2

ജനന മരണ രജിസ്ട്രേഷൻ – പരിശോധനാ റിപ്പോർട്ട്

1.രജിസ്ട്രേഷൻ യൂണിറ്റ്
2.പരിശോധന നടത്തിയ തീയതി
3.പരിശോധനയ്ക്ക് വിധേയമാക്കിയ കാലയളവ്
4.പരിശോധനാ കാലയളവിലെ രജിസ്ട്രാറുടെ പേര്
5.പരിശോധനാ കാലയളവിലെ സബ്രജിസ്ട്രാറുടെ പേര്
6.ജനന മരണ രജിസ്ട്രേഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ / ഉദ്യോഗസ്ഥരുടെ പേരുവിവരം
7.പരിശോധനകാലയളവിലെരജിസ്ട്രേഷനുകളുടെ വിവരം

		എണ്ണം	രജി.നം.	
			മുതൽ	വരെ
1 (എ)	**ജനനം** 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്തവ			
(ബി)	21 ദിവസത്തിനു ശേഷം എന്നാൽ 30 ദിവസത്തിനകം റിപ്പോർട്ടു ചെയ്തവ			
(സി)	ജില്ലാ രജിസ്ട്രാറുടെ അനുമതിയോടെ രജിസ്റ്റർ ചെയ്തവ			
(ഡി)	RDO യുടെ അനുമതിയോടെ രജിസ്റ്റർ ചെയ്തവ			
	ആകെ			
2 (എ)	**മരണം** 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്തവ			
(ബി)	21 ദിവസത്തിനു ശേഷം എന്നാൽ 30 ദിവസത്തിനകം റിപ്പോർട്ടു ചെയ്തവ			
(സി)	ജില്ലാ രജിസ്ട്രാറുടെ അനുമതിയോടെ രജിസ്റ്റർ ചെയ്തവ			
(ഡി)	RDO യുടെ അനുമതിയോടെ രജിസ്റ്റർ ചെയ്തവ			
	ആകെ			

8.റിപ്പോർട്ട് ഫാറങ്ങളിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ
9.റിപ്പോർട്ട് ഫാറങ്ങളുടെ ലീഗൽ പാർട്ട് രജിസ്ട്രേഷൻ നമ്പരും മറ്റു വിവരങ്ങളും രേഖപ്പെടുത്തി രജിസ്ട്രാർ/സബ് രജിസ്ട്രാർ ഒപ്പിട്ട് സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം
10.റിപ്പോർട്ടുകളുടെ സ്റ്റാറ്റിസ്റ്റിക്കൽ പാർട്ട് സമ്മറി റിപ്പോർട്ടു സഹിതം ചീഫ് രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം അയയ്ക്കുന്നുണ്ടോ എന്ന വിവരം
(എ) അയച്ചുകൊടുത്ത ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് ഏതു മാസത്തേത്
(ബി) അയച്ചു കൊടുത്തത് ആർക്ക്
(സി) അയച്ച തീയതി
11.സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റ് വിതരണം സംബന്ധിച്ച വിവരം
(എ) മുൻ പരിശോധനയിൽ നൽകാൻ ബാക്കിയുണ്ടായിരുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണം
(ബി) പരിശോധനാകാലയളവിൽ യഥാസമയം റിപ്പോർട്ടുചെയ്ത രജിസ്ട്രേഷനുകളുടെ എണ്ണം 7.1(എ)+2(എ)
(സി) ആകെ (എ) + (ബി)
(ഡി) പരിശോധനാകാലയളവിൽ നൽകിയ സർട്ടിഫിക്കറ്റുകളുടെ എണ്ണം
(ഇ) നൽകാൻ ബാക്കിയുള്ള സർട്ടിഫിക്കറ്റുകളുടെ എണ്ണം
(എഫ്) സർട്ടിഫിക്കറ്റ് വിതരണം സംബന്ധിച്ച് പരിശോധനാ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്
12.റിപ്പോർട്ടുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച പുരോഗതി

ക്രമ നമ്പർ		ജനനം	മരണം
1	മുൻ പരിശോധനയിൽ രജിസ്റ്റർ ചെയ്യാൻ ബാക്കിയുണ്ടായിരുന്ന റിപ്പോർട്ടുകളുടെ എണ്ണം		
2	പുതുതായി ലഭിച്ച റിപ്പോർട്ടുകളുടെ എണ്ണം		
3	പരിശോധനാ കാലയളവിൽ നടത്തിയ രജിസ്ട്രേഷനുകളുടെ എണ്ണം		
4	രജിസ്ട്രേഷൻ നിരസിച്ച റിപ്പോർട്ടുകളുടെ എണ്ണം		
5	രജിസ്ട്രേഷൻ നടത്താൻ ബാക്കിയുള്ള റിപ്പോർട്ടുകളുടെ എണ്ണം		

13.ജനന രജിസ്ട്രേഷനിൽ പേരുചേർക്കൽ സംബന്ധിച്ച വിവരങ്ങൾ
(എ) രജിസ്ട്രേഷൻ തീയതി മുതൽ ഒരു വർഷത്തിനകം പേരുചേർത്തവയുടെ എണ്ണം
(ബി) ഒരു വർഷത്തിനു ശേഷം പേരു ചേർത്തവയുടെ എണ്ണം
(1) 1.04.1970 നു മുമ്പുള്ള രജിസ്ട്രേഷനുകളുടെ എണ്ണം
(2) 1.04.1970 നു ശേഷമുള്ള രജിസ്ട്രേഷനുകളുടെ എണ്ണം
(സി) പേരുചേർക്കൽ നടപടികൾ സംബന്ധിച്ച് പരിശോധനാ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്
14.രജിസ്ട്രാർ ജനറലിന്റെ നിർദ്ദേശപ്രകാരം ജനന മരണ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം
15.രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ സംബന്ധിച്ച വിവരം
(1) പരിശോധനാ കാലയളവിലെ തിരുത്തലുകൾ

തിരുത്തൽ വരുത്തിയ രജി.നം.	തിരുത്തൽ വരുത്തിയ ഉൾക്കുറിപ്പ് ഏത്	തിരുത്തലിനു മുമ്പുള്ള ഉൾക്കുറിപ്പ്	തിരുത്തലിനു ശേഷമുള്ള ഉൾക്കുറിപ്പ്	അടിസ്ഥാനമായി സ്വീകരിച്ച രേഖ

തിരുത്തൽ അനുവദിച്ച ഉത്തരവു നമ്പരും തീയതിയും	തിരുത്തൽ സംബന്ധിച്ച് ചീഫ് രജിസ്ട്രാർക്ക് റിപ്പോർട്ട് നൽകിയോ	റിമാർക്സ്

(2) തിരുത്തലുകൾ സംബന്ധിച്ച് ചട്ടം 11(3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന വിവരം

(3) മനഃപൂർവ്വം തെറ്റായ വിവരം ഉൾപ്പെടുത്തിയതു സംബന്ധിച്ച് ചട്ടം 11(4) പ്രകാരം ചീഫ് രജിസ്ട്രാർക്ക് റിപ്പോർട്ടു ചെയ്ത കേസുകളുടെ വിവരം

16. പരിശോധനാ കാലയളവിൽ നടത്തിയ തെരച്ചിലുകൾ സംബന്ധിച്ച വിവരം

ക്രമ നമ്പർ		ജനനം	മരണം
1	17–ാം വകുപ്പു പ്രകാരം നൽകിയ സർട്ടിഫിക്കറ്റുകളുടെ എണ്ണം		
2	നൽകിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകളുടെ എണ്ണം		
3	തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം		

(4). പരിശോധനാ ഉദ്യോഗസ്ഥന്റെ റിമാർക്സ്

17. ശിക്ഷാ നടപടികൾ സംബന്ധിച്ച വിവരം

(1) വിവരം നൽകാത്തതിന് സ്വീകരിച്ച പ്രോസിക്യൂഷനുകളുടെ എണ്ണം

(2) തെറ്റായ വിവരം നൽകിയതിന് സ്വീകരിച്ച പ്രോസിക്യൂഷനുകളുടെ എണ്ണം

(3) മറ്റു നിയമ നടപടികളുടെ വിവരം

(4) 24–ാം വകുപ്പു പ്രകാരം രാജിയാക്കിയ കുറ്റങ്ങളുടെ വിവരം

18. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച് കോടതികളിൽ നിലവിലുള്ള കേസുകളുടെ വിവരം

19. (1) ഈടാക്കിയ ഫീസുകളുടെ വിവരം

ക്രമ നമ്പർ	ഇനം	ജനനം	മരണം	ആകെ
1	തെരച്ചിൽ ഫീസ്			
2	പകർപ്പു ഫീസ് (സർട്ടിഫിക്കറ്റിന്)			
3	നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്			
4	പേരുചേർക്കൽ– ലേറ്റ് ഫീ			
5	സെക്ഷൻ 13 (1) പ്രകാരമുള്ള ലേറ്റ് ഫീ			
6	സെക്ഷൻ 13 (2) പ്രകാരമുള്ള ലേറ്റ് ഫീ			
7	സെക്ഷൻ 13 (3) പ്രകാരമുള്ള ലേറ്റ് ഫീ			
	ആകെ			

(2) ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച് വരവു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം

20. അപേക്ഷകളിലെ നടപടി സംബന്ധിച്ച വിവരം

(1) ലഭിക്കുന്ന അപേക്ഷകളുടെയും ജനന മരണ റിപ്പോർട്ടുകളുടെയും രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം

(2) നടപടി സ്വീകരിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണവും അവ ലഭിച്ച തീയതിയും

(3) മതിയായ രേഖകളുടെ അഭാവത്തിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ വിവരം
(4) അപേക്ഷകർക്ക് യഥാസമയം മറുപടി നൽകുന്നുണ്ടോ എന്ന വിവരം

21. മുൻ പരിശോധനാ റിപ്പോർട്ടുകളിലെ നടപടികൾ സംബന്ധിച്ച വിവരം
(1) ലഭിച്ച റിപ്പോർട്ടുകളുടെ എണ്ണം
(2) നടപടി സ്വീകരിച്ച റിപ്പോർട്ടുകളുടെ എണ്ണം
(3) നടപടി പൂർത്തീകരിച്ച റിപ്പോർട്ടുകളുടെ എണ്ണം
(4) അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം
(5) അഭിപ്രായക്കുറിപ്പ്

22. മരണകാരണ സർട്ടിഫിക്കറ്റ് സ്കീം (MCCD) സംബന്ധിച്ച വിവരം
(1) സ്കീം നടപ്പാക്കിയിട്ടുണ്ടോ എന്ന വിവരം
(2) എത്ര ആശുപത്രികളിൽ നടപ്പാക്കിയിട്ടുണ്ട് ?
(3) സ്കീം അനുശാസിക്കുന്ന രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന വിവരം

23. ജനന മരണ രജിസ്ട്രേഷൻ സംവിധാനത്തിന്റെ പ്രചാരണത്തിനായി രജിസ്ട്രേഷൻ യൂണിറ്റിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം

24. രജിസ്ട്രേഷൻ യൂണിറ്റിൽ നടപ്പാക്കിയ മാതൃകാപരമായ എന്തെങ്കിലും പ്രവർത്തനം ഉണ്ടെങ്കിൽ അതിന്റെ വിവരം

25. പൊതുവായ അഭിപ്രായക്കുറിപ്പ്

പരിശോധനാ ഉദ്യോഗസ്ഥന്റെ ഒപ്പും
പേരും

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്റ്ററിലെ ജനന സ്ഥലം തിരുത്തൽ വരുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (ആർ.റ്റി) നം. 768/2011/തസ്വഭവ. തിരുവനന്തപുരം, തീയതി 11/03/2011.

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2. 31/3/2009-ലെ 1083/ആർ.ഡി.3/09/തസ്വഭവ നമ്പർ സർക്കുലർ
3. 19/01/2010-ലെ സ.ഉ.(സാധ) നം.193/10/തസ്വഭവ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 19/10/2010-ലെ ബി3/29925/10 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം 1-ലെ സർക്കാർ ഉത്തരവിന് ശേഷമുള്ള എല്ലാ ദത്തെടുക്കലിനും കുട്ടിയെ നല്കുന്ന ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും പ്രസ്തുത ഉത്തരവിന് മുമ്പ് ദത്തെടുത്ത് ജനനം രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ പരാമർശം 2-ലെ സർക്കുലർ പ്രകാരം മാതാപിതാക്കളുടെ സ്ഥിര താമസസ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതുമാണെന്നും ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തുമ്പോൾ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതും മാതാപിതാക്കളുടെ താമസസ്ഥലത്ത് രജിസ്റ്റർ ചെയ്യുന്ന കേസിൽ പ്രസ്തുത സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതുമാണെന്നും, കോടതി ഉത്തരവിൽ ജനന സ്ഥലം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പരാമർശം 1,2 ഇവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലമോ മാതാപിതാക്കളുടെ താമസസ്ഥലമോ ജനന സ്ഥലമായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

ജനന രജിസ്ട്രേഷനിൽ ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ രജിസ്ട്രേഷനിൽ മാറ്റം വരുത്തുന്നതിന് നിലവിൽ ഉത്തരവുകളൊന്നും തന്നെയില്ല. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെന്നും മാതാപിതാക്കളുടെ അറിവിലായ്കകൊണ്ടോ രജിസ്ട്രാറുടെ പിശകുകൊണ്ടോ സംഭവിക്കുന്ന ഇത്തരം രജിസ്ട്രേഷന്റെ തിക്തഫലം അനുഭവിക്കുന്നത് ദത്തെടുക്കപ്പെട്ട കുട്ടികളാണെന്നും ആയതിനാൽ ഇത്തരം കേസുകളിൽ ദത്തെടുക്കൽ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം, കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നല്കുന്നതിന് അനുമതി നല്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് ഭാവിയിൽ അപമാനകരമായിത്തീരുന്ന രീതിയിൽ ജനന സ്ഥലം (അമ്മത്തൊട്ടിൽ, ഓർഫനേജ് എന്നിവ) രേഖപ്പെടുത്താൻ പാടില്ലെന്ന് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചീഫ് ജനനമരണ രജിസ്ട്രാർ 12/10/2007-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ ഗുണം ദത്തെടുക്കപ്പെടുന്ന എല്ലാ കുട്ടികൾക്കും ലഭിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നു.

ഈ സാഹചര്യത്തിൽ ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്ട്രേഷൻ നടത്തിയവർക്ക് ടി കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നല്കാൻ അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
വി.വി.മുഹമ്മദ്
ഡെപ്യൂട്ടി സെക്രട്ടറി

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ 16434/ആസി3/09/തസ്വഭവ. തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ്
തിരുവനന്തപുരം, തിയ്യതി 4-1-2010

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം : തദ്ദേശ സ്വയം ഭരണ വകുപ്പ് - വിവാഹ രജിസ്ട്രേഷനിലെ ബുദ്ധിമുട്ടുകൾ - സ്പഷടികരണം - സംബന്ധിച്ച്.

സൂചന : താങ്കളുടെ 28-02-2009 ലെ ബി1-38163/05 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവാഹ രജിസ്ടേഷൻ സംബന്ധിച്ചുള്ള താങ്കളുടെ കത്തിന്മേൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പ്രസ്തുത ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാങ്ങളും കക്ഷികളുടെ മതഭേദമന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സംസ്ഥാനത്ത് വിവാഹങ്ങൾ നടത്താവുന്നത് വിവിധ മത വിഭാഗങ്ങളുടെ വ്യക്തി നിയമങ്ങളും 1955 ലെ ഹിന്ദു മാര്യേജ് ആക്ട് 1872 ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട്, മുസ്ലീം മതവിഭാഗങ്ങളെ സംബന്ധിച്ച് അവരുടെ വ്യക്തി നിയമങ്ങൾ, തിരുവിതാംകൂർ പ്രദേശത്തെ ക്രിസ്ത്യാനികളെ സംബന്ധിച്ച് അവർക്ക് ബാധകമായ വ്യക്തി നിയമങ്ങൾ വിവിധ മത വിഹഭാഗങ്ങളിൽപെട്ടവർക്ക് 1954 ലെ സ്പെഷ്യൽ മാര്യേജ് ആക്ട് എന്നിവയനുസരിച്ചാണ്. എന്നാൽ ഏത് മതവിഭാഗങ്ങളിൽപെട്ടവർക്കും ഹിതാനുസരണം സ്പെഷ്യൽ മാര്യേജ് ആക്ടിനു കീഴിൽ വിവാഹങ്ങൾ നടത്താവുന്നതാണ്. ഇപ്രകാരം സംസ്ഥാനത്ത് നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കാണ് ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്

എന്നതിനാൽ 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം മേൽപ്പറഞ്ഞ രീതിയിലല്ലാതെ നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതല്ല. നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുകയാണ് ഈ ചട്ടങ്ങളുടെ ലക്ഷ്യം. വിവിധ വ്യക്തി നിയമങ്ങൾ അനുസരിച്ച് വിവാഹം നടത്തുന്നതിന് അതിലെ കക്ഷികളുടെ മതം പരിഗണിക്കേണ്ടതുണ്ട്. മത പരിഗണന കൂടാതെ വിവാഹ ബന്ധത്തിലേർപ്പെടാവുന്നത് സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം മാത്രമാണ്.

കൂടാതെ 1988 (2) KLT 569 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട അമ്മിണി Vs രാഘവൻ എന്ന വിധിന്യായത്തിൽ, വിവാഹത്തിന്റെ നിയമ സാധുത തീരുമാനിക്കുന്നത് വ്യക്തി നിയമങ്ങളെ ബന്ധപ്പെടുത്തിയാണെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. നിയമസാധുതയുള്ള ഒരു വിവാഹത്തിന് വേണ്ടത്. കക്ഷികളുടെ മതപരമായ അനുഷ്ഠാനങ്ങൾക്കനുസരിച്ചുള്ള ചടങ്ങുകൾ മാത്രമല്ലെന്നും വിവാഹം, കക്ഷികൾക്ക് ബാധകമായ വ്യക്തി നിയമമനുസരിച്ചായിരിക്കണമെന്നും ബഹു. ഹൈകോടതി കാണുകയുണ്ടായി.

ആയതിനാൽ കക്ഷികൾക്ക് ബാധകമായ വ്യക്തി നിയമമനുസരിച്ചോ, അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ അനുസരിച്ചോ അല്ലാതെയുള്ള വിവാഹങ്ങൾ ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യുവാൻ കഴിയുകയില്ല.

വിശ്വസ്തതയോടെ,
ലതാ പണിക്കർ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

കേരള സർക്കാർ

നമ്പർ 38163/05

തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ്
തിരുവനന്തപുരം, തിയ്യതി 4-1-2010

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോട്ടയം.

സർ,

വിഷയം : കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ സ്പടീകരണം - സംബന്ധിച്ച്.

സൂചന : 1) സ.ഉ. (പി) നമ്പർ 2/2010/നിയമം തീയതി -25-2-2010
2) താങ്കളുടെ 28-7-2010 ലെ ബി1-9228/07 നമ്പർ കത്ത്.

സൂചന 2 ലെ കത്ത് പരിശോധിച്ചു.

കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്ക് സൂചന 1 പ്രകാരം ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം 9-ാം ചട്ടത്തിന്റെ ഭേദഗതിയായി `2 സെന്റ് ഫോട്ടോ' എന്നതിന് പകരം `ഒരു സെറ്റ് ഫോട്ടോ' എന്ന് ചേർക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. അതായത് ഭാര്യാ ഭർത്താക്കൻമാരുടെ രണ്ട് ഫോട്ടോകൾ വീതം എന്നാണ്. ഒരു ഫോട്ടോ നമ്പർ 1 ലും മറ്റൊന്ന് ഫോറം III ലും പതിക്കേണ്ടതാണ്.

സൂചന 2 ലെ അപേക്ഷയ്ക്ക് മേൽ പറഞ്ഞ പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

വിശ്വസ്തതയോടെ,

ജെ.ആർ. ഗോപകുമാർ
ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ
(അധിക ചുമതല)

പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിവാഹ രജിസ്ട്രേഷൻ - കമ്പ്യൂട്ടർവത്ക്കരണം - മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം.3477/2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 04, 2010.

പരാമർശം :-

1. സ.ഉ. (പി) നം. 01/2008/നിയമം തീയതി 29-02-2008.
2. സ.ഉ. (പി) നം. 16/2009/നിയമം തീയതി 25-06-2009.
3. സ.ഉ. (പി) നം. 22/2009/നിയമം തീയതി 16-09-2009.
4. സ.ഉ. (പി) നം. 02/2010/നിയമം തീയതി 22-02-2010.
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യുടെ 23-07-2009-ലെ 2.9-ം നമ്പർ തീരുമാനം.

ഉത്തരവ്

പരാമർശം (1) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്കനുസൃതമായി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും രജിസ്റ്റർ ചെയ്യപ്പെടുന്ന വിവാഹങ്ങളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനും വിവാഹ സർട്ടിഫിക്കറ്റ് നൽകുന്നതിനും ആവശ്യമായ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുണ്ട്. ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ വിന്യസിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ, കമ്പ്യൂട്ടർവത്കരണം ഫലപ്രദമായി നടപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്നിവയെക്കുറിച്ച് 23-07-2009-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗം ചർച്ച ചെയ്ത് ചില ശുപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച് വിവാഹ രജിസ്ട്രേഷൻ കമ്പ്യൂട്ടർവത്ക്കരണം ഫലപ്രദമായി നടപ്പാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1. വിവാഹത്തിലേർപ്പെട്ട കക്ഷികൾ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടി നിശ്ചിത ഫോറത്തോടൊപ്പം സമർപ്പിക്കുന്ന ഭർത്താവിന്റെയും ഭാര്യയുടേയും ഫോട്ടോ ഡിജിറ്റൈസ് ചെയ്യുന്നതിന് ഒരു സ്കാനർ, വിവാഹ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിന് ഒരു കളർ ലേസർ പ്രിന്റർ എന്നിവ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും വാങ്ങാവുന്നതാണ്.

സ്കാനറിന്റേയും പ്രിന്ററിന്റേയും സ്റ്റാൻഡാർഡ്സ്, സ്പെസിഫിക്കേഷൻ എന്നിവ ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിച്ച് നൽകുന്നതാണ്.

2 സ്കാനർ, പ്രിന്റർ എന്നിവ വാങ്ങിയാലുടൻ തന്നെ പ്രസ്തുത വിവരം ഗ്രാമ പഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ ഇൻഫർമേഷൻ കേരള മിഷൻ ചുമതലപ്പെടുത്തിയിട്ടുള്ള ബ്ലോക്കുതല ടെക്നിക്കൽ അസിസ്റ്റന്റിനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം വിവരം ലഭിയ്ക്കുന്ന മുറയ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സോഫ്റ്റ്വെയർ വിന്യസിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. സ്കാനർ, പ്രിന്റർ എന്നിവ വാങ്ങിയ വിവരവും സോഫ്റ്റ്വെയർ വിന്യസിച്ച വിവരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിനേയും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) പഞ്ചായത്ത് ഡയറക്ടറേയും അറിയിക്കേണ്ടതാണ്.

3. സോഫ്റ്റ്വെയർ വിന്യസിച്ചു കഴിഞ്ഞാൽ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള രജിസ്ട്രേഷൻ സംബന്ധമായ ജോലികൾ സോഫ്റ്റ്വെയർ ഉപയോഗിച്ച് മാത്രമേ നടത്താൻ പാടുള്ളൂ. അതിനുശേഷം യാതൊരു കാരണവശാലും സർട്ടിഫിക്കറ്റുകൾ എഴുതി തയ്യാറാക്കി നൽകാൻ പാടുള്ളതല്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യം ഉറപ്പു വരുത്തേണ്ടതാണ്.

4. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫ്രണ്ട് ഓഫീസിൽ ലഭിയ്ക്കുന്ന വിവാഹ രജിസ്ട്രേഷനുള്ള മെമ്മോറാണ്ടം, ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രിയും ദമ്പതിമാരുടെ ഫോട്ടോ, ഒപ്പ് എന്നിവയുടെ സ്കാനിംഗും നടത്തിയ ശേഷം വിവാഹ രജിസ്റ്ററിന്റെ മാതൃകയിൽ പ്രിന്റൗട്ട് എടുക്കേണ്ടതും അതിൽ ഭാര്യയുടേയും ഭർത്താവിന്റേയും ഒപ്പുകൾ വാങ്ങേണ്ടതുമാണ്. എ4-സൈസ് പേപ്പറിന്റെ ഇരു വശങ്ങളിലുമായി പ്രിന്റ് എടുക്കേണ്ടതും ഇപ്രകാരമുള്ള ഷീറ്റുകൾ ക്രമമായി അടുക്കി ബൈന്റു ചെയ്ത് വിവാഹ രജിസ്റ്ററായി സൂക്ഷിക്കേണ്ടതുമാണ്. ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ രജിസ്ട്രേഷൻ അംഗീകരിക്കുന്നതോടൊപ്പം രജിസ്റ്ററിന്റെ പ്രിന്റൗട്ടിലും നിർദ്ദിഷ്ട സ്ഥാനത്തും രജിസ്ട്രാർ ഒപ്പു വയ്ക്കേണ്ടതാണ്.

5. വെള്ള നിറത്തിലുള്ള 85 GSM എ4-സൈസ് പേപ്പറിന്റെ ഇരു വശങ്ങളിലുമായാണ് സർട്ടിഫിക്കറ്റ് തയ്യാറാക്കേണ്ടത്.

6. ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ വിന്യസിച്ചു കഴിഞ്ഞാൽ ഇലക്ട്രോണിക് ആയി മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ എന്ന വിവരം, വിവാഹം രജിസ്റ്റർ ചെയ്യേണ്ടതിന്റെ അനിവാര്യത, രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ, ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള കാലയളവിൽ അധികരിക്കാതെ കുറഞ്ഞത് എത്ര ദിവസങ്ങൾക്കകം സർട്ടിഫിക്കറ്റ് നൽകാൻ കഴിയും എന്ന വിവരം മുതലായവ തദ്ദേശ സ്വയംഭരണ സ്ഥാപനം പരസ്യപ്പെടുത്തേണ്ടതും ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പൗരാവകാശ രേഖയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയ്ക്കുള്ളിൽ വിവാഹങ്ങൾ നടക്കുന്ന ആഡിറ്റോറിയങ്ങൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ മുതലായ സ്ഥാപനങ്ങളിൽ ഈ വിവരങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

7. ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഉപയോഗിച്ച് സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്നതിന്റെ അധിക ചെലവ് പരിഗണിച്ച്, 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ, ചട്ടം 11 (1) പ്രകാരം സർട്ടിഫിക്കറ്റ് നൽകുന്നതിന് 20/- രൂപ ഫീസ് ഈടാക്കേണ്ടതാണ്.

8. വിവാഹ രജിസ്ട്രേഷൻ സംബന്ധമായ ജോലികളിൽ രജിസ്ട്രാറെ സഹായിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മറ്റൊരു ഉദ്യോഗസ്ഥന് ചുമതല നൽകേണ്ടതാണ്. കാലതാമസം കൂടാതെ സർട്ടിഫിക്കറ്റ് നൽകുന്നുവെന്ന് ഉറപ്പു വരുത്തുന്നതുൾപ്പെടെ രജിസ്ട്രേഷൻ സംബന്ധമായ എല്ലാ ജോലികളും സമയബന്ധിതമായി നടപ്പാക്കേണ്ട ഉത്തരവാദിത്തം ഇപ്രകാരം ചുമതല നൽകപ്പെട്ട ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

9. വിവാഹ രജിസ്ട്രേഷൻ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനാവശ്യമായ സ്കാനർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് വികസന/തനത്/ജനറൽ പർപ്പസ് ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
എസ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

4

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
8. എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും.
9. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
10. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.
11. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും.

(8-11) പഞ്ചായത്ത് ഡയറക്ടർ മുഖേന

12. ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
13. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
4. തദ്ദേശ സ്വയംഭരണ (ഡി.എ)/(ഡി.ബി)/(ഡി.ഡി)/(എഫ്.എം) വകുപ്പുകൾക്ക്.

user *

Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

GOVERNMENT OF KERALA

നം.63882/ആർ.സി.3/2010/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 28-02-2011.

സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - മിശ്രവിവാഹ രജിസ്ട്രേഷൻ - വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹ രജിസ്ട്രേഷൻ - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന : 29-02-2008-ലെ സ.ഉ. (അച്ചടിച്ചത്) നം.01/2008/നിയമം.

...

സംസ്ഥാനത്ത് നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, 29-02-2008-ലെ സ.ഉ. (അ) നം.01/2008/നിയമം. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ ഏതെങ്കിലും ഒരു മതവിഭാഗത്തിലുള്ള ആരാധനാലയത്തിൽ വെച്ച് വിവാഹിതരാവുകയും സൂചനയിലെ വിവാഹ രജിസ്ട്രേഷൻ നിയമ പ്രകാരം വിവാഹ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്യുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. ഒരേ മതവിഭാഗത്തിലുള്ളവർ തമ്മിലുള്ള വിവാഹം അവർക്ക് ബാധകമായിട്ടുള്ള വ്യക്തി നിമയ പ്രകാരമാണ് രജിസ്റ്റർ ചെയ്യേണ്ടത്. എന്നാൽ വ്യത്യസ്ത മതവിഭാഗത്തിലുള്ളവർ തമ്മിലുള്ള വിവാഹം രജിസ്റ്റർ ചെയ്യേണ്ടത് 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റിൻ കീഴിലാണ്. അപ്രകാരമുള്ള വിവാഹങ്ങൾ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്ക് [illegible] കീഴിൽ രജിസ്റ്റർ ചെയ്യുന്നത് നിയമാനുസൃതവുമല്ല.

3. മേൽ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തദ്ദേശ വിവാഹ രജിസ്ട്രാർമാർ കൃത്യമായും പാലിക്കേണ്ടതാണ്.

(ഒപ്പ്)
എസ്.എം.വിജയാനന്ദ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

(മറുപുറം)

കേരള സർക്കാർ

നമ്പർ 52575/ആർസി/07തസ്വഭവ.

തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ്
തിരുവനന്തപുരം, തിയ്യതി 19.12.2007

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം : തദ്ദേശ സ്വയം ഭരണ വകുപ്പ് - വിവാഹ രജിസ്ട്രേഷൻ - സംബന്ധിച്ച്.

സൂചന : താങ്കളുടെ 02.11.07 ലെ ബി3- 23815/07 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1996 ലെ ഹിന്ദു വിവാഹ ആക്ടിന്റെ 5-ാം വകുപ്പ് പ്രകാരം രണ്ട് ഹിന്ദുക്കൾ തമ്മിൽ ഏർപ്പെടുന്ന വിവാഹത്തെയാണ് ഉദ്ദേശിക്കുന്നത്. ഹിന്ദു വിവാഹ ആക്ട് ബാധമാക്കിയിട്ടുള്ള പ്രദേശത്തുവെച്ച് രണ്ട് ഹിന്ദുക്കൾ തമ്മിൽ ഹിന്ദു മതാചാര പ്രകാരം നടത്തുന്ന എല്ലാ വിവാഹങ്ങളും പ്രസ്തുത ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ശ്രീമതി നിത്യാദാസും ശ്രീ അരവിന്ദ് സിംഗും ജംഗാളും തമ്മിലുള്ള വിവാഹം വിവാഹം രണ്ട് ഹിന്ദുക്കൾ തമ്മിൽ ഹിന്ദു മതാചാരപ്രകാരം 1955-ലെ ഹിന്ദു വിവാഹ ആക്ട് ബാധമാക്കിയിട്ടുള്ള സ്ഥലത്തുവെച്ച് നടത്തിയിട്ടുള്ളതിനാൽ പ്രസ്തുത വിവാഹം ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

വിശ്വസ്തതയോടെ,

വി.ശോഭ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

കേരള സർക്കാർ

നമ്പർ.82968/ആർ.സി.3/2008/ത.സ.ഭ.വ. തദ്ദേശ സ്വയം ഭരണ (ആർ.സി)വകുപ്പ്.
തിരുവനന്തപുരം, തീയതി 19.12.2009.

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി,

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് - വിവാഹ രിജിസ്ട്രേഷൻ - പേര് മാറിയത് സംബന്ധിച്ച്.

സൂചന:- താങ്കളുടെ 22.23.2008 ലെ ബി2-23198/08 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1957 - ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 9-ൽ ഒരു പരിശോധന ഉദ്യോഗസ്ഥന്റെ സമ്മതത്തോടു കൂടിയല്ലാതെ രജിസ്റ്ററിലെ ഉൾക്കുറിപ്പുകളിൽ യാതൊരു തിരുത്തലും വരുത്താൻ പാടില്ലത്തതും പേര്, വയസ്സ്, തീയതി എന്നിവ പോലുള്ള വസ്തുതാപരമായ വിവരങ്ങളിൽ സ്ഥിരമായ മാറ്റങ്ങൾ രജിട്രാർ ജനറലിന്റെ അനുമതി ലഭിച്ചതിനു ശേഷം മാത്രം വരുത്തേണ്ടതുമാണെന്ന് വ്യവസ്ത ചെയ്തിട്ടുണ്ട്. ഇപ്പോൾ പേര് തിരുത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ രജിസ്ട്രാർ ജനറൽ ആവശ്യമായ അന്വേഷണം നടത്തിയ ശേഷവും ബോദ്ധ്യമായ തെളിവുകൾ ഹാജരാക്കുന്ന പക്ഷവും അപ്രകാരം തിരുത്തൽ വരുത്തുന്നതിനായി അനുമതി നൽകാവുന്നതാണ്.

ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളുടെ ചട്ടം 6 പ്രകാരം നിർബന്ധിത രജിസ്ട്രേഷൻ പ്രദേശത്ത്, ആചാര പ്രകാരമുള്ള ഒരു വിവാഹം കഴിഞ്ഞതിനു ശേഷം, കഴിയുന്നത്ര വേഗവും 15 ദിവസങ്ങൾക്കുള്ളിലും ഭർത്താവ് വിവാഹത്തെക്കുറിച്ച് ഒരു റിപ്പോർട്ട് 1-ാം നമ്പർ ഫാറത്തിൽ

(അസ്സലിലും ഡ്യൂപ്ലിക്കേറ്റിലും) ആചാര പ്രകാരം വിവാഹം നടന്ന പ്രദേശത്ത് അധികാരിതയുള്ള തദ്ദേശ രജിസ്ട്രാർക്ക് നൽകുകയോ അല്ലെങ്കിൽ നൽകാൻ ഇടയാക്കുകയോ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1-.ാം നമ്പർ ഫാറത്തിൽ പറഞ്ഞിരിക്കുന്ന റപ്പോർട്ടിൽ - വിവാഹ സമയത്ത് വധു മൈനറാണെങ്കിൽ നിയമനാസ്യത രക്ഷകർത്താവിന്റെ ഒപ്പ് - എന്നൊരു വാചകവുമുണ്ട്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുമായി വിവാഹത്തിൽ ഏർപ്പെടുന്ന പ്രായപൂർത്തിയായ പുരുഷനേയും വിവാഹം നടത്തിക്കൊടുക്കുന്ന രക്ഷാകർത്താക്കളേയും ശിക്ഷിക്കുന്നതിന് 2006 ലെ ശൈശവ വിവാഹ നിരോധ നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിലും ശൈശവ വിവാഹങ്ങൾ അസാധുവല്ല.

ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭാര്യ മൈനറാണെങ്കിൽ നിയമാനുസ്യത രക്ഷകർത്താവിന്റെ സമ്മതത്തോടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥയുള്ളതിനാൽ അത്തരം വിവാഹങ്ങൾ അസാധുവാകുന്നില്ല. മുപ്പത് വർഷങ്ങൾക്ക് മുമ്പ് നടന്ന വിവാഹ രജിസ്ട്രേഷനായതിനാൽ ടി രജിസ്ട്രേഷന്റെ അപാകതകളെ സംബന്ധിച്ച് ഇപ്പോൾ നടപടി കൈക്കൊള്ളുവാൻ സാധിക്കുകയില്ല എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ലതാ പണിക്കർ,
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

കീഴെഴുത്ത് നമ്പർ. എ6 - 1269/98 (1) തീയ്യതി : 19.06.2010.

പകർപ്പ് അറിവിനായി എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും അയക്കുന്നു.

ഒപ്പ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കാസറഗോഡ്.

ആർ/-